بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാള്യം 5

ലക്കം 43

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2020 ഒക്ടോബർ 22/ഹി.ശം. 1399 അഖാഅ് 22/1442 റബീഉൽ അവ്വൽ 04


## അല്ലാഹുവിന്റെ വചനം

اَفَلَا یَتَدَبَّرُوۡنَ الۡقُرۡاٰنَ ؕ
وَلَوۡ کَانَ مِنۡ عِنۡدِ غَیۡرِ اللّٰہِ
لَوَجَدُوۡا فِیۡہِ اخۡتِلَافًا کَثِیۡرًا

(النساء:83)

'അപ്പോൾ അവർ ഖുർആനെ സംബന്ധിച്ച് ചിന്തിക്കുന്നില്ലേ? അത് അല്ലാഹു അല്ലാത്ത (മറ്റു വല്ല)വരിൽനിന്നുമുള്ളതായിരുന്നെങ്കിൽ തീർച്ചയായും അവരതിൽ വളരെയധികം വൈരുദ്ധ്യങ്ങൾ കണ്ടെത്തുമായിരുന്നു.'(4:83)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബി(സ)യുടെ സാരോപദേശം:

☼ (807). അബ്ദുല്ലാഹ് ബിൻ മാലിക്(റ)നിവേദനം. നബി(സ)തിരുമേനി സുജൂദ് ചെയ്യുമ്പോൾ കക്ഷത്തിലെ വെളുപ്പ് വ്യക്തമാകുന്നതുവരെ ഇരു കൈകളും വിടർത്തിവെക്കാറുണ്ട്.'

☼ (822).ഹദ്റത്ത് അനസ് ബിൻ മാലിക്(റ)നിവേദനം. നബി(സ) പറഞ്ഞു: 'നിങ്ങൾ സുജൂദിൽ മധ്യമാർഗം കൈക്കൊള്ളുവിൻ. നായ അതിന്റെ മുഴംകൈകൾ നിലത്തോടു ചേർത്തു വെക്കുംപോലെ നിങ്ങളും കൈകൾ സുജൂദിൽ നിലത്തോടു ചേർത്തുവെക്കരുത്.'

☼(829). ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ബുഹയ്ന(റ) നിവേദനം. 'നബി(സ)തിരുമേനി ജനങ്ങൾക്ക് ഇമാമായി നിന്നുകൊണ്ട് ളുഹ്ർ നമസ്കരിച്ചു. അന്നേരം അത്തഹിയ്യാത്തിനുവേണ്ടി ഇരിക്കാതെ രണ്ടു റക്അത്ത് നമസ്കരിച്ചു കഴിഞ്ഞുടനെ എഴുന്നേറ്റുനിന്നു. നബി(സ) നമസ്കാരം നിർവഹിച്ചു കഴിയാറാകുകയും അവിടന്ന് സലാം ചൊല്ലി നമസ്കാരത്തിൽനിന്ന് വിരമിക്കുന്നത് ആളുകൾ പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയും ചെയ്യവേ, അവിടന്ന് ഇരുത്തത്തിൽത്തന്നെ തക്ബീർ ചൊല്ലിക്കൊണ്ട് സലാം ചൊല്ലുന്നതിനുമുമ്പേ രണ്ടു സുജൂദ് ചെയ്തു. പിന്നീട് സലാം ചൊല്ലി.'(ബുഖാരി, കിതാബുൽ അദാൻ, പ്രസാധകർ, ഖാദിയാൻ 2006)

## ഈ ലക്കത്തിൽ


ഖുത്ബ ജുമുഅ 2020 സെപ്റ്റംബർ 18 (സമ്പൂർണ തർജമ)

2020 ലണ്ടൻ ജൽസ സാലാന പ്രഭാഷണം (അവസാന ഭാഗം)


## രിസ്ഖെ ഇബ്തലാ അല്ലാഹുവിൽനിന്ന് മനുഷ്യനെ അകറ്റിക്കൊണ്ടുപോകുന്നു. അവസാനം നശിപ്പിക്കുകയും ചെയ്യുന്നു.

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### ആത്മീയമായ ശക്തികളുടെമേൽ ആരാധ്യന്റെ സ്വാധീനം

മനുഷ്യന്റെ ആത്മീയമായ ശക്തികളുടെമേൽ അവന്റെ ആരാധ്യന്റെ വലിയ സ്വാധീനം പതിയുന്നു. നോക്കൂ! ഏതെങ്കിലും ഹിന്ദു വരികയാണെങ്കിൽ ദൂരത്തുനിന്നുതന്നെ അവനിൽനിന്ന് അശ്രദ്ധയുടെ മണം വരുന്നു. എന്തുകൊണ്ട്? കാരണം അവർ സ്വയം ഉണ്ടാക്കിവെച്ചിട്ടുള്ള ആരാധ്യനും അതേപോലെ അശ്രദ്ധനാണ്. ഒരു ഇംഗ്ലീഷുകാരന്റെ ഭക്ഷണത്തിനുള്ള മണിപോലെ മണിയടിക്കുന്നില്ലെങ്കിൽ അവൻ ഉണരുകതന്നെയില്ല. ഇക്കാരണത്താലാണ് ദൈവജ്ഞാനവും രോഗശമനവും ലഭിക്കുന്ന ആത്മീയമായ ജീവിതത്തിൽനിന്ന് ഇവർ പിന്തള്ളപ്പെട്ടിരിക്കുന്നത്. എന്നാൽ, ഭൗതികമായ നിലയിൽ വലിയ മുതലാളിമാരും നല്ല സംതൃപ്താവസ്ഥയിലുള്ളവരുമാണ്.

### രിസ്ഖെ ഇബ്തലായും രിസ്ഖെ ഇസ്ത്വിഫായും

രിസ്ഖ് അഥവാ ഉപജീവനം രണ്ടുതരത്തിലുണ്ടെന്നതാണ് യഥാർഥകാര്യം. ഒന്നു രിസ്ഖെ ഇബ്തലാ രണ്ട് രിസ്ഖെ ഇസ്ത്വിഫാ. ഇബ്തലാ രിസ്ഖ് എന്നു പറയുന്നത്, അല്ലാഹുവുമായി ബന്ധമൊന്നുമില്ലാത്തതാണ്. എന്നല്ല ഈ രിസ്ഖ് അല്ലാഹുവിൽനിന്ന് മനുഷ്യനെ അകറ്റിക്കൊണ്ടുപോകുന്നു. അവസാനം നശിപ്പിക്കുകയും ചെയ്യുന്നു. ഇതിലേക്ക് സൂചന നല്കിക്കൊണ്ടാണ് അല്ലാഹു പറയുന്നത് *ലാ തുൽഹിക്കും അംവാലുക്കും*(63:10) നിങ്ങളുടെ സമ്പത്ത് നിങ്ങളെ നശിപ്പിക്കാതിരിക്കട്ടെ. ഇസ്ത്വിഫാ രിസ്ഖ് അല്ലാഹുവിനു വേണ്ടിയുള്ളതായിരിക്കണം. അത്തരക്കാരുടെ ജാമ്യക്കാരൻ അല്ലാഹുവാകുന്നു. എന്തൊന്നാണോ അവന്റെ കൈയിലുള്ളത് അത് അല്ലാഹുവിന്റേതുതന്നെയാണെന്ന് അവൻ മനസ്സിലാക്കുന്നു. തന്റെ കർമംകൊണ്ട് സ്ഥാപിച്ചുകാണിക്കുകയും ചെയ്യുന്നു. സ്വഹാബത്തിന്റെ അവസ്ഥ നോക്കുക! പരീക്ഷണത്തിന്റെ നേരം വന്നപ്പോൾ എന്താണോ കൈയിലുണ്ടായിരുന്നത് അല്ലാഹുവിന്റെ വഴിയിൽകൊടുത്തു. ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ) ഏറ്റവുമാദ്യം കമ്പിൾ പുതച്ച് വന്നു. പിന്നീട് ആ കമ്പിളിന്റെ പ്രതിഫലം എന്താണ് അല്ലാഹു കൊടുത്തത്? അദ്ദേഹം ആദ്യത്തെ ഖലീഫയായി. പറഞ്ഞതിന്റെ ചുരുക്കം, യഥാർഥമായ ഗുണം, നന്മയും ആത്മീയമായ ആസ്വാദനവുംകൊണ്ട് ഭാഗ്യവാനാകുന്നതിന് അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കപ്പെടുന്ന സമ്പത്തുമാത്രമെ പ്രയോജനപ്പെടുകയുള്ളു എന്നാണ്.**(മൽഫൂദാത്ത് വാള്യം 1, പേജ് 194 – 195, പ്രസാധകർ ഖാദിയാൻ 2018)**

## മുഴുവൻ ജനതയുടേയും സ്വഭാവഗുണം ഒരാൾ മരിച്ചാൽ അയാളുടെ മക്കളെ ആരുനോക്കുമെന്ന ചോദ്യമുയരാത്തവിധമുള്ളതായിരിക്കേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'അനാഥരെ സംരക്ഷിക്കുകയും വിധവകളോടു നല്ല രീതിയിൽ പെരുമാറുകയും ചെയ്യുക എന്നത് സമൂഹത്തിൽ ധൈര്യവും ധീരതയും ഉണ്ടാക്കുന്ന രണ്ടു കാര്യങ്ങളാണ്. ഇക്കാര്യം സമൂഹത്തിൽ നിലവിലില്ലെങ്കിൽ പ്രത്യുത അതിനു വിരുദ്ധമായി അതിലെ ആളുകളുടെ മാതൃക, യത്തീമുകളെ വെക്കുകയും അവരെ ജോലിക്കാരാക്കിക്കൊണ്ട് വേലക്കാരെക്കാൾ മോശപ്പെട്ട അവസ്ഥയിൽ അവരോടു പെരുമാറുകയും നിസാരകാര്യങ്ങളിൽ അവരുടെ കരണത്തടിക്കാൻ തയ്യാറാവുകയും ചെയ്യുന്നെങ്കിൽ, മരിക്കാൻ ആഗ്രഹിക്കാത്തതായി ആരാണുണ്ടാകുക. ഓരോരുത്തരും ഭയപ്പെടുന്നതായിരിക്കും. ഓരോരുത്തരും മരണത്താൽ പരിഭ്രമിക്കുന്നതായിരിക്കും. തന്റെ മരണം തന്റെ മക്കളുടെ മരണമാണെന്ന് മനസ്സിലാക്കുകയും ചെയ്യും. എന്റെ മരണം എന്റെ ഭാര്യയുടെ മരണമായിരിക്കും. ഞാൻ മരിക്കുകയാണെങ്കിൽ എങ്ങനെ? ജീവൻ നല്കുകയാണെങ്കിൽ എന്തിന്? അതുകൊണ്ട് സമൂഹത്തിന്റെ മുഴുവൻ സ്വഭാവമായിത്തീരേണ്ട നിർബന്ധമായ കാര്യം ആരെങ്കിലും മരച്ചാൽ അയാളുടെ മക്കളെ ആര് നോക്കുമെന്ന ചോദ്യം ഉണ്ടാകരുതെന്നതാണ്. എന്നല്ല ജനങ്ങൾ അവിടെ ഓടിപ്പോകുകയും ആ കുട്ടികളെ തങ്ങളോടു ചേർക്കുകയും തങ്ങളുടെ വീടുകളിൽ കൊണ്ടുവരികയും തങ്ങളുടെ മക്കളെപ്പോലെ എന്നല്ല അതിനെക്കാളുപരി സ്നേഹത്തോടും പ്രീതിയോടും മൃദുഭാവത്തോടും വാത്സല്യത്തോടുംകൂടി അവരോടു പെരുമാറുകയും ചെയ്യട്ടെ.

നബി(സ)തിരുമേനിയുടെ കാലത്ത് നടന്ന ഒരു സംഭവമുണ്ട്. ഒരു കുട്ടി യത്തീമായി. അപ്പോൾ ചില സ്വഹാബാക്കൾ പരസ്പരം വഴക്കിടാൻ തുടങ്ങി. ഒരാൾ പറയുന്നു, ആ കുട്ടിയെ താൻ വളർത്തുമെന്ന്. മറ്റൊരാൾ പറയുന്നു അവനെ താൻ വളർത്തുമെന്ന്. അവസാനം നബി(സ)തിരുമേനിയുടെ അടുത്ത് പ്രശ്നമെത്തി. കുട്ടിയെ തന്റെയടുത്ത് കൊണ്ടുവരാൻ അവിടന്ന് പറഞ്ഞു. 'അവനാരെയാണോ ഇഷ്ടപ്പെടുന്നത് അയാളുടെ കൂടെ അവനെ അയക്കുക.' എന്നാൽ, ഇന്നത്തെ അവസ്ഥ എന്താണ്? ആരെങ്കിലും മരണാസന്നനായാൽ അവന്റെ ജീവിതത്തിലെ അവസാനനിമിഷമുണ്ടാകുന്ന ഏറ്റവും വലിയ ചിന്തയും വിഷമവും തനിക്കുശേഷം തന്റെ ഭാര്യയുടേയും മക്കളുടേയും അവസ്ഥ എന്തായിരിക്കുമെന്നതായിരിക്കും. ആരാണ് അവരെ നോക്കുക? ആരാണ് അവരെ സംരക്ഷിക്കുക? ആരാണ് അവരെ സ്നേഹത്തോടും വാത്സല്യത്തോടും കൂടി കൊണ്ടു

(ശേഷം പേജ് 12ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

**2019-2020ൽ അഹ്മദിയ്യാ ജമാഅത്തിനുമേൽ ഇറങ്ങിയ അതിരറ്റ ദൈവാനുഗ്രഹങ്ങളുടേയും സഹായങ്ങളുടേയും മഹത്തായ അടയാളങ്ങളിൽനിന്നുളള ഈമാൻ ദൃഢീകരിക്കുന്ന ചില സംഭവങ്ങളുടെ ചർച്ച.**

കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ 98 രാജ്യങ്ങളിൽനിന്നുളള 220 ജനതകളുമായി ബന്ധം വെക്കുന്ന ഒരു ലക്ഷത്തി പന്ത്രണ്ടായിരത്തി ഒരുന്നൂറ്റി എഴുപത്തി ഒമ്പത്(112179)ആളുകൾ അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്ലാമിൽ ചേർന്നു.

ലോകത്തിലെ വിവിധ രാജ്യങ്ങളിൽ താമസിക്കുന്ന വ്യത്യസ്ത വർണക്കാരും വർഗക്കാരുമായവരുടെ അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്ലാം സ്വീകരിച്ചതിന്റെ ഈമാൻ ദൃഢീകരിക്കുന്ന സംഭവങ്ങൾ

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ 16 ഗ്രന്ഥങ്ങളുടെ ഹിന്ദി തർജമയുടെ പ്രകാശനം, റൂഹാനീ ഖസാഇൻ വാല്യം 20 ലെ 6 ഗ്രന്ഥങ്ങളുടേയും തഫ്സീറെ കബീർ വാല്യം ഒന്നിന്റെ അറബീ തർജമ യുടെ പൂർത്തീകരണവും.

ലോകം മുഴുവൻ സമാധാനഭരിതവും യഥാർഥവുമായ ഇസ്ലാമിന്റെ സന്ദേശ പ്രചാരണത്തിന് എം.ടി.എയുടെ എല്ലാ ചാനലുകളുടേയും അതുല്യമായ സേവനങ്ങളുടെ ചർച്ച.

നടപ്പുവർഷം പുതിയ രണ്ടു റേഡിയോ സ്റ്റേഷനുകളുടെ വർധന

എം.ടി.എ ഇന്റർനാഷണലിന്റെ 24 മണിക്കൂർ സംപ്രേഷണത്തിനുപുറമെ 84 രാജ്യങ്ങളിൽ ടി.വി.യിലും റേഡിയോ ചാനലുകളിലും പതിനൊന്നായിരത്തി അറുപത്തിമൂന്ന് ടി.വി പ്രോഗ്രാമുകളിലൂടെ ആറായിരത്തി എണ്ണൂറ്റി നാല്പത്തി രണ്ട് മണിക്കൂർ-റേഡിയോകളിൽ പതിനെട്ടായിരത്തി നാന്നൂറ്റി എൺപത്തി മണിക്കൂർ- അടങ്ങിയ ഇരുപത്തിരണ്ടായിരിത്തി ഒരുനൂറ്റി അറുപത്തിയേഴ് പ്രോഗ്രാം സംപ്രേഷണം ചെയ്തു. ഒരു നിഗമനം അനുസരിച്ച് ടി.വി റേഡിയോ മുഖേന 52 കോടി ആളുകൾവരെ അഹ് മദിയ്യത്ത് അഥവാ യഥാർഥ ഇസ്ലാമിന്റെ സന്ദേശമെത്തി .

നടപ്പുവർഷം 80 രാജ്യങ്ങളിൽ മൊത്തം ഒരുലക്ഷത്തി പതിനെട്ടായിരം നവഅഹ്മദികളുമായി ബന്ധമുണ്ടായി, മൂവായിരത്തി എണ്ണൂറ്റി തൊന്നൂറ്റിയൊന്ന് ജമാഅത്തുകളിൽ നവഅഹ്മദികൾക്കുവേണ്ടി തർബിയ്യത്തി ക്ലാസുകൾ സംഘടിപ്പിച്ചു, ഒരു ലക്ഷത്തിലേറെ നവഅഹ്മദികൾ ആ ക്ലാസുകളിൽ പങ്കെടുത്തു, 124 ഇമാമുമാരുടെ പരിശീലനം.

തഹ്രീക്കെ വഖ്ഫെ നൗ, റിവ്യൂ ഓഫ് റിലീജ്യൺസ്, അൽഫള്ൽ ഇന്റർ നാഷണൽ, അൽഹക്കം വീക്കിലി, പ്രസ്സ് & മീഡിയ ഓഫീസ്, മഖ്സനെ തസ്വാവീർ വകുപ്പ്, അഹ്മദിയ്യ archives& റിസർച്ച് സെന്റർ, അൽഇസ്ലാം വെബ്സൈറ്റ്, അഹ്മദിയ്യ ടെലിവിഷൻ, റേഡിയോപ്രോഗ്രാമുകൾ തുടങ്ങിയവയുടെ ഹ്രസ്വ റിപ്പോർട്ട്.

ഇന്റർനാഷണൽ അസോസിയേഷൻ ഓഫ് അഹ്മദിയ്യാ ആർക്കിടെക്സു മുഖേന ഇതുവരെ 19 മോഡൽവില്ലേജുകളുടെ സ്ഥാപനവും ഹ്യൂമാനിറ്റിഫസ്റ്റിന്റെ മാനവസേവനമടങ്ങിയ അതുല്യമായ പ്രവർത്തനവും

ഇതുവരെ മൊത്തം 15315 ആളുകൾക്ക് സൗജന്യമായി ഓപ്പറേഷൻ ചെയ്തു.

**യു.കെ ജൽസാസാലാനയിൽ അമീറുൽമുഅ്മിനീൻ അയ്യദഹുല്ലാഹ് 2020 ആഗസ്റ്റ് 9/ഹി:ശംസി 1399 ള്വുഹൂർ 9ന് ഐവാനെ മസ്റൂർ, ഇസ്ലാമാബാദ്, ടിൽഫോർഡ്(സർറെ)യു.കെയിൽ ചെയ്ത പ്രഭാഷണം.**

(തുടർച്ച..)**അഹ്മദിയ്യാ റേഡിയോ നിലയങ്ങൾ:** നടപ്പുവർഷം രണ്ടു റേഡിയോ നിലയങ്ങൾകൂടി സ്ഥാപിച്ചു. ഇപ്പോൾ അഹ്മദിയ്യാ ജമാഅത്തിന്റെ റേഡിയോനിലയങ്ങളുടെ എണ്ണം 27 ആയിക്കഴി ഞ്ഞിരിക്കുന്നു. ഇവയിൽ 17 എണ്ണം മാലിയിലാണ്. ബുർക്കിനോ ഫാസോയിലും സിറാലിയോണിലും ടൻസാനിയായിലും ഗാംബിയായിലും റേഡിയോ നിലയങ്ങളുണ്ട്. ഇവിടെ യു.കെ.യിൽ വോയ് സ് ഓഫ് ഇസ്ലാമും വളരെ നല്ല രീതിയിൽ പ്ര വർത്തിച്ചുവരുന്നു.

നടപ്പുവർഷം 2019ൽ കോംഗോ കിൻഷാസ(Congo Kinshasa)യിലും റേഡിയോ ഇസ്ലാമിക് അഹ്മ ദിയ്യ എന്ന പേരിൽ ആദ്യത്തെ റേഡിയോ നിലയം തുടങ്ങാൻ തൗഫീഖ് കിട്ടി. അവിടുത്തെ മുത്താദി റീജ്യണിലെ മുബല്ലിഗ് എഴുതുന്നു: 'റേഡിയോ അഹ്മദിയ്യാ കോംഗോയുടെ ഉദ്ഘാടനത്തിൽ പ്ര ദേശത്തെ തദ്ദേശ ചർച്ചിലെ വലിയ പാതിരി ഇസ് ഹാഖ് സാഹിബും പങ്കെടുത്തു. അവിടെ ഇസ് ലാം അഹ്മദിയ്യത്തിന്റെ യഥാർഥ അധ്യാപനങ്ങൾ കേട്ട് പറഞ്ഞു: ഞാൻ ഈ കസബയിലെ മുസ്ലി മീങ്ങളിൽനിന്ന് കഴിഞ്ഞ ശതവർഷങ്ങളായി പഠി ച്ചത് ഇസ്ലാം ഇന്ദ്രജാലത്തിന്റേയും ഉറുക്കുകെ ട്ടുന്നതിന്റെയും നേർച്ചകൾ തുടങ്ങിയവയുടെയും പേരാണെന്നാണ്. അതുകൊണ്ട് ഇസ്ലാമിലേക്ക് ഒരിക്കലും ശ്രദ്ധ ഉണ്ടായിട്ടില്ല. എന്നാൽ, ഇവിടെ സാഹോദര്യത്തിന്റേയും സഹതാപത്തിന്റേയും സ്നേഹത്തിന്റേയും പ്രീതിയുടേയും ബോധത്തി ന്റേയും ഇസ്ലാമികാധ്യാപനങ്ങൾ വിവരിച്ചപ്പോൾ അത് എന്റെ കഴിഞ്ഞകാല ജീവിതത്തിന്റെ അനുഭ വത്തെ അപ്പാടെ മാറ്റിമറിച്ചിരിക്കുന്നു. അഹ്മദിയ്യാ റേഡിയോ മുഖേന ഞങ്ങൾക്ക് ഇനി ഇസ്ലാമി നെക്കുറിച്ച് കൂടുതൽ അറിയാൻ ഭാഗ്യം കിട്ടും എന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്.

ബുർക്കിനാ ഫാസോ(Burkina Faso)യിലെ 'ബാന ഫൂറ' റീജ്യണിലെ മുബല്ലിഗ് എഴുതുന്നു: നഗര ത്തിലെ തദ്ദേശ റേഡിയോയിൽ ജമാഅത്തിന്റെ പരിപാടികൾ പ്രക്ഷേപണം ചെയ്യുന്നു. അതിൽ തത്സമയ പരിപാടികളുമുണ്ട്. ഒരു ദിവസം ഒരാൾ ഫോണിലൂടെ പറഞ്ഞു, 'ഞാൻ 'ബാനഫൂറ'വാ സിയാണ്. ഞാൻ പതിവായി ജമാഅത്തിന്റെ പ്ര ബോധനപരിപാടി കേൾക്കുന്നു. അഹ്മദിയ്യത്ത് തന്നെയാണ് യഥാർഥ ഇസ്ലാമെന്ന് എനിക്ക് വ്യക്തമായി കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് ഞാൻ നിങ്ങളെ കാണാനാഗ്രഹിക്കുന്നു. അഹ്മ ദിയ്യത്തിൽ ചേരാൻ ആഗ്രഹിക്കുന്നു. കാരണം ഇക്കാലത്ത് ജമാഅത്തിനെ കൂടാതെ ഒരിടത്തും ഇസ്ലാമിന്റെ ശരിയായ മാതൃക കാണാൻ കഴിയു ന്നില്ല. എല്ലാ ഓരോരുത്തരും തമ്മിലുള്ള അഭിപ്രാ യഭിന്നതകൾ വളരെ ശക്തമാണ്. ഇതിൽനിന്ന് ഞങ്ങൾക്കൊരിക്കലും പുറത്തുകടക്കാൻ സാധി ക്കുകയില്ല. അതുകൊണ്ട് ഇന്ന് യഥാർഥ സമാ ധാനം അഹ്മദിയ്യത്തിൽ മാത്രമാണുള്ളത്.'

കോംഗോ കിൻഷാസാ(Congo kinshasa)യിലെ ഒരു സ്ഥലത്തെ മുഅല്ലിം എഴുതുന്നു: അഹ്മ ദിയ്യാ റേഡിയോ നിലയത്തിലെ സെക്യൂരിറ്റി ഉ ദ്യോഗസ്ഥൻ ഒരു ദിവസം 'ദി ട്രൂ സ്റ്റോറി ഓഫ് ജീസസ്'എന്ന ജമാഅത്തിന്റെ ഗ്രന്ഥം വായിക്കു കയായിരുന്നു. ആ നേരത്ത് റീഫാറം ചർച്ചിന്റെ പാതിരി അതുവഴി പോയി. അദ്ദേഹത്തിന്റെ ദൃഷ്ടി ഗ്രന്ഥത്തിൽ പതിഞ്ഞപ്പോൾ, ഇതെന്താണ് വായിക്കുന്നതെന്ന് അദ്ദേഹം ചോദിച്ചു. ഈസാ സാഹിബ് ഗ്രന്ഥം കാണിച്ചു. അതിന്റെ ശീർഷകം കണ്ടുടനെ പാതിരി സാഹിബിന് അതിനോടു താ ൽപര്യമുണ്ടായി. വായിക്കുന്നതിനുവേണ്ടി അ ദ്ദേഹം പുസ്തകം ചോദിച്ചു. അടുത്ത ദിവസം റേഡിയോ നിലയത്തിൽ വരികയും ഇസ്ലാമി ലുള്ള ഈസാ(അ)യുടെ ജീവിതത്തെക്കുറിച്ച് ഒരുപാട് ചോദ്യങ്ങൾ ചോദിക്കുകയും ചെയ്തു. അദ്ദേഹത്തിന് തൃപ്തികരമായ മറുപടി കിട്ടിയ പ്പോൾ വളരെ വേദനയോടെ പറഞ്ഞു, 'ഹദ്റത്ത് ഈസാ(അ)യുടെ യഥാർഥ സ്ഥാനമിതാണ്. ഇ താണ് യഥാർഥ സംഭവങ്ങളും; അതു പൊതുജ നങ്ങളുടെ ദൃഷ്ടിയിൽനിന്ന് മറഞ്ഞുകിടക്കുന്നു. ഞാനെവിടെയാണോ ഇപ്പോഴുള്ളത് അവിടെനി ന്ന് വിടുക എന്നത് ദുഷ്കരമാണ്. ധൈര്യമു ണ്ടായിരുന്നെങ്കിൽ ക്ഷണത്തിൽ ജമാഅത്തിൽ ചേർന്ന് പ്രബോധന പരിപാടി ആരംഭിക്കുമായി രുന്നു. പക്ഷേ, നിർബന്ധിതനാണ്.' എന്നിട്ടു പ റഞ്ഞു, 'ദുആ ചെയ്യുക. എനിക്ക് ഈമാനിക ശക്തി ലഭിക്കുമാറാകട്ടെ. ഞാൻ ദുൻയാവുമായി പോരാടി യഥാർഥ സന്ദേശം സ്വീകരിക്കുന്നവനാ യിത്തീരട്ടെ.

**മറ്റു ടി.വി പരിപാടികൾ:** എം.ടി.എ ഇന്റർനാഷ ണലിന്റെ 24 മണിക്കൂർ സംപ്രേഷണങ്ങൾക്കു പു റമെ 84 രാജ്യങ്ങളിൽ ടി.വിയിലും റേഡിയോ ചാന ലുകളിലും ഇസ്ലാമിന്റെ സമാധാനഭരിതമായ സന്ദേശമെത്തിക്കാൻ ജമാഅത്തിന് ഭാഗ്യം കിട്ടി. ഈ വർഷം 11063 ടി.വി പരിപാടികളിലൂടെ പരിപാ ടിക്ക് 6842 മണിക്കൂർ സമയം ലഭിച്ചു. റേഡിയോ നിലയങ്ങൾക്കു പുറമെ വിവിധ രാജ്യങ്ങളിൽ റേഡിയോ നിലയങ്ങളിൽ 18479 മണിക്കൂറിലായി 22167 പരിപാടികൾ സംപ്രേഷണം ചെയ്തു. ടിവി യും റേഡിയോയും മുഖേന അവർ കണക്കു കൂ

(ശേഷം പേജ് 9ൽ)

## ഖുത്ബ ജുമുഅ

മക്കയിലെ ആളുകൾ ബിലാലിനെ കാലുകളിൽ കയറുകെട്ടി മക്കയിലെ തെരുവോരങ്ങളിലൂടെ വലിച്ചിഴച്ചിരുന്നു. മക്കയിലെ തെരുവുകളും മക്കയിലെ മൈതാനങ്ങളും ബിലാലിന് സമാധാന സങ്കേതമായിരുന്നില്ല. മറിച്ച് മർദനങ്ങളുടേയും അപമാനത്തിന്റേയും അവഹേളനത്തിന്റേയും ഇടമായിരുന്നു.

മക്കാ വിജയമുണ്ടായപ്പോൾ നബി(സ)തിരുമേനി ബിലാലിന്റെ കൈയിൽ ഒരു പതാക കൊടുത്തിട്ട് ഇപ്രകാരം വിളംബരം ചെയ്തു: മക്കയിലെ മൂപ്പന്മാരേ! നിങ്ങൾ നിങ്ങളുടെ ജീവൻ രക്ഷിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ ബിലാലിന്റെ കൊടിക്കീഴിൽ വരിക. അതായത് ആരുടെ നെഞ്ചത്ത് കയറി നിന്നാണോ, മക്കയിലെ വലിയ വലിയ മൂപ്പന്മാർ നൃത്തം ചെയ്തിരുന്നത്, അദ്ദേഹത്തെ സംബന്ധിച്ച് നബി(സ)തിരുമേനി, മക്കക്കാരോട് പറയുകയാണ്, ഇന്ന് നിങ്ങളുടെ ജീവൻ രക്ഷപെടണമെങ്കിൽ, അതിന് ബിലാലിന്റെ ദാസത്വത്തിൽ വരിക മാത്രമേ നിർവാഹമുള്ളൂ. വാസ്തവത്തിൽ ബിലാൽ അടിമയും അവർ ചൗദരിമാരുമായിരുന്നു.

**ആത്മത്യാഗങ്ങൾ ചെയ്യേണ്ടതായി വരുന്നു. അപ്പോഴാണ് സ്ഥാനം ലഭിക്കുന്നത്. ആത്മത്യാഗങ്ങൾ ചെയ്യുന്നവരുടേയും തുടക്കംമുതൽ കൂറുകാണിക്കുന്നവരുടേയും സ്ഥാനം എന്തായാലും ഉയർന്നതുതന്നെയാണ്; അത് നീഗ്രോഅടിമയായാലും വേണ്ടില്ല, ഏതെങ്കിലും കുലത്തിന്റെ അടിമയായാലുംവേണ്ടില്ല!**

ഈ പ്രതികാരം, യൂസുഫ് ചെയ്ത പ്രതികാരത്തേക്കാൾ മനോഹരമായിരുന്നു. കാരണം യൂസുഫ് തന്റെ പിതാവിനു വേണ്ടിയാണ് സഹോദരങ്ങൾക്ക് മാപ്പ് കൊടുത്തത്. അദ്ദേഹം മാപ്പ് കൊടുത്തത് തന്റെ പിതാവിനു വേണ്ടിയായിരുന്നു. മാപ്പ് കൊടുത്തത് തന്റെ ഉടപ്പിറപ്പുകൾക്കുമായിരുന്നു. എന്നാൽ നബി(സ)തിരുമേനി തന്റെ പിതൃവ്യന്മാർക്കും സഹോദരങ്ങൾക്കും ഒരു അടിമയുടെ ചെരുപ്പിന്റെ അനുഗ്രഹത്തിനു കീഴിൽ മാപ്പാക്കി. അതേ, യൂസുഫ് ചെയ്ത പ്രതികാരത്തിന്, ഇതിന് മുന്നിൽ എന്ത് സ്ഥാനമാണുള്ളത്?

നബി(സ)തിരുമേനി പറഞ്ഞു, 'നമസ്കാരം മറന്നുപോയാൽ, ഓർമ വരുമ്പോൾ നമസ്കരിക്കേണ്ടതാണ്. കാരണം തന്റെ സ്മരണ നിലനിറുത്താൻ നമസ്കരിക്കുക എന്ന് പ്രതാപവാനായ അല്ലാഹു പറയുന്നു.

ഒരിക്കൽ ഹദ്റത്ത് ബിലാൽ, നബി(സ)തിരുമേനിയെ സ്വപ്നത്തിൽ കാണുകയുണ്ടായി. നബി(സ)തിരുമേനി പറഞ്ഞു: 'ബിലാലേ! താങ്കൾ എന്നെ മറന്നുപോയോ? നമ്മുടെ ഖബ്ർ സന്ദർശിക്കാൻ ഒരിക്കലും വന്നില്ലല്ലോ? ഹദ്റത്ത് ബിലാൽ ഉടനെ ഉണരുകയും യാത്രയ്ക്കുള്ള തയ്യാറെടുപ്പ് നടത്തി മദീനയിലേക്ക് പുറപ്പെടുകയും ചെയ്തു.

**റസൂലിന്റെ ബാങ്കുവിളിക്കാരനായ സാബിഖുൽഹബ്ശ സ്വർഗവാസികളിൽപ്പെട്ട ഉന്നതസ്ഥാനീയനായ ബദ്രീ സ്വഹാബി ഹദ്റത്ത് ബിലാൽ ബിൻ റവാഹ(റ)യുടെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച.**

**ഖുത്ബ ജുമുഅ 2020 സെപ്റ്റംബർ 18/1399 തബൂക് 18**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ - اَلْحَمْدُ لِلّٰهِ رَبِّ
الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ - اِهْدِنَا الصِّرَاطَ
الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

ബദ്രി സ്വഹാബാക്കളിൽപ്പെട്ട ഹദ്റത്ത് ബിലാൽ(റ)നെ സംബന്ധിച്ച അനുസ്മരണമാണ് നടന്നുവരുന്നത്. കഴിഞ്ഞ ഖുത്ബയുടെ ബാക്കി കുറച്ചു ഭാഗമുണ്ട്. ഇന്ന് അത് ഞാൻ വിവരിക്കുന്നതാണ്.

ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം. നബി(സ)തിരുമേനി, ഖയ്ബർ യുദ്ധത്തിൽനിന്ന് തിരിച്ചുവരുമ്പോൾ രാത്രി മുഴുവൻ യാത്രയിലായിരുന്നു. നബി(സ)തിരുമേനിയ്ക്ക് ഉറക്കം വന്നപ്പോൾ വിശ്രമിക്കാൻവേണ്ടി ഒരിടത്ത് തമ്പടിച്ചു. തുടർന്ന് ബിലാലിനോട് പറഞ്ഞു, ഇന്ന് രാത്രി നമ്മുടെ നമസ്കാരം താങ്കൾ കാക്കണം. നമ്മുടെ നമസ്കാരം സംരക്ഷിക്കണം എന്ന് പറഞ്ഞതുകൊണ്ടുള്ള വിവക്ഷിതം നമസ്കാര സമയത്തെ കുറിച്ച് കരുതൽ ഉണ്ടായിരിക്കണമെന്നും സുബ്ഹി നമസ്കാരത്തിൽ, തന്നെ ഉണർത്തണമെന്നുമായിരുന്നു. നബി(സ)തിരുമേനി, ബിലാലിനോട് ഇത് പറഞ്ഞപ്പോൾ തന്റെ കഴിവിന്റെ പരമാവധി അദ്ദേഹം രാത്രി നേരത്ത് നഫ്ൽ അനുഷ്ഠിച്ചുകൊണ്ടിരുന്നു. നബി(സ) തിരുമേനിയും സ്വഹാബാക്കളും ഉറങ്ങുകയും ചെയ്തു. അങ്ങനെ സുബ്ഹിയുടെ സമയം സമീപസ്ഥമായപ്പോൾ, പ്രഭാതത്തിന്റെ ഭാഗത്തേക്ക്, അതായത് സൂര്യൻ ഉദിക്കുന്ന ദിക്കിലേക്ക് മുഖം തിരിച്ച് തന്റെ യാത്രാവാഹനത്തിലേക്ക് ചാഞ്ഞുകൊണ്ട് ഇരുന്നു. അവസാനം ബിലാലിനും നല്ല ഉറക്കം വന്നു. അദ്ദേഹം തന്റെ ഒട്ടകത്തെ ചാരിയിരിക്കുകയായിരുന്നു. ചുരുക്കത്തിൽ ബിലാലും(റ), നബി(സ)തിരുമേനിയുടെ മറ്റ് സ്വഹാബാക്കളും ഉണർന്നില്ല. അങ്ങനെ അവർക്കുമേൽ വെയിൽ പതിക്കാൻ തുടങ്ങി. നബി(സ)തിരുമേനിയാണ് ഏറ്റവുമാദ്യം ഉണർന്നത്. നബി(സ)തിരുമേനി ആശങ്കാകുലനായി വിളിച്ചു: 'ബിലാലേ! ബിലാലേ!' ബിലാൽ സവിനയം ഉണർത്തിച്ചു, 'യാ റസൂലല്ലാഹ്! എന്റെ മാതാപിതാക്കൾ അങ്ങയ്ക്ക് ബലിയാണ്. അങ്ങയെ തടഞ്ഞു നിറുത്തിയ അതേ അസ്തിത്വം തന്നെയാണ് എന്റെ ആത്മാവിനേയും തടഞ്ഞത്.' അതായത് എനിക്കും നല്ല ഉറക്കം വന്നു. നബി(സ)തിരുമേനി പറഞ്ഞു: 'പുറപ്പെടാം.' അങ്ങനെ അവർ കുറച്ച് മുമ്പോട്ട് പോയി. പിന്നെ നബി(സ)തിരുമേനി നിൽക്കാൻ കല്പിച്ചു. തുടർന്ന് വുളു ചെയ്തു. ശേഷം ബിലാലിനോട് പറഞ്ഞതുപ്രകാരം അദ്ദേഹം ഇഖാമത്ത് കൊടുത്തു. നബി(സ)തിരുമേനി സൂര്യൻ ഉദിച്ചശേഷം സുബ്ഹി നമസ്കരിപ്പിച്ചു. നമസ്കാരം നിർവഹിച്ചതിനുശേഷം നബി(സ)തിരുമേനി പറഞ്ഞു, 'നമസ്കാരം മറന്നുപോയാൽ, ഓർമ വരുമ്പോൾ നമസ്കരിക്കേണ്ടതാണ്. കാരണം തന്റെ സ്മരണ നിലനിറുത്താൻ നമസ്കരിക്കുക എന്ന് പ്രതാപവാനായ അല്ലാഹു പറയുന്നു.'(സുനൻ ഇബ്നുമാജ, കിതാബുസ്സ്വലാത്ത്, ഹദീഥ് 697)

മക്കാവിജയമുണ്ടായ ദിവസം, നബി(സ)തിരുമേനി കഅ്ബയ്ക്കുള്ളിൽ പ്രവേശിച്ചപ്പോൾ, ആ മഹാത്മാവിന്റെ കൂടെ ഹദ്റത്ത് ബിലാലുമുണ്ടായിരുന്നു. ഹദ്റത്ത് ഇബ്നു ഉമർ(റ)നിവേദനം. നബി(സ)തിരുമേനി മക്കാ വിജയ ദിവസം, മക്കയിലെത്തി. ഹദ്റത്ത് ഉഥ്മാൻ(റ), ഇബ്നു ത്വൽഹയെ വിളിച്ചു. അദ്ദേഹം വാതിൽ തുറന്നപ്പോൾ, നബി(സ)തിരുമേനിയും ഹദ്റത്ത് ബിലാലും ഹദ്റത്ത് ഉസാമ ബിൻ സയ്ദും ഹദ്റത്ത് ഉഥ്മാൻ ബിൻ ത്വൽഹയും അകത്ത് പ്രവേശിച്ചു. തുടർന്ന് വാതിൽ അടച്ചു. നബി(സ) തിരുമേനി അതിനകത്ത് കുറച്ച് സമയം തങ്ങി. പിന്നെ പുറത്തേക്ക് വന്നു. ഹദ്റത്ത് ഇബ്നു ഉമർ(റ) പറയുന്നു, ഞാൻ വേഗം മുന്നോട്ട് ഗമിച്ചു. ഹദ്റത്ത് ബിലാലിനോട് ചോദിച്ചപ്പോൾ പറഞ്ഞു, 'നബി(സ)തിരുമേനി കഅ്ബക്ക് അകത്ത് നമസ്കരിക്കുകയുണ്ടായി.' ഞാൻ ചോദിച്ചു, 'എവിടെയാണ് നമസ്കരിച്ചത്?' അദ്ദേഹം പറ

ഞ്ഞു, ‘രണ്ട് തൂണുകൾക്കിടയിൽ.’ ഹദ്റത്ത് ഇബ്നു ഉമർ(റ) പറയുന്നു, അവിടെ എത്ര റക്അത്ത് നമസ്കരിച്ചു എന്ന് ചോദിക്കാൻ ഞാൻ വിട്ടുപോയി.’(സ്വഹീഹുൽ ബുഖാരി കിതാബുസ്സലാത്ത്, ഹദീഥ് 468)

ഹദ്റത്ത് ബിലാൽ, നബി(സ)തിരുമേനി കഅ്ബക്ക് അകത്ത് എവിടെ നിന്നാണ് നമസ്കരിച്ചതെന്ന് പിന്നീട് ജനങ്ങളോട് പറഞ്ഞിട്ടുണ്ടായിരുന്നു. ഹദ്റത്ത് ഇബ്നു അബീ മുലയ്ക്ക നിവേദനം. മക്കാ വിജയ ദിവസം, നബി(സ) തിരുമേനി, ഹദ്റത്ത് ബിലാലിനോട് കഅ്ബയുടെ മുകളിൽ കയറി ബാങ്ക് കൊടുക്കാൻ കൽപ്പിക്കുകയും ഹദ്റത്ത് ബിലാൽ കഅ്ബയുടെ മുകളിൽ കയറി ബാങ്ക് കൊടുക്കുകയുമുണ്ടായി. (അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 3, പേജ് 177, ബിലാൽ ബിൻ റബാഹ്, ദാറുൽകുതുബുൽ ഇൽമിയ്യ് ബെയ്റുത്ത് 2017)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ), മക്കാവിജയാവസരത്തിലെ ഹദ്റത്ത് ബിലാലിനെ പരാമർശിച്ചുകൊണ്ട് പറയുന്നു:

ഹദ്റത്ത് അബ്ബാസ്(റ), അബൂസുഫ്യാനേയുംകൂട്ടി നബി(സ)തിരുമേനിയുടെ സവിധത്തിൽ ഹാജരായി. നബി(സ)തിരുമേനി, അബൂസുഫ്യാനോട് പറഞ്ഞു: ‘നിനക്കിതെന്തൊരു ദൗർഭാഗ്യമാണ്, ദൈവം ഏകനാണെന്ന് നിനക്ക് ഇനിയും ബോധ്യമായില്ലേ?’ അബൂസുഫ്യാൻ പറഞ്ഞു: ‘എന്തുകൊണ്ടില്ല, രണ്ടാമതൊരു ദൈവമുണ്ടായിരുന്നെങ്കിൽ ഞങ്ങളെ സഹായിക്കുമായിരുന്നില്ലേ?’ നബി(സ)തിരുമേനി പറഞ്ഞു: ‘നിനക്കിതെന്തൊരു ദൗർഭാഗ്യമാണ്, മുഹമ്മദ് അല്ലാഹുവിന്റെ റസൂലാണെന്ന് നിനക്ക് ഇനിയും ബോധ്യം വന്നില്ലേ?’ അബൂസുഫ്യാൻ പറഞ്ഞു: ‘ഇപ്പോഴും എനിക്ക് അത് ബോധ്യമായിട്ടില്ല.’ ഹദ്റത്ത് അബ്ബാസ്, അബൂസുഫ്യാനോട് പറഞ്ഞു: ‘ദൗർഭാഗ്യവാനേ! ബയ്അത്ത് ചെയ്യൂ. ഇന്ന് നിന്റെയും നിന്റെ സമൂഹത്തിന്റെയും ജീവൻ രക്ഷിക്കപ്പെടുന്നതാണ്.’ അയാൾ പറഞ്ഞു, ‘ശരി. (ബയ്അത്ത്) ചെയ്യാം.’ അവിടെ അങ്ങനെ പറഞ്ഞ് ബയ്അത്ത് ചെയ്തുവെങ്കിലും ഹൃദയാത്മനാ ബയ്അത്ത് ചെയ്തിട്ടുണ്ടായിരുന്നില്ല. പക്ഷേ പിന്നീട് സത്യസന്ധനായ മുസ്ലിമായി മാറുകയും ചെയ്തു. ബയ്അത്ത് ചെയ്തപ്പോൾ, ഹദ്റത്ത് അബ്ബാസ് (റ) പറഞ്ഞു, ഇനി നിന്റെ സമുദായത്തിനുവേണ്ടി ആവശ്യമുള്ളത് ചോദിക്കുക? അല്ലെങ്കിൽ നിന്റെ സമുദായം എന്നെന്നേക്കുമായി നശിപ്പിക്കപ്പെടുന്നതായിരിക്കും. മക്കക്കാരുടെ ഹൃദയവും അപ്പോൾ ചകിതമായിരുന്നു. അവർ മക്കാവാസികളായിരുന്നു. ഒരിക്കൽ മക്കയുടെ അന്തസ് നഷ്ടമായാൽ പിന്നെ മക്കയുടെ അന്തസ് അവശേഷിക്കുന്നതല്ല. അവർ വലിയ വലിയ അക്രമങ്ങൾ സഹിച്ചിട്ടുണ്ടായിരുന്നു എന്നത് ശരിതന്നെ. എങ്കിലും എങ്ങനെയെങ്കിലും രഞ്ജിപ്പിലെത്തണമെന്ന് അവർ ദുആ ചെയ്യുകയായിരുന്നു. പക്ഷേ, ഇതിന് വിപരീതമായി അൻസ്വാർ വലിയ ആവേശത്തിലായിരുന്നു. മുഹമ്മദ് നബി(സ)തിരുമേനി പറഞ്ഞു, ‘ചോദിച്ചുകൊള്ളുക.’ അയാൾ പറഞ്ഞു, ‘അങ്ങ്, അങ്ങയുടെ സമുദായത്തോട് കാരുണ്യം ചെയ്യുകയില്ലേ? അങ്ങ് ഏറെ കരുണാമയനും ദയയുള്ളവനുമാകുന്നു. മാത്രമല്ല ഞാൻ അങ്ങയുടെ കുടുംബക്കാരനുമാണ്. സഹോദരനുമാണ്. എന്റെ അന്തസ്സും പരിഗണിക്കപ്പെടണം. ഞാൻ മുസ്ലിമാകുന്നു.’ നബി(സ)തിരുമേനി പറഞ്ഞു: ‘ശരി, പോവുക. അബൂസുഫ്യാന്റെ വീട്ടിൽ കയറുന്നവർ ഇന്ന് സുരക്ഷിതരായിരിക്കുമെന്ന് വിളംബരപ്പെടുത്തുക.’ അയാൾ പറഞ്ഞു: ‘എന്റെ വീടിന് എന്ത് വലുപ്പമാണുള്ളത്? അതിൽ എത്രപേരെ ഉൾകൊള്ളാനാകും? ഇത്രയും വലിയ പട്ടണത്തിന്, എന്റെ വീട് എങ്ങനെ രക്ഷാസങ്കേതമാകും?’ നബി(സ)തിരുമേനി പറഞ്ഞു: ‘കഅ്ബയിൽ പ്രവേശിക്കുന്നവർ ഇന്ന് സുരക്ഷിതരായിരിക്കും.’ അബൂസുഫ്യാൻ പറഞ്ഞു: ‘യാ റസൂലല്ലാഹ്! ഇനിയും കുറേ ആളുകൾ ബാക്കിയാകും?’ നബി(സ)തിരുമേനി പറഞ്ഞു: ‘ആയുധം ഉപേക്ഷിക്കുന്നവർ ഇന്ന് ആക്ഷേപാർഹരല്ല.’ അയാൾ പറഞ്ഞു: ‘യാ റസൂലല്ലഹ്! ഇനിയും ആളുകൾ ബാക്കിയാകുന്നതാണ്.’ നബി(സ)തിരുമേനി പറഞ്ഞു: ‘ശരി, സ്വന്തം ഭവനങ്ങളിൽ വാതിലുകൾ അടച്ചിരിക്കുന്നവരും സുരക്ഷിതരായിരിക്കുന്നതാണ്.’ അയാൾ പറഞ്ഞു: ‘യാ റസൂലല്ലാഹ് തെരുവീഥികളിൽ കഴിയുന്നവരുമുണ്ട്. ആ പാവങ്ങൾ വധിക്കപ്പെടുന്നതാണ്.’ നബി(സ)തിരുമേനി പറഞ്ഞു: ‘ശരി, ബിലാലിന്റെ ഒരു കൊടി തയ്യാറാക്കുക.’ അബീറുവയ്ഹ(റ) ഒരു സ്വഹാബിയായിരുന്നു. മദീനയിൽ നബി(സ)തിരുമേനി, മുഹാജിരിംകളേയും അൻസ്വാറിനേയും പരസ്പരം സഹോദരങ്ങളാക്കിയപ്പോൾ അബീറുവയ്ഹ(റ)യെ ബിലാലിന്റെ സഹോദരനാക്കിയിരുന്നു. ഒരുപക്ഷേ, ആ സമയത്ത് ബിലാൽ ഉണ്ടായിരുന്നില്ല. അതല്ലെങ്കിൽ മറ്റെന്തെങ്കിലും കാര്യമുണ്ടായിരിക്കും. ഏതായിരുന്നാലും നബി(സ)തിരുമേനി ബിലാലിന്റെ കൊടി തയ്യാറാക്കിച്ചു. അബീറുവയ്ഹക്ക് നൽകിയിട്ട് പറഞ്ഞു: ‘ഇത് ബിലാലിന്റെ പതാകയാണ്. ഇത് നാൽക്കവലയിൽ സ്ഥാപിച്ചുകൊണ്ട്, ബിലാലിന്റെ പതാകക്ക് കീഴിൽ വരുന്നവർക്ക് സംരക്ഷണം നൽകപ്പെടുമെന്ന് വിളംബരപ്പെടുത്തുക.’

അബൂസുഫ്യാൻ പറഞ്ഞു: ‘മതി, ഇത് ധാരാളമാണ്. ഇനി മക്ക രക്ഷപ്പെടുന്നതാണ്. ഇനി എന്നെ പോകാൻ അനുവദിച്ചാലും!’ നബി(സ) തിരുമേനി പറഞ്ഞു: ‘പൊയ്ക്കൊള്ളുക.’

മക്കയിലെ മൂപ്പന്മാർ, സ്വയമേവ ആയുധങ്ങളെല്ലാം ഉപേക്ഷിച്ചിട്ടുണ്ടായിരുന്നു. വാർത്ത എത്തിയോ ഇല്ലയോ എന്ന പ്രശ്നം ഉദിച്ചിരുന്നില്ല. അബൂസുഫ്യാൻ പരിഭ്രാന്തനായി മക്കയിൽ പ്രവേശിച്ചുകൊണ്ട് പറഞ്ഞു: ‘ജനങ്ങളേ! സ്വന്തം വീടുകളുടെ വാതിലുകൾ അടക്കുക, ജനങ്ങളേ! നിങ്ങളുടെ ആയുധങ്ങൾ ഉപേക്ഷിക്കുക. ജനങ്ങളേ! കഅ്ബയിൽ പ്രവേശിക്കുക. ബിലാലിന്റെ പതാക ഉയർത്തിയിരിക്കുന്നു, അതിന്റെ കീഴിൽ നിൽക്കുക.’

ഇത്രയുമായപ്പോഴേക്കും ജനങ്ങൾ, വാതിലുകൾ അടയ്ക്കാൻ തുടങ്ങി. ചിലർ കഅ്ബക്കകത്ത് പ്രവേശിക്കുന്നുണ്ടായിരുന്നു. ജനങ്ങൾ ആയുധങ്ങൾ എടുത്തുകൊണ്ടു വന്ന് വലിച്ചെറിയുന്നുണ്ടായിരുന്നു. അപ്പോഴേക്കും ഇസ്ലാമിക സൈന്യം മക്കയിൽ പ്രവേശിച്ചിരുന്നു. ജനങ്ങൾ ബിലാലിന്റെ കൊടിക്കീഴിൽ ഒരുമിച്ചുകൂടാൻ തുടങ്ങി. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: ‘ഈ സംഭവത്തിലെ ഏറ്റവും മഹത്തായ കാര്യം ബിലാലിന്റെ പതാകയാണ്. നബി(സ)തിരുമേനി ബിലാലിന്റെ പതാകയാണ് ഉണ്ടാക്കിയത്. പറയുന്നു: ‘ബിലാലിന്റെ കൊടിക്കീഴിൽ വരുന്നവർ സുരക്ഷിതരായിരിക്കും.’ വാസ്തവത്തിൽ നേതാവ് മുഹമ്മദ് മുസ്തഫാ(സ)തിരുമേനിയാകുന്നു. പക്ഷേ, നബി(സ) തിരുമേനിയുടെ ഒരു കൊടിയും സ്ഥാപിച്ചില്ല. നബി(സ)തിരുമേനിക്കുശേഷം അബൂബക്ർ ഉണ്ടായിരുന്നു. പക്ഷേ, അബൂബക്റിന്റേയും ഒരു കൊടിയും നാട്ടിയില്ല. അദ്ദേഹത്തിനുശേഷം മുസ്ലിമീങ്ങളിൽ ഉമർ ഉണ്ടായിരുന്നു. പക്ഷേ, ഉമറിന്റേയും ഒരു കൊടിയും ഉയർത്തിയില്ല. പിന്നെ ഉഥ്മാൻ ഉണ്ടായിരുന്നു. നബി(സ)തിരുമേനിയുടെ ജാമാതാവുമായിരുന്നു. പക്ഷേ, ഉഥ്മാന്റെ പതാകയും സ്ഥാപിച്ചില്ല. പിന്നെ അലി ഉണ്ടായിരുന്നു. അദ്ദേഹം നബി(സ)തിരുമേനിയുടെ സഹോദരനും ജാമാതാവും ആയിരുന്നു. പക്ഷേ, അലിയുടെ കൊടിയും സ്ഥാപിച്ചില്ല. പിന്നെ അബ്ദുർറഹ്മാൻ ബിൻ ഔഫ് ഉണ്ടായിരുന്നു. അദ്ദേഹത്തെ സംബന്ധിച്ച് നബി(സ) തിരുമേനി പറഞ്ഞത്, ‘അദ്ദേഹം ജീവിച്ചിരിക്കുന്ന കാലത്തോളം മുസ്ലിം സമുദായത്തിൽ ഭിന്നിപ്പുണ്ടാകുന്നതല്ല’എന്നാണ്. പക്ഷേ, അബ്ദുർറഹ്മാൻ ബിൻ ഔഫിന്റെ കൊടിയും ഉണ്ടാക്കിയില്ല. പിന്നെ ഹദ്റത്ത് അബ്ബാസ്(റ) ഉണ്ടായിരുന്നു. അദ്ദേഹം നബി(സ)തിരുമേനിയുടെ പിതൃവ്യനായിരുന്നു. ചിലപ്പോൾ മര്യാദ വിടാറുണ്ടായിരുന്നു. നബി(സ)തിരുമേനിക്കു മുന്നിൽ സംസാരിക്കുമായിരുന്നു. എങ്കിലും നബി(സ) തിരുമേനി ദ്വേഷപ്പെട്ടിട്ടില്ല. പക്ഷേ, നബി(സ) തിരുമേനി അദ്ദേഹത്തിന്റെ കൊടിയും തയ്യാറാക്കിയില്ല. പിന്നെ എല്ലാ നേതാക്കന്മാരും ഉന്നതരായ ആളുകളും ഉണ്ടായിരുന്നു. ഖാലിദ് ബിൻ വലീദ്, ഒരു നേതാവിന്റെ മകനും സ്വയം അറിയപ്പെടുന്ന വ്യക്തിത്വവുമായിരുന്നു. അംറ് ബിൻ ആസ്വി മറ്റൊരു നേതാവിന്റെ മകനായിരുന്നു. അതുപോലെ വേറെയും വലിയ വലിയ നേതാക്കന്മാരുടെ മക്കളുണ്ടായിരുന്നു. പക്ഷേ, അവരുടെയൊന്നും പതാകകൾ ഉണ്ടാക്കിയില്ല. പതാക ഉണ്ടാക്കിയത് ബിലാലിന്റേതു മാത്രമായിരുന്നു. എന്തുകൊണ്ട്? അതിനെന്തായിരുന്നു കാരണം? കഅ്ബ ആക്രമിക്കപ്പെടാൻ പോവുകയാണെന്ന് ധരിച്ച അബൂബക്ർ, ആക്രമിക്കപ്പെടാൻ പോകുന്നത് സ്വന്തം കുടുംബക്കാരാണെന്ന് കാണുന്നുണ്ടായിരുന്നു. അദ്ദേഹം നബി(സ) തിരുമേനിയോട് പറഞ്ഞു, ‘യാ റസൂലല്ലാഹ്! സ്വന്തം സഹോദരങ്ങൾ ആക്രമിക്കപ്പെടാൻ പോവുകയാണോ?’ അദ്ദേഹം അതിക്രമങ്ങൾ വിസ്മരിച്ചിട്ടുണ്ടായിരുന്നു. അതെല്ലാം തന്റെ സഹോദരങ്ങളാണെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. ഉമറും പറഞ്ഞത് അതുതന്നെയായിരുന്നു. യാ റസൂലല്ലാഹ്! ഈ നിഷേധികളെ വധിച്ചാലും! പക്ഷേ, നബി(സ)തിരുമേനി, അവർക്ക് മാപ്പുകൊടുക്കാൻ ഒരുങ്ങിയപ്പോൾ അദ്ദേഹം മനസിൽ പറഞ്ഞിട്ടുണ്ടാകും, നമ്മുടെ സഹോദരങ്ങൾക്ക് പൊറുത്ത് കൊടുത്തത് നന്നായി എന്ന്. തങ്ങളുടെ സഹോദരങ്ങൾ രക്ഷപ്പെട്ടുവെന്ന് ഉഥ്മാനും അലിയും പറഞ്ഞിട്ടുണ്ടാകും. നമ്മളോട് ഇവർ അതിക്രമം കാണിച്ചുവെങ്കിൽതന്നെ അതിനെന്ത് വേണം? നബി(സ)തിരുമേനി അവർക്ക് മാപ്പ് കൊടുക്കുമ്പോൾ, അവരിൽ തന്റെ പിതൃവ്യനും സഹോദരനും തന്റെ ജാമാതാവും ബന്ധുമിത്രാദികളും തന്നെയാണല്ലോ എന്നും ഞാൻ അവർക്ക് മാപ്പ് കൊടുക്കുന്നുവെങ്കിൽ അത് നല്ലതുതന്നെ എന്നും. എന്റെ കുടുംബക്കാർ രക്ഷപ്പെട്ടല്ലോ എന്നും കരുതിയിരിക്കാം. എന്നാൽ, മക്കയിൽ ബന്ധുക്കളില്ലാതെ മക്കയിൽ ഒരുവിധ ശക്തിയുമില്ലാതെ മക്കയിൽ ഒരു സുഹൃത്തുമില്ലാതെ നിസ്സഹായാവസ്ഥയിൽ മർദ്ദിക്കപ്പെട്ട ഒരാൾ മാത്രമാണുണ്ടായിരുന്നത്. അത് അബൂബക്റോ(റ), അലിയോ(റ), ഉഥ്മാനോ(റ), ഉമറോ(റ) ആയിരുന്നില്ല. എന്തിനധികം നബി(സ)തിരുമേനി പോലും അല്ലായിരുന്നു.

കഴിഞ്ഞ ആഴ്ച ഞാനൊരു നിവേദനം വിവരിച്ചിരുന്നു. അതിലും ഈ കാര്യം പരാമർശിച്ചിട്ടുണ്ട്. ഹദ്റത്ത് അബൂബക്റിനും നബി(സ) തിരുമേനിയ്ക്കും കുടുംബക്കാരുള്ളതിനാൽ സുരക്ഷിതരാണെന്ന് പറഞ്ഞിരുന്നു. പക്ഷേ, ഞാൻ വിശദീകരിച്ചിരുന്നു, നബി(സ)തിരുമേനിയുടെമേലും അക്രമമുണ്ടായിരുന്നു. ഹദ്റത്ത് അബൂബക്റിനുമേലും അക്രമമുണ്ടായിരുന്നു.

ആരുടെമേലും ഉണ്ടാകാത്ത അക്രമമാണ് ബിലാലിന്റെമേൽ ഉണ്ടായത്. അക്രമം നബി(സ)തിരുമേനിയ്ക്കും അനുഭവിക്കേണ്ടി വന്നിട്ടുണ്ടെന്ന് പറഞ്ഞിട്ടുണ്ടായിരുന്നു. ഇവിടെ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) അവർക്കുമേൽ അക്രമങ്ങൾ ഉണ്ടായത് നിഷേധിക്കുകയല്ല ചെയ്യുന്നത്. മറിച്ച് പറയുന്നു; ബിലാലിനുമേലുണ്ടായ അക്രമം മറ്റാരുടെമേലും ഉണ്ടായിട്ടില്ല. തുടർന്ന് അദ്ദേഹം അതിന്റെ വിശദാംശങ്ങൾ വിവരിക്കുന്നുണ്ട്. ആ മർദ്ദനങ്ങൾ എന്തായിരുന്നു? ചുട്ട് പൊള്ളുന്ന മണൽപ്പരപ്പിൽ ബിലാലിനെ നഗ്നനാക്കി കിടത്തിയിരുന്നു. നോക്കുക, അവിടെ മെയ്, ജൂൺ മാസങ്ങളിൽ ചൂടിന്റെ കാഠിന്യംകൊണ്ട് പാദരക്ഷയില്ലാതെ നടക്കാൻതന്നെ സാധ്യമല്ല. ആ സ്ഥലത്താണ് അദ്ദേഹത്തെ നഗ്നനാക്കി ചുട്ട് പൊള്ളുന്ന മണൽപ്പരപ്പിൽ കിടത്തിരുന്നത്. പിന്നെ ആണിയുള്ള ചെരുപ്പിട്ട് യുവാക്കൾ അദ്ദേഹത്തിന്റെ നെഞ്ചിൽ കയറി നൃത്തം വെക്കുമായിരുന്നു. അതോടൊപ്പം, അല്ലാഹുവിനെ കൂടാതെ മറ്റു ആരാധ്യന്മാരുണ്ടെന്നും, മുഹമ്മദ് റസൂല്ലുല്ലാഹ് വ്യാജവാദിയാണെന്നും പറയിക്കാൻ ശ്രമിച്ചിരുന്നു. അപ്പോൾ ഒരുപാട് മർദ്ദിക്കുമ്പോൾ ബിലാൽ, തന്റെ നീഗ്രോ ശൈലിയിൽ 'അസ്ഹദു അൻല്ലാ ഇലാഹ ഇല്ലല്ലാഹ്, അസ്ഹദു അൻല്ലാ ഇലാഹ ഇല്ലല്ലാഹ്'എന്നു പറയുമായിരുന്നു. അതായത് അദ്ദേഹം ഇങ്ങനെ പറയുകയായിരുന്നു, 'നിങ്ങൾ എന്നെ എത്രവേണമെങ്കിലും മർദ്ദിച്ചു കൊള്ളുക, അല്ലാഹു ഏകനാണെന്ന് ഞാൻ കണ്ടിരിക്കെ, പിന്നെങ്ങനെയാണ് അവൻ രണ്ടാണെന്നും അതുപോലെ മുഹമ്മദ് റസൂലുല്ലാഹി(സ)അല്ലാഹുവിന്റെ സത്യപ്രവാചകനാണെന്ന് എനിക്ക് ബോധ്യം വന്നിരിക്കെ, നബി(സ)തിരുമേനി വ്യാജനാണെന്നും പറയുക? അപ്പോൾ അവർ അദ്ദേഹത്തെ വീണ്ടും മർദ്ദിച്ചിരുന്നു. ചൂടുകാലത്തുള്ള മാസങ്ങളിൽ ഇതായിരുന്നു അവസ്ഥ. തണുപ്പ് കാലത്ത്, അദ്ദേഹത്തിന്റെ കാലുകളിൽ കയറുകെട്ടി മക്കയുടെ കൽവീഥികളിൽ അദ്ദേഹത്തെ വലിച്ചിഴച്ചിരുന്നു. അങ്ങനെ അദ്ദേഹത്തിന്റെ തൊലിയിൽ മുറിവുണ്ടാകുമായിരുന്നു. അതായത് തൊലി പൊട്ടിയിരുന്നു. അവർ വലിച്ചിഴയ്ക്കുകയും നബി(സ)തിരുമേനി വ്യാജനാണെന്നും അല്ലാഹുവിനെ കൂടാതെ ആരാധ്യന്മാരുണ്ടെന്നും പറയാൻ ആവശ്യപ്പെടുമ്പോൾ അദ്ദേഹം അസ്ഹദു അൻല്ലാ ഇലാഹ ഇല്ലല്ലാഹ്, അസ്ഹദു അൻല്ലാ ഇലാഹ ഇല്ലല്ലാഹ് എന്ന് പറയുമായിരുന്നു.

പതിനായിരം പേരടങ്ങുന്ന മുസ്ലിം സൈന്യം മക്കയിൽ പ്രവേശിക്കാൻ വന്നപ്പോൾ, ബിലാലിന്റെ ഹൃദയം, തന്റെ നെഞ്ചിൽ ചവുട്ടിയ ചെരുപ്പുകൾക്ക് ഇന്ന് പ്രതികാരം ചെയ്യപ്പെടുമെന്നും അക്രമപരമായി തനിക്ക് കിട്ടിയ മർദ്ദനങ്ങൾക്ക് ഇന്ന് പ്രതിഫലം കിട്ടുമെന്നും കരുതിയിട്ടുണ്ടാകും. എന്നാൽ, അബൂസുഫ്യാന്റെ വീട്ടിൽ പ്രവേശിച്ചവർക്കും കഅ്ബയിൽ പ്രവേശിച്ചവർക്കും ആയുധം താഴെ വെച്ചവർക്കും സ്വന്തം വീട്ടുകളിൽ വാതിലടച്ച് ഒതുങ്ങിയവർക്കും മാപ്പ് ലഭിക്കുമെന്ന് നബി(സ)തിരുമേനി പറഞ്ഞപ്പോൾ അവിടന്ന് തന്റെ എല്ലാ സഹോദരങ്ങൾക്കും മാപ്പ് കൊടുക്കുകയാണെന്നും അത് നല്ലതാണെന്നും തന്റെ പ്രതികാരം ബാക്കിയായല്ലോ എന്നും ഒരുവേള ബിലാൽ തന്റെ ഹൃദയത്തിൽ ചിന്തിച്ചുകാണും. നബി(സ)തിരുമേനി താൻ ഈ മാപ്പ് കൊടുക്കുമ്പോൾ, ഇന്ന് ഒരാളുടെ ഹൃദയം എന്റെ ഈ പൊറുത്തു കൊടുക്കലിൽ അസ്വസ്ഥമായേക്കുമെന്ന് കാണുന്നു. അത് ബിലാലാണ്. ഞാൻ ഇന്ന് പൊറുത്തുകൊടുത്തവർ ആരും അദ്ദേഹത്തിന്റെ സഹോദരന്മാരല്ല. അദ്ദേഹത്തെ വേദനിപ്പിച്ചതുപോലെ ആരേയും വേദനിപ്പിച്ചിട്ടില്ല. നബി(സ)തിരുമേനി പറയുന്നു, 'ഇദ്ദേഹത്തിനുള്ള പ്രതികാരവും ഇന്ന് ഞാൻ ചോദിക്കുന്നതാണ്. എന്റെ നുബുവ്വത്തിന്റെ മഹത്ത്വം നിലനിൽക്കുകയും ബിലാലിന്റെ ഹൃദയം സന്തോഷഭരിതമാക്കുകയും ചെയ്യുന്നവിധത്തിൽ ഞാൻ അതിന് പ്രതികാരം ചെയ്യുന്നതാണ്.' നബി(സ) തിരുമേനി പറഞ്ഞു: 'ബിലാലിന്റെ കൊടി ഉയർത്തുക, ചെരുപ്പിട്ട് അദ്ദേഹത്തിന്റെ നെഞ്ചിൽ നൃത്തം ചവിട്ടിയിരുന്ന, അദ്ദേഹത്തിന്റെ കാലുകളിൽ കയറിട്ട്, ചുട്ടുപഴുത്ത മണൽപ്പരപ്പിൽ അദ്ദേഹത്തെ വലിച്ചിഴച്ചിരുന്ന മക്കയിലെ നേതാക്കന്മാരോട് പറയുക, നിങ്ങൾ നിങ്ങളുടേയും ഭാര്യാമക്കളുടേയും ജീവൻ രക്ഷിക്കണമെങ്കിൽ ബിലാലിന്റെ കൊടിക്കീഴിൽ വരുവിൻ. ഞാൻ മനസിലാക്കുന്നത്, ലോകമുണ്ടായതു മുതൽ, മനുഷ്യൻ ശക്തി സംഭരിച്ചതു മുതൽ, മനുഷ്യൻ മനുഷ്യന്റെ രക്തത്തിന് പകരം ചോദിക്കാൻ തയ്യാറായതു മുതൽ, അവന് ആധിപത്യം കിട്ടിയതു മുതൽ ഇത്തരത്തിലുള്ള അതിമഹത്തായ പ്രതികാരം ഒരു മനുഷ്യനും ചെയ്തിട്ടില്ല. ബിലാലിന്റെ പതാക കഅ്ബ മന്ദിരത്തിന് മുന്നിലുള്ള മൈതാനത്ത് സ്ഥാപിച്ചപ്പോൾ മക്കയിലെ മൂപ്പന്മാർ, അതേ, തങ്ങളുടെ ചവിട്ടടികൾക്ക് കീഴെ അദ്ദേഹത്തെ ചവുട്ടി മെതിച്ചിരുന്ന, മുഹമ്മദ് റസൂലുല്ലാഹ്(സ)വ്യാജവാദിയാണെന്ന് പറഞ്ഞിരുന്ന മൂപ്പന്മാർ, ഇപ്പോൾ ഈ ദൃശ്യങ്ങൾ മാറിയ അവസരത്തിൽ തങ്ങളുടെ ഭാര്യാമക്കളുടെ ജീവൻ രക്ഷിക്കാൻ അവരുടെ കൈപിടിച്ച്, ബിലാലിന്റെ കൊടിക്കീഴിലേക്ക് ഓടി ഓടി വരികയാണ്. ആ സന്ദർഭത്തിൽ ഹദ്റത്ത് ബിലാലിന്റെ ഹൃദയം, അദ്ദേഹത്തിന്റെ ആത്മാവ് എത്രമാത്രം നബി(സ)തിരുമേനിയ്ക്കുവേണ്ടി സമർപ്പിതമായിട്ടുണ്ടായിരുന്നിരിക്കും? ഈ നിഷേധികളോട് പകരം ചോദിക്കണമെന്നോ, അതിന് കഴിയുമെന്നോ എനിക്ക് അറിയുമായിരുന്നില്ല, ഇന്ന് ആ പ്രതികാരം ചോദിക്കപ്പെട്ടിരിക്കുന്നു. എന്റെ നെഞ്ചിനുമേൽ ചെരുപ്പിട്ട് ചവിട്ടിയിട്ടുണ്ടായിരുന്നവരുടെ ശിരസുകൾ ഇന്ന് എന്റെ ചെരുപ്പിന് കീഴിൽ കുനിഞ്ഞിരിക്കുകയാണ്. എന്റെ നെഞ്ചിനുമേൽ നൃത്തം ചവിട്ടിയിരുന്ന ചെരുപ്പിന്റെ ഉടമകളുടെ ശിരസുകൾ ഇന്ന് ബിലാലിന്റെ ചെരുപ്പിന് കീഴിൽ വന്നിരിക്കുന്നു എന്നെല്ലാം ആയിരിക്കും അപ്പോൾ അദ്ദേഹത്തിന്റെ ആത്മഗതം ഉണ്ടായിരിക്കുക.

ഈ പ്രതികാരം, യൂസുഫ് ചെയ്ത പ്രതികാരത്തേക്കാൾ മനോഹരമായിരുന്നു. കാരണം യൂസുഫ് തന്റെ പിതാവിനുവേണ്ടിയാണ് സഹോദരങ്ങൾക്ക് മാപ്പ് കൊടുത്തത്. അദ്ദേഹം മാപ്പ് കൊടുത്തത് തന്റെ പിതാവിനു വേണ്ടിയായിരുന്നു. മാപ്പ് കൊടുത്തത് തന്റെ ഉടപ്പിറപ്പുകൾക്കുമായിരുന്നു. എന്നാൽ നബി(സ)തിരുമേനി തന്റെ പിതൃവ്യന്മാർക്കും സഹോദരങ്ങൾക്കും ഒരു അടിമയുടെ ചെരുപ്പിന്റെ അനുഗ്രഹത്തിനു കീഴിൽ മാപ്പാക്കി. അതേ, യൂസുഫ് ചെയ്ത പ്രതികാരത്തിന്, ഇതിന് മുന്നിൽ എന്ത് സ്ഥാനമാണുള്ളത്?(സയ്റെ റൂഹാനീ, അൻവാറുൽ ഉലൂം, വാള്യം 24, പേജ് 268–273)

ഇത് സയ്റെ റൂഹാനി എന്ന ഗ്രന്ഥത്തിലുള്ള ഉദ്ധരണിയാണ്. ഇതേസംഭവം, ദിബാച്ച തഫ്സീറുൽ ഖുർആൻ (വിശുദ്ധ ഖുർആൻ വ്യാഖ്യാനത്തിന് ഒരു മുഖവുര) എന്ന പുസ്തകത്തിൽ സംക്ഷിപ്തമായി വിവരിച്ചിട്ടുണ്ട്. ഞാനിത് പറയാൻ കാരണമുണ്ട്. ചില ആളുകൾ, ഇന്ന സ്ഥലത്ത് ഇങ്ങനെ എഴുതിയിട്ടുണ്ടെന്ന് പറയാറുണ്ട്. എന്നാൽ, രണ്ട് സംഭവങ്ങളിലും, ഒന്ന് വിശദീകരിച്ചും മറ്റൊന്ന് സംക്ഷിപ്തവുമെന്ന വ്യത്യാസമല്ലാതെ മറ്റൊരു വ്യത്യാസവുമില്ല. ചില ആളുകൾ വലിയ സൂക്ഷ്മമായ കാര്യമെന്ന നിലയ്ക്ക് വ്യത്യാസം കണ്ടെടുത്ത് തുടങ്ങുന്നു. എന്നാൽ, സംഭവം എന്ന നിലയ്ക്കും അതിൽനിന്ന് ഉരുത്തിരിഞ്ഞുവരുന്ന ഫലമെന്ന നിലയ്ക്കും ഒരേ കാര്യം തന്നെയാണ്. ഏതായിരുന്നാലും ഇവിടെയുള്ള വിവരണം ഇപ്രകാരമാണ്:

അബൂസുഫ്യാൻ പറഞ്ഞു: 'യാ റസൂലല്ലാഹ്! മക്കക്കാർ വാളെടുത്തില്ലെങ്കിൽ അവർ സുരക്ഷിതരായിരിക്കുമോ?' നബി(സ)തിരുമേനി പറഞ്ഞു: 'അതേ! വീടുകളിൽ കതകുകളടച്ച് ഇരിക്കുന്നവരെല്ലാം സുരക്ഷിതരായിരിക്കും.' ഹദ്റത്ത് അബ്ബാസ് പറഞ്ഞു: 'യാ റസൂലല്ലാഹ്! അബൂസുഫ്യാൻ വലിയ അഭിമാനിയാണ്. ആയതിനാൽ തന്റെ അന്തസ് പരിഗണിക്കപ്പെടാൻ എന്തെങ്കിലും ചെയ്യണം എന്നാണ് ഉദ്ദേശിക്കുന്നത്.' ഇത് അബ്ബാസിനെ ഉദ്ധരിച്ചുകൊണ്ട് അധികമായി വന്നകാര്യമാണ്. നബി(സ)തിരുമേനി പറഞ്ഞു: 'നല്ലത് അബൂസുഫ്യാന്റെ വീട്ടിൽ പ്രവേശിക്കുന്നവർക്കും സുരക്ഷിതത്ത്വം നൽകപ്പെടുന്നതാണ്. ഹക്കീം ബിൻ ഹസമിന്റെ വീട്ടിൽ പ്രവേശിക്കുന്നവർക്കും രക്ഷയുണ്ടായിരിക്കുന്നതാണ്. അതിനുശേഷം നബി(സ)തിരുമേനി, അബീറുവയ്ഹയെ വിളിച്ചു. അദ്ദേഹത്തിന്, നബി(സ)തിരുമേനി നീഗ്രോ അടിമയായ ബിലാലുമായി സാഹോദര്യബന്ധം ഉണ്ടാക്കിയിട്ടുണ്ടായിരുന്നു. അദ്ദേഹത്തെ സംബന്ധിച്ച് നബി(സ)തിരുമേനി പറഞ്ഞു, 'നാം നമ്മുടെ പതാക ഇപ്പോൾ അബൂറുവയ്ഹക്ക് നൽകുകയാണ്. അബൂറുവയ്ഹയുടെ കൊടിക്കീഴിൽ വരുന്നവരും സുരക്ഷിതരായിരിക്കുന്നതാണ്. ബിലാലിനോട്, അബൂറുവയ്ഹയുടെ കൊടിക്കീഴിൽ വരുന്നവർ സുരക്ഷിതരായിരിക്കുമെന്ന് വിളംബരപ്പെടുത്തി, അദ്ദേഹത്തോടൊപ്പം നീങ്ങാൻ നബി(സ)തിരുമേനി ആജ്ഞാപിക്കുകയുണ്ടായി.' അദ്ദേഹത്തോടൊപ്പം വിളംബരപ്പെടുത്തി പോകാൻ പറഞ്ഞു എന്നകാര്യം ഇവിടെ അധികമായി വന്നിട്ടുണ്ട്. ഈ കൽപ്പനയിൽ ഏറെ സൂക്ഷ്മമായ യുക്തി അടങ്ങിയിരിക്കുന്നു. മക്കയിലെ ആളുകൾ ബിലാലിനെ കാലുകളിൽ കയറുകെട്ടി മക്കയിലെ തെരുവോരങ്ങളിലൂടെ വലിച്ചിഴച്ചിരുന്നു. മക്കയിലെ തെരുവുകളും മക്കയിലെ മൈതാനങ്ങളും ബിലാലിന് സമാധാന സങ്കേതമായിരുന്നില്ല. മറിച്ച് മർദനങ്ങളുടേയും അപമാനത്തിന്റേയും അവഹേളനത്തിന്റേയും ഇടമായിരുന്നു. ഇന്ന് ബിലാലിന്റെ ഹൃദയം പകരം ചോദിക്കാൻ കൂടെക്കൂടെ വെമ്പുന്നുണ്ടായിരിക്കുമെന്നും തന്റെ ആത്മാർഥ സുഹൃത്തിന്റെ പ്രതികാരം വളരെ അനിവാര്യമാണെന്നും എന്നാൽ, നമ്മുടെ പ്രതികാരം ഇസ്ലാമിന്റെ പ്രൗഢിക്ക് അനുസൃതമായിരിക്കണമെന്നും നബി(സ)തിരുമേനി ചിന്തിച്ചു. അങ്ങനെ നബി(സ)തിരുമേനി, വാളുകൊണ്ട് ശത്രുവിന്റെ ശിരസുകൾ കൊയ്തുകൊണ്ടല്ല ബിലാലിന്റെ പ്രതികാരം ചെയ്തത്. മറിച്ച് അദ്ദേഹത്തിന്റെ സഹോദരന്റെ കൈയിൽ ഒരു പതാക നല്കുകയും തന്റെ സഹോദരന്റെ കൊടിക്കീഴിൽ വരുന്നവർ സുരക്ഷിതരായിരിക്കുമെന്ന് വിളംബരപ്പെടുത്താൻ ബിലാലിനെ ഏൽപ്പിക്കുകയും ചെയ്തു. എത്ര ഉന്നതമായ, മനോഹരമായ പ്രതികാരമാണിത്! മക്കക്കാരേ! എന്റെ സഹോദരന്റെ കൊടിക്കീഴിൽ വന്നാൽ നിങ്ങൾക്ക് സംരക്ഷണം നൽകപ്പെടുമെന്ന് ഉച്ചൈസ്തരം വിളംബരപ്പെടുത്തുമ്പോൾ അദ്ദേഹത്തിന്റെ ഹൃദയത്തിൽനിന്ന് സ്വയമേവ പ്രതികാരവാഞ്ഛ ഇല്ലാതായിട്ടുണ്ടാകും. നബി(സ)തിരുമേനി, എനിക്ക് വേണ്ടി, പ്രതികാരത്തിന് നിർദ്ദേശിച്ചതിനേക്കാൾ ഉത്തമവും മനോഹരവുമായ പ്രതികാരം മറ്റൊന്നുമി

ല്ലെന്ന് അദ്ദേഹത്തിന് ബോധ്യപ്പെട്ടിട്ടുണ്ടാകും. (ദീബാച്ച തഫ്സീറുൽ ഖുർആൻ, അൻവാറുൽ ഉലൂം വാള്യം 20, പേജ് 340–341)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ) ഹദ്റത്ത് ബിലാലിന്റെ സഹനവും മക്കാവിജയാവസരത്തിലെ അവസ്ഥകളും വിവരിച്ചുകൊണ്ട് പറയുന്നു: ഈ പ്രയാസങ്ങളെല്ലാം ബിലാലിന് നൽകുകയുണ്ടായി. അതായത് പ്രയാസങ്ങളെ സംബന്ധിച്ച് നേരത്തെ പറഞ്ഞു കഴിഞ്ഞതാണ്. എന്നാൽ, അറിയാമോ? മക്കാവിജയം ഉണ്ടായപ്പോൾ ഹദ്റത്ത് ബിലാലിന് നബി(സ) തിരുമേനി എന്തുമാത്രം ആദരവാണ് നൽകിയത്? എങ്ങനെയായിരുന്നു നിഷേധികളോട് പ്രതികാരം ചെയ്തത്? ഒരുകാലത്ത്, നീഗ്രോ അടിമയായിരുന്ന ബിലാലിന്റെ നെഞ്ചിൽ കയറി മക്കയിലെ വലിയ വലിയ മൂപ്പന്മാർ നൃത്തം ചവുട്ടിയിരുന്നു. മക്കാ വിജയമുണ്ടായപ്പോൾ നബി(സ)തിരുമേനി ബിലാലിന്റെ കൈയിൽ ഒരു പതാക കൊടുത്തിട്ട് ഇപ്രകാരം വിളംബരം ചെയ്തു: മക്കയിലെ മൂപ്പന്മാരേ! നിങ്ങൾ നിങ്ങളുടെ ജീവൻ രക്ഷിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ ബിലാലിന്റെ കൊടിക്കീഴിൽ വരിക. അതായത് ആരുടെ നെഞ്ചത്ത് കയറി നിന്നാണോ, മക്കയിലെ വലിയ വലിയ മൂപ്പന്മാർ നൃത്തം ചെയ്തിരുന്നത്, അദ്ദേഹത്തെ സംബന്ധിച്ച് നബി(സ) തിരുമേനി, മക്കക്കാരോട് പറയുകയാണ്, ഇന്ന് നിങ്ങളുടെ ജീവൻ രക്ഷപെടണമെങ്കിൽ, അതിന് ബിലാലിന്റെ ദാസത്വത്തിൽ വരിക മാത്രമേ നിർവാഹമുള്ളൂ. വാസ്തവത്തിൽ ബിലാൽ അടിമയും അവർ ചൗദ്ദരിമാരുമായിരുന്നു."(ആ ഇൻദ വഹീ ഖൗമേ ഇസ്സത്ത് പായേംഗെ ജോമാലീ ഔർ ജാനീ ഖുർബാനിയോംമെ ഹിസ്സ്വലേംകി, അൻവാറുൽഉലൂം വാള്യം 21, പേജ് 164)

ചുരുക്കത്തിൽ എല്ലാ സ്ഥലത്തും ഈ പരിണതഫലം തന്നെയാണ് ഉരിത്തിരിയുന്നത്. ബിലാലിന്റെ സഹോദരന്റെ കൈയിൽ കൊടി കൊടുത്തുകൊണ്ട് ബിലാലിനെ കൂടെ വിട്ടു എന്ന് പറഞ്ഞാലും ബിലാലിന്റെ കൈയിൽ ബിലാലിന്റെ പേരിൽ കൊടുത്തുവെന്ന് പറഞ്ഞാലും ഫലം ഒന്നു തന്നെയാണ്. അല്പസ്വൽപം സംഭവങ്ങളിൽ വ്യത്യാസങ്ങൾ വിവരിക്കപ്പെട്ടിട്ടുണ്ടെങ്കിലും അതിൽ നിന്നെടുക്കുന്ന പരിണതഫലം ഒന്നുതന്നെയാണ്.

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ(റ) നിവേദനം. 'ഈദു ദിവസം, നബി(സ)തിരുമേനിയ്ക്കു മുന്നിൽ കുന്തം അഥവാ അമ്പുമായി നടന്നുപോകുമായിരുന്നു. അതായത് ഈദ് ദിവസം ഒരാൾ നബി(സ)തിരുമേനിയ്ക്കു മുന്നിൽ കുന്തവും പിടിച്ച് നടന്നിരുന്നു. പൊതുവിൽ അത് ബിലാലാണ് വഹിച്ചിരുന്നത്. മുഹമ്മദ് ബിൻ ഉമർ(റ) നിവേദനം. 'ബിലാൽ, ഒരു കുന്തം(അമ്പ്) നബി(സ)തിരുമേനിയ്ക്കു മുന്നിൽ നാട്ടിനിറുത്തിയിരുന്നു. അക്കാലത്ത് ഈദ്ഗാഹ്, മൈതാനമായിരുന്നു. അതായത് വിസ്തൃതമായ മൈതാനമായിരുന്നു ഈദ്ഗാഹ്. (അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 3, പേജ് 177, ബിലാൽ ബിൻ റബാഹ്, ദാറുൽകുതുബുൽ ഇൽമിയ്യ് ബെയ്റുത്ത് 2017)

ഒരു നിവേദനത്തിൽ പറയുന്നു, ഹബ്ശയിലെ നജ്ജാശി രാജാവ്, നബി(സ)തിരുമേനിയ്ക്ക് മൂന്ന് അമ്പുകൾ ഉപഹാരമായി കൊടുത്തയച്ചിരുന്നു. ഒന്ന് നബി(സ)തിരുമേനി വെക്കുകയും ഒന്ന് ഹദ്റത്ത് അലി ബിൻ അബീത്വാലിബിനും മറ്റൊന്ന് ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബ്(റ)നും നൽകുകയുണ്ടായി. നബി(സ)തിരുമേനി തന്റെ കൈയിൽവെച്ചിരുന്ന അമ്പ് ഹദ്റത്ത് ബിലാൽ(റ) പിടിച്ച് ഈദു ദിവസങ്ങളിൽ നബി(സ)തിരുമേനിക്കു മുന്നിൽ നടക്കുകയും പിന്നെ നബി(സ)തിരുമേനിക്ക് മുന്നിൽ നാട്ടിനിറുത്തുകയും ചെയ്തിരുന്നു. നബി(സ)തിരുമേനി അതിന് അഭിമുഖമായി നിന്നുകൊണ്ടാണ് നമസ്ക്കരിച്ചിരുന്നത്. നബി(സ)തിരുമേനിയുടെ വഫാത്തിനുശേഷം ഹദ്റത്ത് ബിലാൽ, ഹദ്റത്ത് അബൂബക്റിന് മുന്നിൽ അതുമായി നേരത്തെ പറഞ്ഞതുപോലെ നടന്നിരുന്നു. (അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 3, പേജ് 178, ബിലാൽ ബിൻ റബാഹ്, ദാറുൽകുതുബുൽ ഇൽമിയ്യ് ബെയ്റുത്ത് 2017)

നിവേദനത്തിൽ ഇതുതന്നെയാണ് വരുന്നത്, നബി(സ)തിരുമേനിയുടെ വഫാത്തിനുശേഷം, ഹദ്റത്ത് ബിലാൽ, ജിഹാദിൽ പങ്കെടുക്കാൻ ശാമിലേക്ക് പോവുകയാണുണ്ടായത്. നിവേദനത്തിൽ വന്ന വിവരണം ഇങ്ങനെയാണ്, നബി(സ)തിരുമേനിയുടെ വഫാത്തിനുശേഷം, ഹദ്റത്ത് ബിലാൽ, ഹദ്റത്ത് അബൂബക്റിന്റെ സവിധത്തിലെത്തി പറഞ്ഞു: 'അല്ലയോ ഖലീഫത്തുർറസൂൽ! ഒരു വിശ്വാസിയുടെ ഏറ്റവും ശ്രേഷ്ഠമായ കർമം അല്ലാഹുവിന്റെ മാർഗത്തിലുള്ള ജിഹാദാണെന്ന് നബി(സ)തിരുമേനി പറഞ്ഞതായി ഞാൻ കേട്ടിട്ടുണ്ട്.' ഹദ്റത്ത് അബൂബക്ർ പറഞ്ഞു: 'ബിലാൽ! താങ്കൾ എന്താണ് ഉദ്ദേശിക്കുന്നത്?' ഹദ്റത്ത് ബിലാൽ മറുപടിയായി പറഞ്ഞു: 'എന്നെ അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യാൻ വിടണമെന്നും അങ്ങനെ വധിക്കപ്പെടണമെന്നുമാണ് ഞാൻ ആഗ്രഹിക്കുന്നത്.' ഹദ്റത്ത് അബൂബക്ർ പറഞ്ഞു: ബിലാലേ, ഞാൻ അല്ലാഹുവിനെ മുൻനിറുത്തി താങ്കളോട് പറയുകയാണ്, എന്റെ അന്തസും അവകാശവും ഓർമപ്പെടുത്തിക്കൊള്ളുന്നു. ഞാൻ വൃദ്ധനും ദുർബലനുമായിരിക്കുന്നു. എന്റെ മരണം സമീപസ്ഥമാണ്. ആയതിനാൽ എന്റെ അടുക്കൽത്തന്നെ തങ്ങുക. അതുകേട്ടപ്പോൾ ഹദ്റത്ത് ബിലാൽ, ഹദ്റത്ത് അബൂബക്ർ(റ)ന്റെ വഫാത്തുവരേയും അദ്ദേഹത്തിന്റെ അടുക്കൽത്തന്നെ തങ്ങുകയുണ്ടായി. ഹദ്റത്ത് അബൂബക്ർ(റ)ന്റെ വഫാത്തിനെ തുടർന്ന് ഹദ്റത്ത് ബിലാൽ, ഹദ്റത്ത് ഉമർ(റ)ന്റെ അടുക്കൽ വന്ന് ഹദ്റത്ത് അബൂബക്റിനോട് പറഞ്ഞതുതന്നെ ആവർത്തിച്ചു. ഹദ്റത്ത് ഉമർ, ഹദ്റത്ത് അബൂബക്ർ നൽകിയ മറുപടിത്തന്നെ നൽകിയെങ്കിലും ഹദ്റത്ത് ബിലാൽ അത് അംഗീകരിച്ചില്ല. ഹദ്റത്ത് ബിലാൽ, ജിഹാദിന് പോകാൻ ശാഠ്യം പിടിക്കുകയായിരുന്നു. അദ്ദേഹം, ഹദ്റത്ത് ഉമറിന് മുന്നിൽ അക്കാര്യത്തിൽത്തന്നെ വാശിപിടിക്കുകയാണുണ്ടായത്. ഹദ്റത്ത് ഉമർ അദ്ദേഹത്തോട് ചോദിച്ചു; ഞാൻ താങ്കൾക്കുശേഷം, ബാങ്ക് കൊടുക്കാൻ ആരെ ചുമതലപ്പെടുത്തും? ഹദ്റത്ത് ബിലാൽ പറഞ്ഞു; ഹദ്റത്ത് സഅ്ദിനെ ഏൽപ്പിച്ചാലും. കാരണം അദ്ദേഹം റസൂലുല്ലാഹ്(സ)യുടെ കാലത്ത് ബാങ്ക് കൊടുത്തിട്ടുണ്ട്. ചുരുക്കത്തിൽ ഹദ്റത്ത് ഉമർ, ഹദ്റത്ത് സഅ്ദിനും അദ്ദേഹത്തിന്റെ വഫാത്തിനുശേഷം അദ്ദേഹത്തിന്റെ കുടുംബത്തിനും ബാങ്കിനുള്ള ചുമതല നൽകുകയുണ്ടായി. ഹദ്റത്ത് ബിലാലിനെ അദ്ദേഹത്തിന്റെതന്നെ നിർബന്ധപ്രകാരം ജിഹാദിന് അയക്കുകയും ചെയ്തു. ഇതാണ് നിവേദനത്തിൽ ഉള്ളത്.(അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 3, പേജ് 178, ബിലാൽ ബിൻ റബാഹ്, ദാറുൽകുതുബുൽ ഇൽമിയ്യ് ബെയ്റുത്ത് 2017)

മറ്റൊരു നിവേദനത്തിൽ ബാങ്ക് കൊടുക്കുന്നത് സംബന്ധിച്ച്, ഹദ്റത്ത് ബിലാലും ഹദ്റത്ത് അബൂബക്റും തമ്മിൽ നടന്ന സംഭാഷണത്തെ കുറിച്ച് പറയുന്നു: ഹദ്റത്ത് മൂസാ ബിൻ മുഹമ്മദ് തന്റെ പിതാവിൽനിന്ന് നിവേദനം. നബി(സ)തിരുമേനി വഫാത്തായപ്പോൾ ആ മഹാത്മാവിനെ ഖബ്റടക്കുന്നതിനുമുമ്പേ ആ ദിവസം ഹദ്റത്ത് ബിലാൽ(റ) ബാങ്ക് കൊടുത്തിരുന്നു. അദ്ദേഹം അശ്ഹദു അൻല്ലാ ഇലാഹ ഇല്ലല്ലാഹ് എന്ന് പറഞ്ഞപ്പോൾ, അതായത് അദ്ദേഹം തന്റെ ശൈലിയിൽ 'അസ്ഹദു' എന്ന് പറഞ്ഞപ്പോൾ മസ്ജിദിൽ ജനങ്ങളുടെ ഏങ്ങലടികൾ ഉയർന്നു. നബി(സ)തിരുമേനിയെ ഖബ്റടക്കിയതിനുശേഷം ഹദ്റത്ത് അബൂബക്ർ, ഹദ്റത്ത് ബിലാലിനോട് ബാങ്ക് കൊടുക്കാൻ പറഞ്ഞപ്പോൾ ഹദ്റത്ത് ബിലാൽ മറുപടിയായി പറഞ്ഞു, 'ഞാൻ അങ്ങയുടെ കൂടെത്തന്നെ താമസിക്കുന്നതിനു വേണ്ടിയാണോ അങ്ങ് എന്നെ സ്വതന്ത്രനാക്കിയത്? അങ്ങനെയാണെങ്കിൽ ഇനി താങ്കൾ പറയുന്നതുപോലെ ചെയ്യുക മാത്രമേ നിർവാഹമുള്ളൂ. എന്നാൽ, അങ്ങ് എന്നെ അല്ലാഹുവിനുവേണ്ടിയാണ് സ്വതന്ത്രനാക്കിയതെങ്കിൽ എന്നെ സ്വതന്ത്രനാക്കിയ കാര്യത്തിനുവേണ്ടി എന്നെ വിട്ടയച്ചാലും!' ഹദ്റത്ത് അബൂബക്ർ പറഞ്ഞു: 'ഞാൻ താങ്കളെ അല്ലാഹുവിനെ മുൻനിറുത്തിയാണ് സ്വതന്ത്രനാക്കിയത്.' അപ്പോൾ ഹദ്റത്ത് ബിലാൽ പറഞ്ഞു: 'നബി(സ)തിരുമേനിയുടെ വഫാത്തിനുശേഷം ഇനി ഞാൻ മറ്റാർക്കുവേണ്ടിയും ബാങ്ക് കൊടുക്കുന്നതല്ല.' ഹദ്റത്ത് അബൂബക്ർ പറഞ്ഞു: 'അത് താങ്കളുടെ ഇഷ്ടം!' തുടർന്ന് ഹദ്റത്ത് ബിലാൽ മദീനയിൽത്തന്നെ താമസിച്ചു. അങ്ങനെ ഹദ്റത്ത് ഉമറിന്റെ ഖിലാഫത്ത് കാലത്ത് ശാമിലേക്ക് സൈന്യം പുറപ്പെട്ടപ്പോൾ ഹദ്റത്ത് ബിലാലും ആ സൈന്യത്തോടൊപ്പം ശാമിലേക്ക് പോയി. (അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 3, പേജ് 178, ബിലാൽ ബിൻ റബാഹ്, ദാറുൽകുതുബുൽ ഇൽമിയ്യ് ബെയ്റുത്ത് 2017)

ഉസുദുൽ ഗാബയിലെ നിവേദനപ്രകാരം പറയുന്നു: 'ഹദ്റത്ത് ബിലാൽ ഹദ്റത്ത് അബൂബക്റിനോട് പറഞ്ഞു, 'അങ്ങ് എന്നെ അങ്ങയ്ക്കുവേണ്ടിയാണ് സ്വതന്ത്രനാക്കിയതെങ്കിൽ അങ്ങയുടെ അടുക്കൽത്തന്നെ നിറുത്തിക്കൊള്ളുക. എന്നാൽ, അങ്ങ് എന്നെ അല്ലാഹുവിന്റെ മാർഗത്തിലാണ് സ്വതന്ത്രനാക്കിയതെങ്കിൽ എന്നെ അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദിന് വിടുക.' അപ്പോൾ ഹദ്റത്ത് അബൂബക്ർ, ഹദ്റ


**തിരുനബിയുടെ തിരുമൊഴികൾ:**

**അബൂഹുറയ്റ(റ)നിവേദനം. നബി(സ)തിരുമേനി പറഞ്ഞു:**
**'ഇമാം ആമീൻ പറഞ്ഞാൽ നിങ്ങളും ആമീൻ പറയുവിൻ. കാരണം മലക്കുകളുടെ ആമീൻ പറയലുമായി ആരുടെ ആമീൻ ഒന്നിച്ചു വരുന്നുവോ അവന്റെ മുൻകാല പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്.'**
**(മുസ്‌ലിം, ഹദീഥ് 284)**

**ത്വാലിബെ ദുആ:**
**Rahman Shakeer & Family, Ahmadiyya Jama-ath Karulai, Kerala**

**തിരുനബിയുടെ തിരുമൊഴികൾ:**

***"അനസ്(റ)നിവേദനം. നബി(സ)പറഞ്ഞു:***
***'നിങ്ങൾ സുജൂദ് ചൊവ്വായി നിർവഹിക്കുക. നിങ്ങളാരും നായ (കൈകൾ) വിരിച്ചുവെക്കുംവിധം തന്റെ മുഴംകൈകൾ വിരിച്ചുവെക്കരുത്."(മുസ്‌ലിം, ഹദീഥ് 300)***

**ത്വാലിബെ ദുആ:**
**P.P.Raheem & Family,Ahmadiyya Jama-ath Payangadi, Kerala**

ത്ത് ബിലാലിനോട് പറഞ്ഞു, 'പൊയ്ക്കൊള്ളുക.' അങ്ങനെ ഹദ്റത്ത് ബിലാൽ ശാമിലേക്ക് പോയി. വഫാത്തുവരേയും അവിടെതന്നെ താമസിച്ചു. അധികം നിവേദനങ്ങളിലും കാണപ്പെടുന്നത്, അദ്ദേഹം ഹദ്റത്ത് അബൂബക്റിന്റെ കാലത്ത് പോയിരുന്നില്ലെന്നും ഹദ്റത്ത് ഉമറിന്റെ കാലത്താണ് പോയതെന്നുമാണ്. ഒരു നിവേദനപ്രകാരം ഹദ്റത്ത് ബിലാൽ, നബി(സ) തിരുമേനിയുടെ വഫാത്തിനുശേഷം ഹദ്റത്ത് അബൂബക്റിന്റെ ഖിലാഫത്ത് കാലത്തും ബാങ്ക് കൊടുത്തുകൊണ്ടിരുന്നുവെന്ന് കാണപ്പെടുന്നുണ്ട്.(ഉസുദുൽ ഗാബ ഫീ മഅ്രിഫത്തിസ്സഹാബ, വാള്യം 1, പേജ് 416, ബിലാൽ ബിൻ റബാഹ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ).

ഒരു നിവേദനം ഇങ്ങനെ ചെയ്യപ്പെട്ടിട്ടുണ്ട്. 'ഒരിക്കൽ ഹദ്റത്ത് ബിലാൽ, നബി(സ)തിരുമേനിയെ സ്വപ്നത്തിൽ കാണുകയുണ്ടായി. നബി(സ)തിരുമേനി പറഞ്ഞു: 'ബിലാലേ! നമ്മെ സന്ദർശിക്കാൻ വരാനുള്ള സമയം ഇനിയുമായിട്ടില്ലേ? ഇത് എന്തുമാത്രം ശിലാഹൃദയമാണ്!' ഹദ്റത്ത് ബിലാൽ വളരെയധികം സങ്കടത്തോടെയാണ് ഉണർന്നത്. അന്ന് ശാമിലായിരുന്ന അദ്ദേഹം മദീനയിലേക്ക് പുറപ്പെട്ടു. നബി(സ) തിരുമേനിയുടെ പരിശുദ്ധ മഖ്ബറയിൽ പോയി. അനിയന്ത്രിതമായി കരയാൻ തുടങ്ങി. അദ്ദേഹം തേങ്ങുകയായിരുന്നു. ഇത്രയുമായപ്പോഴേക്കും ഹദ്റത്ത് ഹസനും ഹുസയ്നും എത്തി. ഹദ്റത്ത് ബിലാൽ, അവരെ ഉമ്മ വെച്ചു. അവരെ ആലിംഗനം ചെയ്യുകയുമുണ്ടായി. അപ്പോൾ ഹദ്റത്ത് ഹസനും ഹദ്റത്ത് ഹുസയ്നും ഹദ്റത്ത് ബിലാലിനോട് പറഞ്ഞു: 'സുബ്ഹിക്ക് അങ്ങ് ബാങ്ക് കൊടുക്കണമെന്നാണ് ഞങ്ങളാഗ്രഹിക്കുന്നത്.' അങ്ങനെ അദ്ദേഹം മസ്ജിദിന്റെ മേൽകൂരയിൽ കയറി. നിവേദകൻ പറയുന്നു, ഹദ്റത്ത് ബിലാൽ, അല്ലാഹു അക്ബർ, അല്ലാഹു അക്ബർ എന്നീ പദങ്ങൾ പറഞ്ഞപ്പോൾ തന്നെ മദീന കോരിത്തരിച്ചുപോയി. തുടർന്ന് അദ്ദേഹം അശ്ഹദു അൻലാഇലാഹ ഇല്ലല്ലാഹ് എന്ന് പറഞ്ഞപ്പോൾ കുറേക്കൂടി ആവേശഭരിതരായി ജനങ്ങൾ ഉറക്കമുണർന്നു. പിന്നെ അദ്ദേഹം അശ്ഹദു അന്ന മുഹമ്മദർറസൂലുല്ലാഹ് എന്ന് പറഞ്ഞപ്പോൾ, സ്ത്രീകൾ തങ്ങളുടെ മുറികളിൽനിന്ന് പുറത്തേക്ക് വന്നു തുടങ്ങി. നിവേദകൻ പറയുന്നു, അന്നത്തേക്കാൾ കൂടുതൽ, സ്ത്രീകളും പുരുഷന്മാരും കരഞ്ഞതായി കണ്ടിട്ടില്ല. നബി(സ)തിരുമേനിയുടെ കാലവും ആ ബാങ്കും ഓർമ വന്നപ്പോൾ ജനങ്ങൾ അസ്വസ്ഥരായി മാറി. (ഉസുദുൽ ഗാബ ഫീ മഅ്രിഫത്തിസ്സഹാബ, വാള്യം 1, പേജ് 417, ബിലാൽ ബിൻ റബാഹ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്, ലബ്നാൻ).

ഹദ്റത്ത് ഉമറിന്റെ ഖിലാഫത്ത് കാലത്ത് ഹദ്റത്ത് ബിലാൽ ജിഹാദിനു പോകാൻ അനുമതി തേടിയപ്പോൾ, ഹദ്റത്ത് ഉമർ ചോദിച്ചു: 'ബാങ്ക് കൊടുക്കുന്നതിൽനിന്ന് താങ്കളെ എന്ത് കാര്യമാണ് തടയുന്നത്?' ഹദ്റത്ത് ബിലാൽ മറുപടിയായി പറഞ്ഞു: 'ഞാൻ നബി(സ)തിരുമേനിയുടെ കൽപ്പന പ്രകാരമാണ് ബാങ്ക് കൊടുത്തിരുന്നത്. നബി(സ)തിരുമേനി വഫാത്തായപ്പോൾ ഹദ്റത്ത് അബൂബക്റിന്റെ കൽപ്പന പ്രകാരമാണ് ബാങ്ക് കൊടുത്തത്. കാരണം അദ്ദേഹം എന്റെ അനുഗ്രഹങ്ങളുടെ മേൽനോട്ടക്കാരനായിരുന്നു. അങ്ങനെ അദ്ദേഹവും വഫാത്തായിരിക്കുന്നു. നബി(സ)തിരുമേനി ഇങ്ങനെ പറയുന്നതായി ഞാൻ കേട്ടിരുന്നു, അല്ലാഹുവിന്റെ മാർഗത്തിലുള്ള ജിഹാദിനേക്കാളും വലിയൊരു ഇബാദത്തും ഇല്ല.' തുടർന്ന് ഹദ്റത്ത് ബിലാൽ ശാമിലേക്ക് പോയി. ഹദ്റത്ത് ഉമർ ശാമിലേക്ക് പോയപ്പോൾ, ഹദ്റത്ത് ഉമറിന്റെ ആവശ്യപ്രകാരം ഹദ്റത്ത് ബിലാൽ ബാങ്ക് കൊടുക്കുകയുണ്ടായി. നിവേദകൻ പറയുന്നു, ഞങ്ങൾ, അദ്ദേഹം അന്ന് കരഞ്ഞത്രയും അതിന് മുമ്പേ കരയുന്നത് കണ്ടിട്ടില്ല.(ഉസുദുൽ ഗാബ ഫീ മഅ്രിഫത്തിസ്സഹാബ, വാള്യം 1, പേജ് 416–417, ബിലാൽ ബിൻ റബാഹ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്, ലബ്നാൻ).

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ) ഹദ്റത്ത് ബിലാലിന്റെ അവസാന നാളുകളെ പരാമർശിച്ച് കൊണ്ട് പറയുന്നു: 'ഹദ്റത്ത് ബിലാൽ, അവസാന നാളുകളിൽ ശാമിലേക്ക് പോയിരുന്നു. അദ്ദേഹവുമായി ആരും വിവാഹബന്ധത്തിന് തയ്യാറായില്ല എന്നും പറയുന്നുണ്ട്. പക്ഷേ, നേരത്തെ നൽകിയ വിവരണത്തിൽ അദ്ദേഹം നിരവധി വിവാഹങ്ങൾ ചെയ്തിട്ടുണ്ടെന്ന് പറഞ്ഞിരുന്നു. ചിലർ അദ്ദേഹം ശാമിലേക്ക് പോകുന്നതുകൊണ്ട് വിവാഹബന്ധത്തിന് തയ്യാറായിട്ടുണ്ടാകില്ല, അല്ലെങ്കിൽ ശാമിൽ പോയപ്പോൾ വിവാഹബന്ധം ലഭിച്ചിട്ടുണ്ടാകില്ല എന്നും പറയുന്നുണ്ട്. ഏതായാലും ലഭ്യമായ നിവേദനങ്ങൾ അനുസരിച്ച് നബി(സ)തിരുമേനിയുടെ കാലത്തുതന്നെ അദ്ദേഹം നിരവധി വിവാഹങ്ങൾ ചെയ്തിട്ടുണ്ട്. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) എഴുതുന്നു: അദ്ദേഹം ശാമിൽ ഒരിടത്ത് വിവാഹ അഭ്യർഥന നടത്തിക്കൊണ്ട് പറഞ്ഞു: 'ഞാനൊരു നീഗ്രോ അടിമയാണ്. വിവാഹബന്ധം നൽകുന്നില്ലെങ്കിൽ അത് നിങ്ങളുടെ ഇഷ്ടം. എന്നാൽ, നബി(സ)തിരുമേനിയുടെ സ്വഹാബിയാണെന്ന് പരിഗണിച്ചുകൊണ്ട് ഞാനുമായി വിവാഹത്തിന് തയ്യാറായാൽ അത് നിങ്ങളുടെ ഔദാര്യം!' അവർ വിവാഹബന്ധം നൽകി. അദ്ദേഹം ശാമിൽത്തന്നെ താമസിക്കുകയുണ്ടായി. ഏതായിരുന്നാലും അദ്ദേഹം നേരത്തേയും വിവാഹങ്ങൾ ചെയ്തിട്ടുണ്ട്. ആദ്യഭാര്യമാർ വഫാത്തായിട്ടുണ്ടാകാം. അതല്ലെങ്കിൽ ആരും കൂടെ പോകാൻ തയ്യാറായിട്ടുണ്ടാകില്ല. അതുമല്ലെങ്കിൽ അദ്ദേഹം, ശാമിൽ ഒരു വിവാഹബന്ധം ഉണ്ടാക്കാൻ ആഗ്രഹിച്ചതായിരിക്കാം. ഏതായാലും അദ്ദേഹം നേരത്തെതന്നെ, വിവാഹങ്ങൾ ചെയ്തിരുന്നു എന്ന വിശദീകരണം ഇവിടെ നൽകുകയാണ്. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) എഴുതുന്നു: മറ്റു നിവേദനങ്ങൾ പറയുന്നത് ആരും അദ്ദേഹത്തിന് വിവാഹബന്ധം നൽകാൻ തയ്യാറായില്ല എന്നാണ്. ഏതു സാഹചര്യത്തിലാണ് ഇത് എഴുതിയതെന്ന് അല്ലാഹുവിനെ നന്നായി അറിയൂ. ചുരുക്കത്തിൽ അദ്ദേഹം അവിടെ, വിവാഹബന്ധം ആവശ്യപ്പെടുകയും അങ്ങനെ വിവാഹം കഴിക്കുകയും ശാമിൽത്തന്നെ താമസമാക്കുകയും ചെയ്തു. വാസ്തവത്തിൽ അദ്ദേഹത്തിന്റെ സ്വപ്നമാണ് പരാമർശിക്കുന്നത്. വിവാഹം അനുബന്ധമായി വന്നുപോയതാണ്.

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) എഴുതുന്നു: ഒരിക്കൽ നബി(സ)തിരുമേനി, സ്വപ്നത്തിൽ ഹദ്റത്ത് ബിലാലിന്റെ അടുത്തുവന്ന് പറഞ്ഞു: 'ബിലാലേ! താങ്കൾ നമ്മെ മറന്നിരിക്കുകയാണോ? ഒരിക്കലും നമ്മുടെ ഖബ്ർ സന്ദർശിക്കാൻ താങ്കൾ വന്നില്ലല്ലോ?' അങ്ങനെ അദ്ദേഹം അപ്പോൾത്തന്നെ എഴുന്നേറ്റ് യാത്രാ സൗകര്യങ്ങൾ തയ്യാറാക്കി മദീനയിലേക്കുപോയി. നബി(സ)തിരുമേനിയുടെ ഖബ്റിൽ പോയി കരഞ്ഞു കരഞ്ഞു ദുആ ചെയ്തു. ആ സമയത്ത് അദ്ദേഹത്തിനുണ്ടായ, വൈകാരികമായ വേദന കാരണം, ബിലാൽ എത്തിയിരിക്കുന്നു എന്ന കാര്യം പരന്നു തുടങ്ങി. ഹദ്റത്ത് ഹസനും ഹുസയ്നും അപ്പോൾ മുതിർന്നവരായിട്ടുണ്ടായിരുന്നു. അവർ ഓടിവന്ന് അദ്ദേഹത്തോട് പറഞ്ഞു: 'അങ്ങ് അല്ലാഹുവിന്റെ റസൂലിന്റെ കാലഘട്ടത്തിൽ ബാങ്ക് കൊടുത്തിട്ടുണ്ട്.' അദ്ദേഹം പറഞ്ഞു: 'അതേ.' അപ്പോൾ അവർ പറഞ്ഞു: 'ഞങ്ങൾക്കും ആ ബാങ്ക് കേൾപ്പിച്ചാലും.' അങ്ങനെ അദ്ദേഹം ബാങ്ക് വിളിക്കുകയും ജനങ്ങൾ അത് കേൾക്കുകയും ചെയ്തു.(ഖുത്ബാത്തെ മഹ്മൂദ് വാള്യം 25, പേജ് 182, ഖുത്ബ ജുമുഅ 10–3– 1944)

ഹദ്റത്ത് ഉമർ തന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ, ശാമിൽ വസീഫ അഥവാ വേതനം (stipend)നല്കുന്നതിനുവേണ്ടി രജിസ്റ്റർ തയ്യാറാക്കി. അതായത് അക്കൗണ്ട് രജിസ്റ്ററും മറ്റും ഉണ്ടാക്കുകയും എല്ലാ റക്കാർഡുകളും പൂർണമാക്കുകയുമുണ്ടായി. അപ്പോഴാണ് ബിലാൽ ശാമിലേക്ക് പോവുകയും അവിടെ മുജാഹിദീങ്ങളോടൊപ്പം താമസിക്കുകയും ചെയ്തത്. ഹദ്റത്ത് ഉമർ, ഹദ്റത്ത് ബിലാലിനനോട് ചോദിച്ചു: 'ബിലാലേ! താങ്കൾ താങ്കളുടെ വേതനം സംബന്ധിച്ച രജിസ്റ്റർ ആരുടെ പക്കലാണ് ഏൽപ്പിക്കുക?' അതായത് താങ്കളുടെ കണക്കുകളുടെ കാര്യങ്ങൾക്ക് താങ്കൾ ആരെയാണ് ചുമതലപ്പെടുത്തുന്നത്? ഇവിടെ ആരായിരിക്കും താങ്കളുടെ പ്രതിനിധി? അദ്ദേഹം മറുപടി പറഞ്ഞു: 'അബൂറുവയ്ഹയുടെ പക്കൽ ഏൽപ്പിക്കുന്നു. നബി(സ)തിരുമേനി എനിക്കും അദ്ദേഹത്തിനുമിടയിൽ ഉണ്ടാക്കിയ സാഹോദര്യം ഞാൻ ഒരിക്കലും ഉപേക്ഷിക്കുന്നതല്ല.' (അത്ത്വബക്കാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ് വാള്യം 3, പേജ് 176, ബിലാൽ ബിൻ റബാഹ, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2017)

ഹദ്റത്ത് ബിലാലിന്റെ ശുദ്ധഗതിയെ സംബന്ധിച്ച് ഒരു നിവേദനത്തിൽ ഇങ്ങനെ പറയുന്നു: 'അംറ് ബിൻ മയ്മൂൻ തന്റെ പിതാവിൽനിന്ന് നിവേദനം. ഹദ്റത്ത് ബിലാലിന്റെ സഹോദരൻ താൻ അറബിയാണെന്ന് പറഞ്ഞിരുന്നു. അദ്ദേഹം താൻ അവരിൽപ്പെട്ടവനാണെന്ന് കരുതിയിരുന്നു. അദ്ദേഹം അറേബ്യയിലെ ഒരു സ്ത്രീയുടെ അടുക്കൽ വിവാഹാലോചന നടത്തി. അവർ പറഞ്ഞു: 'ഹദ്റത്ത് ബിലാൽ വരട്ടെ, എന്നിട്ട് താങ്കളുമായി വിവാഹം ചെയ്യുന്നതാണ്.' പിന്നെ ബിലാൽ എത്തി. അദ്ദേഹം തശഹ്ഹുദ് ചൊല്ലിയ ശേഷം പറഞ്ഞു, 'ഞാൻ ബിലാൽ ബിൻ റബാഹ് ആകുന്നു. ഇത് എന്റെ സഹോദരനാകുന്നു. സ്വഭാവപരമായും ദീനിപരമായും നല്ല ആളല്ല. നിങ്ങൾ ഇദ്ദേഹത്തെ വിവാഹം ചെയ്യാൻ ഉദ്ദേശിക്കുന്നുവെങ്കിൽ വിവാഹം ചെയ്തു കൊള്ളുക. ഇനി ഉപേക്ഷിക്കുകയാണെങ്കിൽ അങ്ങനെയുമാകാം.' അവർ പറഞ്ഞു, 'അങ്ങാണ് ഇയാളുടെ സഹോദരനെങ്കിൽ ഇദ്ദേഹത്തെ വിവാഹം കഴിക്കുന്നതാണ്.' അങ്ങനെ അവർ അദ്ദേഹത്തിന്റെ സഹോദരനെ വിവാഹം കഴിച്ചു.(അത്ത്വബക്കാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ് വാള്യം 3, പേജ് 179, ബിലാൽ ബിൻ റബാഹ, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2017)

സയ്ദ് ബിൻ അസ്ലം(റ) നിവേദനം. ബനൂ അബീബുകയ്ർ, നബി(സ)തിരുമേനിയുടെ സവിധത്തിലെത്തി, ഇന്ന ആളുമായി ഞങ്ങളുടെ സഹോദരിയുടെ വിവാഹം നടത്തണമെന്ന് അപേക്ഷിച്ചു. നബി(സ)തിരുമേനി പറഞ്ഞു: 'ബിലാലിനെ പറ്റി എന്താണ് നിങ്ങളുടെ അഭിപ്രായം?' അവർ രണ്ടാമതും വന്ന് പറഞ്ഞു: 'യാ റസൂലല്ലാഹ്, ഇന്ന വ്യക്തിയുമായി ഞങ്ങളുടെ സഹോദരിയുടെ വിവാഹം നടത്തി തന്നാലും!' നബി(സ)തിരുമേനി അവരോട് ചോദിച്ചു: 'ബിലാലിനെ പറ്റി എന്താണ് നിങ്ങളുടെ അഭിപ്രാ

യം?' അവർ അത് നിരസിച്ചുപോയി. മൂന്നാമതും വന്നു പറഞ്ഞു:'യാ റസൂലല്ലാഹ്! ഇന്ന വ്യക്തിയുമായി ഞങ്ങളുടെ സഹോദരിയുടെ വിവാഹം നടത്തി തന്നാലും!' നബി(സ)തിരുമേനി പറഞ്ഞു: 'ബിലാലിനെ പറ്റി എന്താണ് ജനങ്ങളുടെ അഭിപ്രായം?' അതായത് സ്വർഗവാസികളിൽപെട്ട വ്യക്തിയെ സംബന്ധിച്ച് എന്താണ് അഭിപ്രായം? നിവേദകൻ പറയുന്നു: 'അപ്പോൾ അവർ ഹദ്റത്ത് ബിലാലുമായി തങ്ങളുടെ സഹോദരിയുടെ വിവാഹം നടത്തി.'(അത്ത്വബക്കാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ് വാള്യം 3, പേജ് 179, ബിലാൽ ബിൻ റബാഹ, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 2017)

ഹദറത്ത് മുസ്‌ലിഹ് മൗഊദ്, ഹദ്റത്ത് ബിലാലിന്റെ വിവാഹങ്ങൾ നടന്നില്ലാ എന്ന് എഴുതിയത് ഏതെങ്കിലും സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ ആയിരിക്കാം. വിവാഹങ്ങൾ നേരത്തേയും നടന്നിരുന്നു. ഇത് സംബന്ധിച്ച് ഇതും ഒരു ഉദ്ധരണിയാണ്. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സഹിബ്(റ) എഴുതുന്നു: 'ഒരിക്കൽ ഹദ്റത്ത് ഉമറിന്റെ ഖിലാഫത്ത് കാലത്ത്, അബൂസുഫ്യാനും മക്കാവിജയത്തിൽ മുസ്‌ലിമീങ്ങളായ മറ്റു മൂപ്പന്മാരും ഹദ്റത്ത് ഉമറിനെ സന്ദർശിക്കാൻ വന്നിരുന്നു. (ഇത് രണ്ട് പ്രാവിശ്യം ഇവിടെ എഴുതിയിട്ടുണ്ടെന്ന് തോന്നുന്നു) യാദൃച്ഛികമെന്ന് പറയട്ടെ. അതേസമയത്തുതന്നെ, ബിലാലും അമ്മാറും സുഹയ്ബും മറ്റും ഹദ്റത്ത് ഉമറിനെ കാണാൻ വന്നിരുന്നു. ഇവർ അടിമകളും നിർധനരുമായി കഴിഞ്ഞവരായിരുന്നു. പക്ഷേ, ആദ്യകാലത്ത് ഇസ്‌ലാം സ്വീകരിച്ചവരും ആയിരുന്നു. ഹദ്റത്ത് ഉമറിന് അറിയിപ്പ് കൊടുത്തപ്പോൾ, അദ്ദേഹം ബിലാലിനേയും മറ്റും ആദ്യം കൂടിക്കാഴ്ചയ്ക്ക് വിളിച്ചു. അബൂസുഫ്യാന്റെ ഉള്ളിൽ ഇപ്പോഴും ജാഹിലിയ്യത്തിന്റെ നാഡിമിടിപ്പ് ഉണ്ടായിരുന്നു. ഈ അവസ്ഥ കണ്ടപ്പോൾ അയാളുടെ ശരീരത്തിൽ തീപിടിച്ചപോലെയായി. അയാൾ പറഞ്ഞു, 'നമ്മൾ കാത്തിരിക്കുകയും ഈ അടിമകൾക്ക് കൂടിക്കാഴ്ചയ്ക്ക് അവസരം ലഭിക്കുകയും ചെയ്തിരിക്കുന്നു. ഈ ദൈന്യതയും നമുക്ക് കാണേണ്ടി വന്നിരിക്കുന്നു. സുഹയ്ൽ ഉടൻ മറുപടിയായി പറഞ്ഞു, 'ഇത് ആരുടെ കുറ്റമാണ്. മുഹമ്മദ്(സ)നമ്മളെയെല്ലാം അല്ലാഹുവിലേക്ക് ക്ഷണിച്ചു. എന്നാൽ, ഇവർ ഉടൻതന്നെ വിശ്വസിച്ചു. നമ്മൾ താമസിച്ചുപോയി. എന്നിരിക്കേ അവർക്ക് നമുക്കുമേൽ ശ്രേഷ്ഠത ഉണ്ടാകേണ്ടതല്ലേ?'(സീറത്തു ഖാത്തമുന്നബിയ്യീൻ പേജ് 369)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ), ഹദ്റത്ത് ബിലാലിന്റെ സ്ഥാനമാഹാത്മ്യം പരാമർശിച്ചുകൊണ്ട് ഈ സംഭവം ഇങ്ങനെ വിവരിക്കുന്നു:'ഹദ്റത്ത് ഉമർ, തന്റെ ഖിലാഫത്ത് കാലത്ത് ഒരിക്കൽ മക്കയിൽ വന്നു. അപ്പോൾ, തലയിലെ മുടിയിൽ പിടിച്ച് ഒരുകാലത്ത് വലിച്ചിഴക്കപ്പെട്ടിരുന്ന അടിമവംശജരായ സ്വഹാബാക്കകൾ ഓരോരുത്തരായി ഹദ്റത്ത് ഉമറിനെ സന്ദർശിക്കാൻ വന്നു തുടങ്ങി. അത് ഒരു ഈദ് ദിവസമായിരുന്നു. ഈ അടിമവംശജരായ സ്വഹാബാക്കൾ എത്തുന്നതിനുമുമ്പേ, മക്കയിലെ വലിയ വലിയ മൂപ്പന്മാരുടെ മക്കൾ ഹദ്റത്ത് ഉമറിന് സലാം പറയാൻ എത്തിയിട്ടുണ്ടായിരുന്നു. അവർ ഇരുന്നതേയുള്ളൂ, ബിലാൽ എത്തി. അതേ ബിലാൽ, അദ്ദേഹത്തെ ഒരു കാലത്ത് ആളുകൾ മർദ്ദിക്കുകയും പരുത്തതും കൂർത്തതുമായ കല്ലുകൾക്ക് മുകളിൽ വിവസ്ത്രനാക്കി വലിച്ചിഴക്കുകയും അദ്ദേഹത്തിന്റെ നെഞ്ചിന്മേൽ വലിയ വലിയ ഭാരമുള്ള കല്ലുകൾ കയറ്റിവെച്ച്, ലാത്തയേയും ഉസ്സയേയും ആരാധിക്കണമെന്ന് പറയാൻ നിർബന്ധിക്കുകയും ചെയ്യുമ്പോൾ അദ്ദേഹം അശ്ഹദു അൻല്ലാ ഇലാഹ ഇല്ലല്ലാഹ് എന്ന് പറഞ്ഞിരുന്നു. ഹദ്റത്ത് ഉമർ, ബിലാലിനെ കണ്ടപ്പോൾ 'അല്പം പിന്നിലേക്ക് ഇരിക്കാനും ബിലാലിന് സ്ഥലം കൊടുക്കാനും മൂപ്പന്മാരോട് പറഞ്ഞു. അദ്ദേഹം ഇരുന്നതേ ഉണ്ടായിരുന്നുള്ളു. അടിമയായ മറ്റൊരു സ്വഹാബി വന്നു. ഹദ്റത്ത് ഉമർ വീണ്ടും 'അല്പം പിന്നിലേക്ക് ഇരിക്കാനും ബിലാലിന് സ്ഥലം കൊടുക്കാനും മൂപ്പന്മാരോട് പറഞ്ഞു. കുറച്ച് സമയത്തിനകം മറ്റൊരു അടിമ സ്വഹാബി എത്തി. ഹദ്റത്ത് ഉമർ സാധാരണപോലെ വീണ്ടും 'അല്പം പിന്നിലേക്ക് ഇരിക്കാനും ബിലാലിന് സ്ഥലം കൊടുക്കാനും മൂപ്പന്മാരോട് പറഞ്ഞു.' യാദൃച്ഛികമായി പറയട്ടെ, കാരണം അല്ലാഹു ഈ മൂപ്പന്മാരെ ഇളിഭ്യരാക്കാൻ നിശ്ചയിച്ചതാണ്. അതുകൊണ്ട് ഓരോരുത്തരായി എട്ട് പത്ത് അടിമവംശജരായ സ്വഹാബാക്കൾ എത്തി. ഓരോ പ്രാവിശ്യവും ഹദ്റത്ത് ഉമർ, ആ മൂപ്പന്മാരോട് പിന്നിലേക്ക് മാറിയിരിക്കാനും ഈ വരുന്നവർക്ക് സ്ഥലം കൊടുക്കാനും നിർദേശിച്ചുകൊണ്ടിരുന്നു. അക്കാലത്ത് വലിയ ഹാളുകളൊന്നും ഉണ്ടാക്കിയിട്ടുണ്ടായിരുന്നില്ല. മറിച്ച് സാധാരണ ചെറിയ വസതികളായിരുന്നു. അതിനുള്ളിൽ അധികം ആളുകൾക്ക് ഇരിക്കാൻ കഴിയുമായിരുന്നില്ല. അടിമവംശജരായ സ്വഹാബാക്കൾ മുറിയിൽ നിറഞ്ഞപ്പോൾ മൂപ്പന്മാർക്ക് ചെരുപ്പുകൾക്ക് മീതെ ഇരിക്കേണ്ട ഗതികേട് വന്നു. ഈ നിന്ദ്യത അവർക്ക് സഹിക്കാൻ കഴിയുമായിരുന്നില്ല. അവർ അപ്പോൾത്തന്നെ എഴുന്നേൽക്കുകയും പുറത്തുവന്ന്, നമ്മളെ എത്രമാത്രം നിന്ദ്യരാക്കിയെന്ന് കണ്ടില്ലേ എന്നും നമ്മുടെ വേലക്കാരായിരുന്ന അടിമകളെ, മുന്നിൽ ഇരുത്തുകയും നമ്മെ പിന്നിൽ ഇരിക്കാൻ നിർബന്ധിതരാക്കുകയും ചെയ്തുവെന്നും നമ്മൾ പിന്നിലേക്ക് മാറിമാറി ചെരുപ്പുകൾ വെക്കുന്ന സ്ഥലത്ത് എത്തിയെന്നും എല്ലാവരുടേയും ദൃഷ്ടിയിൽ നിന്ദ്യരും അവഹേളിതരുമായെന്നും പറഞ്ഞു. അവരുടെ ഈ സംസാരം കേട്ട, അവരിൽ തന്നെയുള്ള ബുദ്ധിമാനായ ഒരു യുവാവ് പറഞ്ഞു: 'ശരിയാണ് ഇത് അപമാനം തന്നെയാണ്. പക്ഷേ, ഇത് ആരുടെ കർമഫലമാണ്? നമ്മുടെ പിതാക്കന്മാരും സഹോദരന്മാരും നബി(സ)തിരുമേനിയേയും സഹചാരികളേയും മർദ്ദിച്ചിരുന്ന സമയത്ത്, ഈ അടിമകൾ നബി(സ)തിരുമേനിക്കുവേണ്ടി ജീവൻ സമർപ്പിക്കുകയായിരുന്നു. ഇന്ന് മുഹമ്മദ് റസൂലുല്ലാഹ്(സ)ന്റെ ഭരണമാകുന്നു. ആയതിനാൽ നബി(സ)തിരുമേനിയെ അംഗീകരിക്കുന്നവർ ആർക്കാണ് അന്തസ് നൽകുക? അക്രമം ചെയ്ത നിങ്ങൾക്കോ അതല്ല, ഇസ്‌ലാമിനുവേണ്ടി ജീവൻ ത്യജിക്കാൻ തയ്യാറായ ഈ അടിമകൾക്കോ? നിങ്ങൾ തന്നെ തീർപ്പ് പറയുവിൻ! അവർക്ക് ഇന്ന് ആദരവ് നൽകപ്പെടേണ്ടതാണെങ്കിൽ നിങ്ങൾക്ക് പിന്നെന്തിനാണ് പരാതി? ഇത് നിങ്ങളുടെ പൂർവപിതാക്കളുടെ കർമഫലമാണ്. അതുകൊണ്ടാണ് ആ അടിമകളോടുള്ള പെരുമാറ്റം നിങ്ങളോടില്ലാത്തത്.' അവരിലെ ബുദ്ധിമാനായ വ്യക്തിയുടെ ഈ സംസാരം കേട്ടപ്പോൾ അവർ പറഞ്ഞു, 'യാഥാർഥ്യം നമുക്ക് മനസിലായിരിക്കുന്നു. പക്ഷേ, ഈ ദൈന്യതക്ക് വല്ല പരിഹാരമാർഗവുമുണ്ടോ? തീർച്ചയായും നമ്മുടെ പൂർവപിതാക്കളിൽനിന്ന് വലിയ അബദ്ധമാണ് സംഭവിച്ചത്. നമ്മുടെ നെറ്റിത്തടത്തിൽ പതിച്ചിട്ടുള്ള ഈ നിന്ദ്യതയുടെ കറ കഴുകിക്കളയാൻ, അവർ ചെയ്ത ഈ തെറ്റിന് എന്തെങ്കിലും പരിഹാരവും ഉണ്ടാകണമല്ലോ?'പക്ഷേ, തങ്ങൾക്ക് അതേക്കുറിച്ച് ഒന്നും മനസിലാകുന്നില്ലെന്നും അതുകൊണ്ട് ഈ ദൈന്യതയുടെ പരിഹാരമാർഗം ഹദ്റത്ത് ഉമറിനോടുതന്നെ ചോദിക്കാമെന്നും അവർ ഏകകണ്ഠമായി തീർമാനിച്ചു. അങ്ങനെ അവർ വീണ്ടും ഹദ്റത്ത് ഉമറിന്റെ അടുക്കലെത്തിയപ്പോൾ സദസ്സ് പിരിഞ്ഞിട്ടുണ്ടായിരുന്നു. എല്ലാ സ്വഹാബാക്കളും പോയിട്ടുണ്ടായിരുന്നു. അവർ, ഹദ്റത്ത് ഉമറിനോട് പറഞ്ഞു: 'ഇന്ന് ഞങ്ങൾക്ക് ഈ സദസ്സിൽ വന്നപ്പോൾ ഉണ്ടായ ദുഃഖത്തെ സംബന്ധിച്ച് കൂടിയാലോചിക്കാനാണ് ഞങ്ങൾ വന്നിരിക്കുന്നത്.' ഹദ്റത്ത് ഉമർ പറഞ്ഞു: 'നോക്കൂ! നിങ്ങൾ തെറ്റുധരിക്കരുത്. അവർ നബി(സ)തിരുമേനിയുടെ സ്വഹാബാക്കളായിരുന്നു. നബി(സ)തിരുമേനിയുടെ സദസ്സുകളിൽ അവർ എപ്പോഴും മുന്നിലാണ് ഇരുന്നിട്ടുണ്ടായിരുന്നത്. അതുകൊണ്ടുതന്നെ അവരെ മുന്നിൽ ഇരുത്താൻ ഞാൻ നിർബന്ധിതനായിരുന്നു. തീർച്ചയായും നിങ്ങൾക്ക് എന്റെ ചെയ്തി കാരണം ബുദ്ധിമുട്ട് ഉണ്ടായിട്ടുണ്ടാകും. പക്ഷേ, ഞാൻ നിർബന്ധിതനായിരുന്നു.' അവർ പറഞ്ഞു: 'ഞങ്ങൾ അങ്ങയുടെ നിർബന്ധിതാവസ്ഥ മനസിലാക്കുന്നു. ഈ ദൈന്യതക്ക് വല്ല പരിഹാരവും ഉണ്ടോ എന്നാണ് ഞങ്ങൾ ചോദിക്കുന്നത്. ഈ കറ കഴുകിക്കളയാൻ വല്ല വെള്ളവുമുണ്ടോ?' ഹദ്റത്ത് ഉമർ, ആ യുവാക്കളുടെ പിതാക്കന്മാരുടെ പ്രതാപവും പ്രൗഢിയും ഗാംഭീരവും ശക്തിയും ഒക്കെ കണ്ടിട്ടുള്ളതാണ്. ആ യുവാക്കളുടെ ഈ സംസാരം കേട്ടപ്പോൾ അദ്ദേഹത്തിന്റെ കണ്ണുനീർ ഇറ്റിറ്റു വീഴാൻ തുടങ്ങി. ഇവർ തങ്ങളുടെ തിന്മകൾ കാരണം എവിടെനിന്ന് എവിടേക്കാണ് വന്ന് വീണിരിക്കുന്നത്? അദ്ദേഹത്തിന് എത്രമാത്രം ദുഃഖം വന്നുവെന്നാൽ അവരുടെ ചോദ്യത്തിന് മറുപടി പറയാൻതന്നെ കഴിഞ്ഞില്ല. അദ്ദേഹം തന്റെ കൈ, ശാമിന്റെ ഭാഗത്തേക്ക് ഉയർത്തിക്കൊണ്ട് അവിടെ അപ്പോൾ ഖയ്സറിന്റെ സൈന്യവുമായി യുദ്ധം നടക്കുന്നുണ്ടെന്ന് ആഗ്യം കാണിച്ചു. അതായത്, ഈ ദൈന്യതയുടെ കറ കഴുകണമെങ്കിൽ ആ യുദ്ധത്തിൽ പങ്കെടുത്ത് ജീവൻ ത്യജിക്കുവിൻ. അങ്ങനെ അവർ അപ്പോൾത്തന്നെ പുറത്തിറങ്ങി. തങ്ങളുടെ ഒട്ടകപ്പുറത്ത് ശാമിലേക്ക് തിരിക്കുകയും ചെയ്തു. ചരിത്രം പറയുന്നു, അവരിലൊരാൾപോലും ജീവനോടെ തിരിച്ചു വന്നില്ല. അങ്ങനെ അവർ പൂർവികരുടെ ചെയ്തികൾ കാരണം തങ്ങളുടെ നെറ്റിത്തടങ്ങളിൽ പതിഞ്ഞിരുന്ന ദൈന്യതയുടെ പാടുകൾ തങ്ങളുടെ രക്തംകൊണ്ട് കഴുകിക്കളഞ്ഞു(തഫ്സീർ കബീർ, വാള്യം 9, പേജ് 289-290)

ചുരുക്കത്തിൽ ത്യാഗം ചെയ്യുമ്പോഴാണ് സ്ഥാനമാനങ്ങൾ ലഭിക്കുക. ആദ്യംമുതൽ ത്യാഗം ചെയ്യുകയും കൂറു കാണിക്കുകയും ചെയ്തവർ, അവർ നീഗ്രോ അടിമയാണെങ്കിലും അതല്ല മറ്റേത് വംശജരാണെങ്കിലും അവരുടെ സ്ഥാനം ഏതായാലും ഉന്നതമായിരിക്കുമെന്നാണ് ഇസ്‌ലാമിന്റെ പാഠം. ഈ സ്ഥാനമാണ് ഇസ്‌ലാം അവകാശമായി നൽകിയത്. അതാണ് യോഗ്യതയായി നിശ്ചയിച്ചിരിക്കുന്നത്. അതാണ് എല്ലാവർക്കും ലഭിക്കുക. അല്ലാതെ ആരാണ് ധനാഢ്യൻ, ആരാണ് ദരിദ്രൻ എന്നതല്ല യോഗ്യത. ത്യാഗങ്ങൾ ചെയ്യുന്നവർക്കും കൂറു പുലർത്തുന്നവർക്കും ജീവൻ ബലിയർപ്പിക്കുന്നവർക്കും എല്ലാം ത്യജിക്കുന്നവർക്കുമാണ് സ്ഥാനമാനങ്ങൾ ലഭിക്കുക.

ഹദ്റത്ത് ബിലാലിന്റെ അനുസ്മരണം തുടരുന്നതാണ്. ഇൻശാ അല്ലാഹ് തുടർന്നു വിവരിക്കുന്നതായിരിക്കും.

(വിവർത്തനം: എച്ച്.ശംസുദ്ദീൻ കാവശ്ശേരി, ടൈപ്പ് സെറ്റിംഗ്: ഹാശിം അശ്റഫ് ആലപ്പുഴ)

★★★

(പേജ് 2ൽനിന്ന്)

ട്ടുന്നത് 52 കോടി ആളുകൾവരെ സന്ദേശമെത്തി എന്നാണ്.

അമീർ സാഹിബ് സെനഗൽ(Senegal)എഴുതുന്നു: 'ഇമ്പോർ' നഗരത്തിൽ തദ്ദേശ ടി.വി സ്റ്റേഷനിൽ– അത് യൂട്യൂബിൽ സംപ്രേഷണം ചെയ്യുന്നതാണ്, അവിടെ എന്റെ ഖുത്ബ കേൾപ്പിക്കപ്പെടുന്നു. ഇവിടെ ലണ്ടനിൽനിന്ന് എം.ടി.എയിൽ സംപ്രേഷണം ചെയ്യുന്നത് അവിടെ കേൾപിക്കുന്നു. ഇതു മുഖേന ഒരു വ്യാപാരി കുടുംബം ജമാഅത്തിൽ പ്രവേശിച്ചുകഴിഞ്ഞു. ഈ ടി.വി സ്റ്റേഷന്റെ ഉടമ ജർമനി ജൽസാ സാലാനയിലും പങ്കെടുത്തിരുന്നു. എന്നെ കാണുകയും ചെയ്തിരുന്നു.

**ഇന്റർനാഷണൽ അസോസിയേഷൻ ഓഫ് അഹ്മദിയ്യാ ആർക്കിടെക്ചേഴ്സ് ആന്റ് എഞ്ചിനിയേഴ്സ്:** ഇവരും വിവിധ പ്രൊജക്ടുകളിൽ ജോലി ചെയ്തുവരുന്നു. ഒരു വാട്ടർ ഫോർമുലയാണ്. രണ്ടാമത്തേത് സോളാർ സിസ്റ്റമാണ്. മൂന്നാമത്തേത് ആഫ്രിക്കൻ ദരിദ്രരാഷ്ട്രങ്ങളിൽ മോഡൽ വില്ലേജുകളാണ്. നാലാമത്തെ നിർമാണ പ്രൊജക്ടുകളാണ്. എല്ലാ ജോലികളുടേയും നടത്തിപ്പിന് യു.കെ, ജർമനി, സ്വിറ്റ്സർലാന്റ്, ഘാന, നൈജീരിയ, പാക്കിസ്താൻ മറ്റു രാജ്യങ്ങളിൽനിന്നുള്ള എഞ്ചിനീയർമാരും ആർക്കിടെക്ചർമാരും ഇലക്ട്രീഷ്യന്മാരും പ്ലംബർമാരും മറ്റു വിവിധ വകുപ്പുകളിൽ വിദഗ്ദ്ധരും തങ്ങളുടെ സേവനം സമർപിക്കുന്നു. ദൈവകൃപയാൽ ഇവർ ലോകത്ത് വമ്പിച്ച ജോലികളാണ് ചെയ്യുന്നത്. ഇതുവരെ ഇവർ മുഖേന മൊത്തം 2800–ലധികം ഗ്രാമങ്ങളിൽ 'കുഴൽക്കിണറുകൾ' നാട്ടിക്കഴിഞ്ഞിരിക്കുന്നു. അവ മുഖേന 2 ലക്ഷത്തി അമ്പതിനായിരത്തിലധികം ആളുകൾക്ക് നേട്ടമുണ്ടായിരിക്കുന്നു. മോഡൽ വില്ലേജിനെ സംബന്ധിച്ചിടത്തോളം ഇതുവരെ 9 രാജ്യങ്ങളിൽ ഈ മോഡൽവില്ലേജിന്റെ എണ്ണം മൊത്തം 19 ആയിരിക്കുന്നു.

ഇന്ത്യയിലെ കാങ്കട എന്ന സ്ഥലത്തെ മുഅല്ലിം സാഹിബ് വഖ്ഫെ ജദീദെഴുതുന്നു: അദ്ദേഹത്തിന് അവിടെ കുടിവെള്ളദൗർലഭ്യമുണ്ടായിരുന്നു. കുഴൽകിണറിന്റെ മെഷീൻ ഓപ്പറേറ്റർ വന്നുടനെ പറഞ്ഞു. ഞാൻ നാലു മസ്ജിദുകളിൽ പോയി. അവിടെ ഈരണ്ട് കുഴൽകിണർ അടിച്ചു നോക്കി. പക്ഷേ, വെള്ളം കണ്ടില്ല. അതുകൊണ്ട് എനിക്കൊന്നും പറയാൻ കഴിയില്ല. നിങ്ങൾ പറഞ്ഞാൽ ശ്രമിച്ചുനോക്കാം. 'താങ്കൾ ഉചിതമായ സ്ഥലം നോക്കി അല്ലാഹുവിന്റെ നാമത്തിൽ ജോലി തുടങ്ങാൻ' അദ്ദേഹത്തോട് പറഞ്ഞു. ദുആ ചെയ്യാൻ ജമാഅത്തിനോടും പറഞ്ഞു. സ്വദഖയും കൊടുത്തു. 30 അടി കുഴിച്ചപ്പോൾ വെള്ളത്തിന്റെ ലക്ഷണം കാണാൻ തുടങ്ങി. 325 അടിയിൽ ബോറിംഗ് നിറുത്തി. വളരെ നല്ല വെള്ളം ലഭിച്ചു. മെഷീൻ ഓപ്പറേറ്റർ പറഞ്ഞു, 'നിങ്ങളുടെ രീതികൾ കണ്ട് നിങ്ങൾ ദുആയും സ്വദഖയും കൊണ്ട് ഇവിടെനിന്ന് വെള്ളം പുറത്തുകൊണ്ടുവന്നത് അംഗീകരിച്ചിരിക്കുന്നു.' ഈ കുഴൽകിണർ അടിച്ചത് കല്പ്രദേശത്തായിരുന്നു. വളരെ പ്രയാസവുമായിരുന്നു. പക്ഷേ, ദൈവകൃപയാൽ വെള്ളം ലഭിച്ചു. സ്വാദിഷ്ടമായ വെള്ളം ലഭിച്ചു. ഗ്രാമവാസികളെല്ലാം ഇപ്പോൾ ഇതിലെ വെള്ളം ഉപയോഗിച്ചുകൊണ്ടിരിക്കുന്നു.

മുബല്ലിഗ് ഇൻചാർജ് ഗിനികൊണാക്രി(Guinea Conakry) എഴുതുന്നു: ഞാൻ (ദൂരെയുള്ള ഒരു ഗ്രാമത്തിൽ) പോയപ്പോൾ എന്നോടു ഒരു സ്ത്രീ, 'ഞാൻ ഒരു സ്ഥലം കാണിച്ചുതരാം' മെന്ന് പറഞ്ഞു: അവിടെ നോക്കിയപ്പോൾ വെള്ളം ഇറ്റിറ്റു വീഴുന്നുണ്ടായിരുന്നു. അത് അടുത്ത മലയിൽനിന്ന് വരുന്നതാണെന്ന് അവർ പറഞ്ഞു. ഗ്രാമവാസികളെല്ലാവരും ദീർഘകാലമായി ഇവിടെനിന്നാണ് തങ്ങളുടെ വെള്ളത്തിന്റെ ആവശ്യം നിറവേറ്റുന്നത്. ഞാൻ ചോദിച്ചപ്പോൾ 'സർക്കാർ ദീർഘകാലമായി ഇവിടെ വെള്ളത്തിനുവേണ്ടി ശ്രമിക്കുന്നുവെന്നും പക്ഷേ, വെള്ളം കിട്ടുന്നില്ലെന്നും അറിയാൻ കഴിഞ്ഞു. എന്തായാലും, ഞങ്ങൾ ശ്രമിക്കാമെന്നും അല്ലാഹു അനുഗ്രഹിക്കുന്നതായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു. കിണർ കുഴിക്കുന്ന ഒരു കമ്പനിയുമായി സംസാരിച്ചു. അവരെ അവിടെ അയച്ചു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ രണ്ടാഴ്ചയ്ക്കുശേഷം അവിടെ വെള്ളം കണ്ടു. അത് ലാബോട്ടറിയിൽ പരിശോധിച്ചപ്പോൾ നിലവിലുള്ള കിണറുകളിൽ ഏറ്റവും മികച്ച വെള്ളം അതായി കണ്ടു. ഇപ്പോൾ അവിടുത്തുകാർ അഹ്മദിയ്യാ ജമാഅത്തുതന്നെയാണ്, അല്ലാഹുവിനാൽ സ്ഥാപിതമായതെന്ന് വിശ്വസിക്കുന്നവരായി മാറി. ദുആകൾകൊണ്ടും സ്വദഖകൾകൊണ്ടും അല്ലാഹു അവരിൽ അനുഗ്രഹം ചൊരിയുന്നു.

**ഹ്യൂമാനിറ്റി ഫസ്റ്റ്:** കഴിഞ്ഞ 26 വർഷമായി മാനവസേവനത്തിൽ ഇവർ മുഴുകിയിരിക്കുകയാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ 54 രാജ്യങ്ങളിൽ രജിസ്റ്റർ ചെയ്തുകഴിഞ്ഞു. നടപ്പുവർഷം കോംഗോയിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചിരുന്നു. ബംഗ്ലാദേശ്, ഗ്വാട്ടിമാല, ഇന്തൊനേഷ്യ, മാലി, ബെനിൻ, നൈജർ, സെനഗൽ(Senegal) തുടങ്ങി ഒരുപാട് രാജ്യങ്ങളിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. ആശുപത്രിയും ക്ലിനിക്കുകളും ചിലയിടത്ത് തുടങ്ങി. ഇതിനു പുറമെ കുഴൽക്കിണറിന്റെ ജോലിയും മറ്റു അടിയന്തര സഹായവും ഇവർ ചെയ്യുന്നു. വളരെ നല്ലവണ്ണം ഇതു ചെയ്യുന്നുണ്ട്. ഈ വർഷം 345 സൗജന്യ മെഡിക്കൽ ക്യാമ്പുകളാണ് അവർ സംഘടിപ്പിച്ചത്. ആഫ്രിക്കൻ രാജ്യങ്ങൾ ഉൾപ്പടെ ഏഷ്യയിലേയും യൂറോപ്പിലേയും അമേരിക്കയിലേയും ലോകത്തിലെ വിവിധ രാജ്യങ്ങളിൽ സംഘടിപ്പിച്ച ഈ മെഡിക്കൽ ക്യാമ്പുകൾ മുഖേന രണ്ട് ലക്ഷത്തി മുപ്പതിനായിരത്തിലധികം(230000)രോഗികളെ പരിശോധിക്കുകയും സൗജന്യമായി മരുന്ന് നല്കുകയും ചെയ്തു. ആതുരശുശ്രൂഷയ്ക്കുള്ള സംവിധാനമൊന്നുമില്ലാത്ത സ്ഥലങ്ങളിലും ഇവർ പോകുകയുണ്ടായി.

കണ്ണുകളുടെ ഓപ്പറേഷനും ഹ്യൂമാനിറ്റി ഫസ്റ്റിന്റെ കീഴിൽ വിവിധ രാജ്യങ്ങളിൽ നടന്നു. ദരിദ്രരായ ആളുകൾക്ക് സൗജന്യ ഓപ്പറേഷൻ നടത്തുകയുണ്ടായി. ഈ വർഷം ഈ പരിപാടിയനുസരിച്ച് ബുർക്കിനോഫാസോ, ഇന്തോനേഷ്യ, നൈജറിൽ 552 ഓപ്പറേഷനാണ് നടത്തിയത്. ഇതുവരെ ഈ പരിപാടി മുഖേന 15315 പേർക്ക് സൗജന്യ ഓപ്പറേഷൻ നടത്തികഴിഞ്ഞിട്ടുണ്ട്. ബുർക്കിനാ ഫാസോ(Burkina Faso)യിൽ ഇതുവരെ 8595 സൗജന്യ ഓപ്പറേഷൻ നടത്തി. ഇതുപോലെ രക്തദാനവും നടന്നു. ആയിരക്കണക്കിന് ബോട്ടിൽ രക്തമാണ് വിവിധ രാജ്യങ്ങൾക്ക് നല്കിയത്. ഇപ്രകാരം സൃഷ്ടിസേവനത്തിന്റെ വേറെയും പ്രവൃത്തിയുണ്ട്. ചാരിറ്റികളെ സഹായിക്കുകയും ചെയ്തു. അവരുടെ മറ്റു അവശ്യവസ്തുക്കളും ജീവിതാവശ്യങ്ങളും ശ്രദ്ധിച്ചു. പ്രത്യേകിച്ചും വൈറസ് പടർന്നുപിടിച്ചിരിക്കുന്ന ഇക്കാലത്ത്, സൗജന്യ സഹായത്തേയും സേവനങ്ങളേയും ജനങ്ങൾ പ്രശംസിക്കുകയുണ്ടായി, .

എം.ടി.എ ഇന്റർനാഷണൽ ഓഫീസിനെ സംബന്ധിച്ചിടത്തോളം ഇപ്പോൾ 16 വകുപ്പുകളുണ്ട്. ഇതിൽ 496 തൊഴിലാളികൾ രാപകൽ സേവനങ്ങൾ ചെയ്യുന്നു. 275 പുരുഷ സന്നദ്ധ സേവകരുണ്ട്. 142 വനിത സന്നദ്ധ സേവകരുണ്ട്. 79 പേർ പെയിഡ് ജോലിക്കാരാണ്. 2020 മെയ് 27ന് ഇത് വിപുലീകരിക്കപ്പെട്ടിട്ടുണ്ട്. എം.ടി.എ പുതിയ കാലഘട്ടത്തിൽ പ്രവേശിച്ചിരിക്കുകയാണ്. അതിന്റെ മുമ്പേയുള്ള അഞ്ചു ചാനലുകളുടെ സ്ഥാനത്ത് ഇപ്പോൾ ലോകത്തിലെ വിവിധ റീജ്യണുകളുടെ അടിസ്ഥാനത്തിൽ എട്ട് ചാനലുകൾ തുടങ്ങിയിരിക്കുന്നു. ഇവയിൽ 24 മണിക്കൂറും സ്ഥിരമായി സംപ്രേഷണം നടന്നുവരുന്നു.

എം.ടി.എ. 2014 മുതൽ പരിപാടികളുടെ സബ്ടൈറ്റിലിംഗ് മുഖേന തർജമകൾ സംപ്രേഷണം ചെയ്തുകൊണ്ടിരിക്കുന്നു. ഈ വർഷം ഈ തർജമകളുടെ എണ്ണം വർധിപ്പിച്ച് പത്താക്കിയിരിക്കുന്നു. ഇവയിൽ ഇംഗ്ലീഷ്, ഉർദു, അറബി, ഫ്രാൻസീസി, ജർമൻ, ഹസ്പാനവി, ഫാർസി, ഇന്തൊനേഷ്യൻ, ജാപാനീ, പോളിഷ് ഭാഷകൾ പെടുന്നു.

എം.ടി.എ സോഷ്യൽ മീഡിയാ ഓൺലൈൻ സർവീസും വിപുലീകരിച്ചിട്ടുണ്ട്. എം.ടി.എ ഓൺലൈൻ സർവീസിൽ 2020 മെയ് മുതൽ എം.ടി.എയുടെ ആറ് ചാനലുകളുടെ സ്ട്രീമിംഗ് തുടർന്നുവരുന്നു. കഴിഞ്ഞവർഷം ഇത് അഞ്ചായിരുന്നു. ഇപ്പോൾ കൂടുതലായി രണ്ട് ചാനലുകളെ സ്ട്രീമാക്കുന്നതിനു ജോലി നടന്നുവരുന്നു. എത്രയും വേഗം മുഴുവൻ എട്ടു ചാനലുകളും സ്ട്രീംവെബ്സൈറ്റു മുഖേനയും മറ്റു സോഷ്യൽ മീഡിയ പ്ലാറ്റുഫോമുകളിലും ലഭ്യമാകുന്നതായിരിക്കും.

സെൻട്രൽ ആഫ്രിക്കയിലെ മുബല്ലിഗ് എഴുതുന്നു: ഒരാൾ കുറേകാലമായി എം.ടി.എയിൽ എന്റെ ജുമുഅ ഖുത്ബ കേൾക്കാറുണ്ടായിരുന്നു. അത് ഇവിടെനിന്നാണ് സംപ്രേഷണം ചെയ്തിരുന്നത്. അറബി പരിപാടികളും ഫ്രഞ്ചു പരിപാടികളും കേൾക്കുമായിരുന്നു. ഇദ്ദേഹം പറയുന്നു: 'ഞങ്ങൾ നമ്മുടെ മുഅല്ലിം സാഹിബിനെ ആ പ്രദേശത്ത് തബ്ലീഗിനായി അയച്ചു. അദ്ദേഹം അവിടെ തബ്ലീഗ് ചെയ്യുകയും ജമാഅത്തിനെ പരിചയപ്പെടുത്തുകയും ചെയ്തപ്പോൾ ആ വ്യക്തി എഴുന്നേറ്റുനിന്ന് പറഞ്ഞു, ഞാൻ നിങ്ങളുടെ ടി.വി ചാനൽ കാണുന്നുണ്ട്. നിങ്ങളുടെ ഖലീഫയുടെ ഖുത്ബയും കേൾക്കുന്നു. കുറേകാലമായി എനിക്ക് ജമാഅത്തിനെ അറിയാം. ഇന്ന് താങ്കൾ കൂടുതൽ വിശദീകരിച്ചു പറഞ്ഞു. അതിൽ ഞങ്ങൾ സംതൃപ്തരാണ്. താങ്കൾ, ഞങ്ങളുടെ ബയ്അത്ത് വാങ്ങുക; ഞങ്ങൾ ജമാഅത്തിനോടൊപ്പമാണ്.

ഫ്രാൻസ് അമീർ സാഹിബ് എഴുതുന്നു: ഫറാഹത്തി സാഹിബ താൻ ബയ്അത്ത് ചെയ്ത തെങ്ങനെ എന്ന് പറയുന്നു. എന്റെ ബന്ധം കോമറോസ്(Comoros)ദ്വീപുമായിട്ടാണ്. പാരീസിലാണ് ഞാൻ താമസിക്കുന്നത്. ജന്മനാ മുസ്‌ലിമാണ്. ഞാൻ കുട്ടിക്കാലം മുതലേ ഇസ്‌ലാമിക വിദ്യാഭ്യാസം കരസ്ഥമാക്കിയിട്ടുണ്ട്. ഞാൻ വിവിധ ഉലമാഇൽനിന്ന് നബി(സ)തിരുമേനിയുടെ ജീവിതചരിത്രത്തെ സംബന്ധിച്ച് ചോദിക്കാറുണ്ടായിരുന്നു. പക്ഷേ, അവരിൽനിന്നു കിട്ടിയ മറുപടികളിൽ ഞാൻ സംതൃപ്തയായിരുന്നില്ല. ഒരു ദിവസം ഒരു അഹ്മദി സുഹൃത്തുമായി സംസാരമുണ്ടായി. ആ സുഹൃത്ത് എനിക്ക് അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്‌ലാം പരിചയപ്പെടുത്തിത്തന്നു. എം.ടിഎ. ഫ്രാൻസ് ചാനലും പരിചയപ്പെടുത്തി. വിവിധ ഗ്രന്ഥങ്ങൾ വായിക്കാനും പറഞ്ഞു; അതിൽ 'ബയ്അത്തിന്റെ 10 നിബന്ധനകളും' ഉണ്ടായിരുന്നു. അതിൽ ഞാൻ അന്വേഷണം തുടങ്ങി, അഹ്മദികളും അനഹ്മദികളും തമ്മിലുള്ള വ്യത്യാസമെന്താണ്. ഞാൻ യൂട്യൂബിലും എം.ടി.എ ചാനലിലും പരിപാടികൾ കാണാൻ തുടങ്ങി. മാസങ്ങളോളം അത് കണ്ടുകൊണ്ടിരുന്നു. ആ പരിപാടികൾ കേൾക്കുകയും ഗ്രന്ഥ

## തിരുനബിയുടെ തിരുമൊഴികൾ:

**അനസ് ബിൻ മാലിക്(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: 'ജനങ്ങളേ ഞാൻ നിങ്ങളുടെ ഇമാമാകുന്നു. റുകൂഅ്കൊണ്ടോ സുജൂദുകൊണ്ടോ നിറുത്തംകൊണ്ടോ വിരമിക്കൽകൊണ്ടോ നിങ്ങൾ എന്നെ മുൻകടക്കരുത്. തീർച്ചയായും ഞാൻ നിങ്ങളെ എന്റെ മുന്നിൽനിന്നും പിന്നിൽനിന്നും കാണുന്നുണ്ട്." (മുസ്‌ലിം, ഹദീഥ് 290)**

ത്വാലിബെ ദുആ
P.Abdul Ameer, Sadr, Ahmadiyya Jama-ath Pathapiriyam, Kerala

ങ്ങൾ വായിക്കുകയും ചെയ്തിന്റെ ഫലമായി എന്റെ അറിവിൽ ധാരാളം വർധനയുണ്ടായി. അഹ്മദിയ്യാ ജമാഅത്തിന്റെ അധ്യാപനങ്ങൾ വളരെ സരളവും യുക്തിക്ക് അടുത്തുമാണെന്ന് ഞാൻ കണ്ടു. ആത്മീയമായ നിലയിലും ഞാൻ നല്ലവണ്ണം ബോധ്യപ്പെട്ടു. ഇപ്രകാരം എന്റെ ചോദ്യങ്ങൾക്കുള്ള മറുപടിയും കിട്ടിക്കൊണ്ടിരുന്നു. ദൈവകൃപയാൽ ഞാൻ ബന്ധപ്പെട്ടതിനു ശേഷം ബയ്അത്ത് ചെയ്ത് ജമാഅത്തിൽ ചേരാമെന്ന് തീരുമാനിച്ചു.

**നൗമുബാഇയീനുമായുള്ള ബന്ധവും റിപ്പോർട്ടും:** നൈജീരിയ ഈ വർഷം അമ്പത്തിരണ്ടായിരത്തിലധികം നൗമുബഇയീനുമായി ബന്ധപ്പെട്ടു. അവർക്ക് കുറച്ചുകാലമായി അവരുമായി ബന്ധമുണ്ടായിരുന്നില്ല. ബെനിൻ രണ്ടാം സ്ഥാനത്താണുള്ളത്. പതിനൊന്നായിരത്തിലധികം. ഐവറികോസ്റ്റ് മൂന്നാം സ്ഥാനത്താണുള്ളത്. ഒമ്പതിനായിരത്തിലധികം. കാമറൂൺ ഏഴായിരത്തിലധികം. സെനിഗൽ അയ്യായിരത്തിലധികം, ബുർക്കിനാ ഫാസോ (Burkina Faso) നാലായിരത്തിലധികം, കോംഗോ കിൻഷാസാ(Congo kinshasa)യും ഇതുപോലെതന്നെ ഇതിനുപുറമെ ഇന്ത്യ, ഇന്തൊനേഷ്യ, ബംഗ്ലാദേശ്, അമേരിക്ക, ഗ്വാട്ടിമാല, ഫിജി തുടങ്ങിയ വിവിധ രാജ്യങ്ങളിൽ നൗമുബാഇയീനുമായി ബന്ധപ്പെടാൻ കഴിഞ്ഞു.

നടപ്പുവർഷം 80 രാജ്യങ്ങളിലെ മൊത്തം ഒരുലക്ഷത്തി എട്ടായിരത്തി പതിനെട്ട്(108018) നൗമുബാഇയീനുമായി ബന്ധം സ്ഥാപിച്ചു. നൗമുബാഇയീനുവേണ്ടി റഫ്രഷർ കോഴ്സും സംഘടിപ്പിച്ചു. 80 രാജ്യങ്ങളിൽനിന്നു കിട്ടിയ റിപ്പോർട്ടനുസരിച്ച് നടപ്പുവർഷം നൗമുബാഇയീനുവേണ്ടി 3891 ജമാഅത്തുകളിൽ 16823 തർബിയ്യത്ത് ക്ലാസുകൾ സംഘടിപ്പിച്ചു. ഇതിൽ ഒരു ലക്ഷത്തിരണ്ടായിരത്തിയൊരുന്നൂറ്റി അറുപത്തിഒമ്പത്(102169) നൗമുബാഇയീൻ പങ്കെടുത്തു. ഈ ക്ലാസുകളിൽ 1124 ഇമാമുമാർക്കും പരിശീലനം നല്കപ്പെട്ടു.

**നടപ്പുവർഷത്തെ ബയ്അത്ത്:** അവസ്ഥകൾ മോശമായിരുന്നിട്ടും ബന്ധപ്പെടാൻ കഴിയാതിരുന്നിട്ടും പുറത്തിറങ്ങാൻ സാധിക്കാതിരുന്നിട്ടും ദാഇയാനെ ഇലല്ലാഹ്, മുബല്ലിഗുമാർ, മുഅല്ലിമുമാർ എന്നവർക്കൊന്നും പുറത്തിറങ്ങി പ്രവർത്തിക്കാൻ കഴിഞ്ഞിട്ടില്ലല്ലോ– ഞാൻ കരുതിയത് ആയിരക്കണക്കിന് ബയ്അത്തിൽ ചുരുങ്ങിയിട്ടുണ്ടാകുമെന്നായിരുന്നു. പക്ഷേ, ദൈവകൃപയാൽ ഒരു ലക്ഷത്തി പന്ത്രണ്ടായിരത്തി ഒരുന്നൂറ്റി എഴുപത്തിയൊമ്പത്(112179) ബയ്അത്തുകൾ നടന്നു. 98 രാജ്യങ്ങളിൽനിന്ന് ഏകദേശം 220 ജനതകളിൽനിന്നുള്ളവർ അഹ്മദിയ്യത്തിൽ പ്രവേശിച്ചു. ഈ വർഷം നൈജീരിയായിൽ നടന്ന മൊത്തം ബയ്അത്തുകൾ 25176 ആണ്. കാമറൂണിൽ ഈ വർഷം 13191 ഉം സിയറ ലിയോ(Sierra Leone)ണിൽ 13723 ഉം ഐവറികോസ്റ്റിൽ 10538 ഉം മാലിയിൽ 10,027 ഉം സെനിഗളിൽ 5790 ഉം കോംഗോ കിൻഷാസ(Congo Kinshasa)യിൽ 40422 ഉം ടൻസാനിയായിൽ 3875 ഉം ഗിനി–ബിസോ(Guinea-Bissau)യിൽ മൂവായിരത്തിലധികവും കോംഗോ(Congo) ബ്രാസവിലിൽ നാലായിരത്തിലധികവും ലൈബീരിയായിൽ ഏകദേശം 2000 ഉം ഗിനികൊണാക്രി(Guinea Conakry)യിൽ 1500 ഉം നൈജറിൽ 1500 ആളും ബെനിനിൽ ആയിരത്തിലധിവും ഘാനയിൽ ആയിരത്തിലധികവും മലാവിയിൽ ആയിരത്തിലധികവും ചാഡിൽ 936 ഉം ടോഗോ, യുഗാണ്ട, സെൻട്രൽ ആഫ്രിക്കൻ റിപ്പബ്ലിക്കിൽ 800 മുതൽ ആയിരം വരേയും മഡഗാസ്കറിലും നല്ല ബയ്അത്തുകൾ നടന്നു. ആദ്യം ഇവിടെ നടന്ന ബയ്അത്തുകൾ നോക്കുമ്പോൾ നല്ല വേഗം ഇപ്പോൾ ഉണ്ടായിട്ടുണ്ട്. കെനിയായിലും സാവോത്തോമെയിലും ബർമയിലും മോരിത്വാനിയായിലും സാംബിയായിലും സോമാലിയായിലും റുവാണ്ടയിലും എത്യോപിയായിലും ബയ്അത്തുകൾ നടന്നു.

ഇന്ത്യയിലും ഈ വർഷം 1724 ബയ്അത്തുകൾ നടന്നു. ഇന്തൊനേഷ്യയിലും ആയിരിത്തിലധികം ബയ്അത്തുകൾ നടന്നു. ബംഗ്ലാദേശ്, മലേഷ്യ, ജർമനിയിൽ ഈ വർഷം 104 ബയ്അത്തുകൾ നടന്നു. യു.കെയിൽ 100 ബയ്അത്തുകൾ നടന്നു. യു.കെയെക്കാൾ കൂടുതൽ ബയ്അത്താണ് അവിടെയുള്ളത്. 101. കനഡയിൽ കിട്ടിയ ബയ്അത്ത് ഇവരെ അപേക്ഷിച്ച് 68 കുറവാണ്. പക്ഷേ, എന്തായാലും മറ്റു ഒരുപാട് ജോലികൾ ഇവർ ചെയ്തിട്ടുണ്ട്. പക്ഷേ, ബയ്അത്തുകളിലേക്കും ശ്രദ്ധിക്കേണ്ടതാണ്. ഈ വർഷം ഹോൻഡുറാസ് (Honduras) ദൈവകൃപയാൽ 36 ഉം ഹെയ്റ്റി(Haiti)യിൽ 32 ഉം മെക്സിക്കോയിൽ 23 ഉം ബയ്അത്തുകൾ നടന്നു. ട്രിനിഡാഡിലും ഈ വർഷം ഏകദേശം ഇരുപതിനടുത്ത് ബയ്അത്ത് നടന്നു. ഫിജിയിലും മൈക്രോനേഷ്യയിലും മാർഷൽഐലന്റിലും പെരാഗ്വായിലും അർജന്റയ്നിലും ഫ്രഞ്ച് ഗിയാന (French Guiana)യിലും ബയ്അത്ത് നടന്നിട്ടുണ്ട്. അവസരം കിട്ടുന്ന സ്ഥലങ്ങളിലെല്ലാം ദാഇയാനും മുബല്ലിഗുമാരും ബന്ധപ്പെട്ടുവരുന്നു.

ആളുകളുമായി ബന്ധപ്പെടുമ്പോൾ അറിയാൻ കഴിയുന്നത് അവർ എം.ടി.എ മുഖേനയും അല്ലെങ്കിൽ മറ്റേതെങ്കിലും വിധത്തിലും ജമാഅത്തിനെ പരിചയപ്പെടുന്നുവെന്നാണ്. പക്ഷേ, നമ്മുടെ ആളുകൾക്ക് അവിടെയുമായി ബന്ധമില്ല. അതുകൊണ്ട് ബയ്അത്ത് നടന്നില്ല. അല്ലാഹു അനുഗ്രഹം ചൊരിയുമാറാകട്ടെ. എവിടെയൊക്കെയാണോ ബയ്അത്ത് നടന്നത് അവരെയെല്ലാം ഉറപ്പിച്ചുനിറുത്തുമാറാകട്ടെ. ഈമാനിലും ഈഖാനിലും അഭിവൃദ്ധി ഉണ്ടാകുക എന്നതാണ് യഥാർഥ കാര്യം.

ഘാന അമീർ സാഹിബ് എഴുതുന്നു: അവിടെയുള്ള ഒരാളാണ് അൽഹസൻ സാഹിബ്. അദ്ദേഹം ബയ്അത്ത് ചെയ്തു; തന്റെ ഗോത്രത്തിലെ നേതാവാണ്. അദ്ദേഹം കുടുംബത്തോടൊപ്പമാണ് അഹ്മദിയ്യത്ത് സ്വീകരിച്ചത്. പക്ഷേ, കുറച്ചുകാലത്തിനുശേഷം അദ്ദേഹത്തിന്റെ മൂത്തമകൻ ഇസ്ലാമിൽനിന്ന് പിന്തിരിഞ്ഞ് ക്രിസ്ത്യാനിയായി. പിന്നീട് നമ്മുടെ അടുത്തുവന്നു. അദ്ദേഹം പറഞ്ഞു: നിങ്ങൾക്ക് ക്രിസ്ത്യാനികളുമായി സംവാദം നടത്താൻ കഴിയുമോ? നിങ്ങളുടെ പക്കൽ തെളിവുകളുണ്ടോ? എന്റെ മകനുമായി സംസാരിക്കുക. അവന് മനസ്സിലാക്കിക്കൊടുത്ത് ഇസ്ലാമിലേക്ക് മടക്കിക്കൊണ്ടുവരിക. അങ്ങനെ ഞാൻ അദ്ദേഹത്തിന്റെ മകനെ കണ്ടപ്പോൾ അയാൾ കുറച്ച് ചോദ്യങ്ങൾ ചോദിച്ചു. അതിനു തൃപ്തികരമായ മറുപടി നല്കപ്പെട്ടു. അവൻ വീണ്ടും ദൈവകൃപയാൽ അഹ്മദിയ്യത്തിൽ ചേർന്നു. പിൻവാങ്ങിയ ഈ കുടുംബം എട്ടുപേർ അടങ്ങിയതായിരുന്നു.

ഗിനി–ബിസോ(Guinea-Bissau)യിലെ മുബല്ലിഗ് ഇൻചാർജ് എഴുതുന്നു: തബ്ലീഗ് പരിപാടിയ്ക്കിടയിൽ ഈ എല്ലാ പരിപാടികളും ഫെബ്രുവരി–മാർച്ചിനുമുമ്പേ നടന്നതാണ്. വിദൂരപ്രദേശത്തുള്ള ഒരു ഗ്രാമമായ 'സിൻച്ചാ മവാഡു'(Sincha Mawadu)യിൽ അല്ലാഹു നാലു ബയ്അത്തുകൾ പ്രദാനം ചെയ്തു. അവിടുത്തെ ഒരു കർമനിരതനായ വ്യക്തിയാണ് അബ്ദുല്ലാഹ് സാഹിബ്. നാലുപേർ ബയ്അത്ത് ചെയ്തത് അദ്ദേഹം കണ്ടപ്പോൾ പറഞ്ഞു, 'ഞാൻ ഈ വർഷം ഹജ്ജിന് പോകുന്നുണ്ട്. ഹജ്ജിൽനിന്ന് മടങ്ങിയെത്തിയാൽ തീരുമാനിക്കുന്നതായിരിക്കും അഹ്മദിയാകണോ വേണ്ടയോ എന്ന്. അതുകഴിഞ്ഞ് കുറച്ചു ദിവസത്തിനുശേഷം അദ്ദേഹം ഹജ്ജിനുപോയി. ഹജ്ജിൽനിന്ന് മടങ്ങിയെത്തി. അദ്ദേഹം നേരിട്ട് ജമാഅത്തുമായി ബന്ധപ്പെട്ടു. പറഞ്ഞു, 'ഹജ്ജിനിടയിൽത്തന്നെ അല്ലാഹു അഹ്മദിയ്യത്ത് ഒരു സത്യജമാഅത്താണെന്ന് എന്റെ മനസ്സിൽ കുടിയിരുത്തി. മുഴുവൻ ഹജ്ജിനിടയിലും അല്ലാഹു എന്റെ മനസ്സിൽ സമാധാനമുണ്ടാക്കി. അഹ്മദിയ്യത്തുമായി ബന്ധപ്പെട്ടിരിക്കുന്നതിലാണ് മോക്ഷം. ഹജ്ജിന്നിടയിൽ ഞാൻ അഹ്മദിയ്യത്തിന്റെ അഭിവൃദ്ധിക്കായി ദുആ ചെയ്തുകൊണ്ടിരുന്നു. അങ്ങനെ ഹജ്ജിൽനിന്ന് തിരിച്ചെത്തി അദ്ദേഹം ബയ്അത്ത് ചെയ്തു.' ദൈവകൃപയാൽ ഇപ്പോൾ ഉത്തമനായ ദാഇയാണ് ഇലല്ലായാണ്. തന്റെ ചന്ദകളും കൃത്യമായി നല്കി വരുന്നു.

ഫ്രാൻസ് അമീർ സാഹിബ് എഴുതുന്നു: ഒരു ഫ്രഞ്ച് സുഹൃത്ത് സേർജ് സ്റ്റെഹ്ലെ(Serge Stehle) അദ്ദേഹത്തിന്റെ ബന്ധം ക്രൈസ്തവ മതവുമായിട്ടായിരുന്നു, എല്ലാ ആഴ്ചയും ചർച്ചിലും പോകുമായിരുന്നു. പാതിരിയോടു തന്റെ മതത്തെ കുറിച്ചും പ്രത്യേകിച്ചും ഈസാ(അ)ന്റെ അസ്തിത്വത്തെ കുറിച്ചും ധാരാളം ചോദ്യം ചോദിക്കുമായിരുന്നു. പാതിരി മറുപടി പറയുന്നതിനു പകരം താങ്കളിങ്ങനെ ചോദിക്കാൻ പാടില്ലെന്ന് പറയുമായിരുന്നു. അപ്പോൾ അദ്ദേഹം തന്റെ ഭാര്യയുടെ(അവർ മുസ്ലിമാണ്)സഹായത്താൽ ഇസ്ലാമിനോടു താൽപര്യം കാണിക്കാൻ തുടങ്ങി. ഹദ്റത്ത് ഈസാ(അ)യെ കുറിച്ച് അദ്ദേഹത്തിന് കിട്ടിയ അറിവ് ഇതായിരുന്നു. ഹദ്റത്ത് ഈസാ(അ) ആകാശത്തുപോയി. ഇസ്ലാമിക സാഹിത്യങ്ങളിൽനിന്ന് അദ്ദേഹത്തിനു കിട്ടി വിവരവും ഇതുതന്നെയായിരുന്നു. അദ്ദേഹം ഇക്കാര്യം വിശ്വസിച്ചില്ല. ഒരാൾ ആകാശത്തുപോയി ഇരിക്കുക എന്നത് സംഭാവ്യമല്ലെന്ന് അദ്ദേഹം വിശ്വസിച്ചു. അങ്ങനെ അദ്ദേഹം വീണ്ടും അന്വേഷണം തുടങ്ങി. എവിടെനിന്നോ അദ്ദേഹത്തിന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥമായ 'മസീഹ് ഹിന്ദുസ്താൻമെ' ലഭിച്ചു. അതിനോടൊപ്പം ജമാഅത്തിന്റെ വെബ്സൈറ്റും കിട്ടി. പിന്നീട് അദ്ദേഹം വായന തുടർന്നു. തനിക്ക് എല്ലാ ചോദ്യങ്ങൾക്കും മറുപടി ലഭിക്കാൻ തുടങ്ങിയെന്ന് അദ്ദേഹം പറയുന്നു. ലോക്ഡൗണിന്നിടയിൽ ജമാഅത്തിന്റെ പരിപാടികൾ കണ്ടുകൊണ്ടിരുന്നു. അവസാനം അദ്ദേഹം ബയ്അത്തു ചെയ്യാൻ തീരുമാനിച്ചു. അഹ്മദിയ്യാ ജമാഅത്തിൽ ചേർന്നു.

അർജന്റയ്നിലെ ജമാഅത്തിന്റെ മുറബ്ബി മർവാൻ സുറൂർ ഗുൽ സാഹിബ് എഴുതുന്നു: 'അർജന്റയ്നിലെ ഒരു തദ്ദേശ സ്ത്രീ ഗബ്രില ബ്രാവോ(Gsbrle Bravo)സാഹിബ നമ്മുടെ മിഷന്റെ അടുത്തൂടെ പോയി. അവർ പറയുന്നു:'മിഷൻ ഹൗസിന്റെ വെളിയിൽനിന്ന് ഞാൻ ജനലിലൂടെ നോക്കിയപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഫോട്ടോ ഉള്ളിൽ ഭിത്തിയിൽ ഘടിപ്പിച്ചിട്ടുള്ളതു കണ്ടു. അതിനോടൊപ്പം ഈ വാകൃവും എഴുതിയിട്ടുണ്ടായിരുന്നു.'മസീഹ് വന്നു കഴിഞ്ഞിരിക്കുന്നു.' ഇക്കാര്യം അവരെ വല്ലാതെ സ്വാധീനിച്ചു. ഇവർ പ്രാക്ടിസിംഗ്(Practicing)കത്തോലിക്കക്കാരിയായിരുന്നു. ഇതിനുമുമ്പേ അവർക്ക് ഇസ്ലാമിനോടു താൽപര്യമില്ലായിരന്നു. ഏതെങ്കിലും മുസ്ലിമിനെ അറിയുകയുമില്ലായിരുന്നു. അവർ ഇസ്ലാമിനെ കുറിച്ച് കൂടുതൽ അറിവ് കരസ്ഥമാക്കാൻ തുടങ്ങി. പിന്നീട് അവിടുത്തെ ജമാഅത്തുമായും മുറബ്ബി ഇൻചാർജുമായും ബന്ധപ്പെടുകയും അവിടെ സംഘടിപ്പിക്കുന്ന ഇസ്ലാമിക് ക്ലാസിൽ വരാനും തുടങ്ങി. അവരുടെ ഭർത്താവിന് അവരുടെ ഈ ചെയ്തി ഇഷ്ടപ്പെട്ടില്ല. പക്ഷേ, അവർ ഭർത്താവ് അറിയാതെ വരുമായിരുന്നു. വായനതുടർന്നുകൊണ്ടിരുന്നു. ഒരുവർഷത്തിനുശേഷം 2019 ഡിസംബർ 28 ന് അഹ്മദിയ്യത്തിൽ ചേരാൻ തീരുമാനിച്ചു. ഇതിന്നിടയിൽ ഭാര്യവും ഭർത്താവും തമ്മിൽ പിരിയുകയും ചെയ്തു. അതിന് കാരണങ്ങളുമുണ്ടായിരുന്നു. പക്ഷേ, ഏറ്റവും വലിയ കാര്യം ഇതുതന്നെയായിരുന്നു. അവരുടെ വഴക്കിന് നിമിത്തവും ഇതുതന്നെ. എന്നാൽ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇപ്പോൾ 6 മാസത്തിലധികമായി തന്റെ കുടുംബത്തിന്റെ എതിർപുണ്ടായിട്ടും വളരെ ദൃഢചിത്തതയോടെ, തികഞ്ഞ ആത്മാർഥതയോടെ അഹ്മദിയ്യത്തിൽ നിലകൊള്ളുന്നു.

**സ്വപ്നങ്ങൾ മുഖേന അഹ്മദിയ്യത്ത് സ്വീകരണം:** അല്ലാഹു ഈ രീതിയിലും ജനങ്ങൾക്ക് മാർഗദർശനം നല്കുന്നു. ഖിർഗിസ്താനിലെ ഒരു തദ്ദേശ നവ അഹ്മദി ഖാദിറോവ് ശൗക്കത്ത്(Kadirov Shokat) സാഹിബ് പറയുന്നു: 'ഒരു തദ്ദേശ അഹ്മദിയായ ആശിർ അലി മുഖേന എനിക്ക് ജമാഅ

ത്തിനെക്കുറിച്ച് അറിയാൻ കഴിഞ്ഞു. അദ്ദേഹം എന്നോടു പ്രാർഥിക്കാൻ പറഞ്ഞു. ഞാൻ അന്നേ ദിവസം രാത്രി വീട്ടിൽ വന്ന് രണ്ടു റക്അത്ത് നമസ്കരിച്ചു. സത്യം തിരിച്ചറിയാൻ അല്ലാഹുവിനോടു തൗഫീഖ് തേടി. ഭാഗ്യവാനും സൽപ്രകൃതവാനുമായ അദ്ദേഹം വളരെ വിലപിച്ചു ദുആ ചെയ്തു. അദ്ദേഹം പറയുന്നു: അതേ രാത്രി ഞാൻ ഹദ്റത്ത് മുഹമ്മദ് റസൂലുല്ലാഹി(സ)നെ സ്വപ്നത്തിൽ കണ്ടു. അവിടന്ന് സമുദ്രജലപ്പരിപ്പിനുമുകളിൽ ഇബാദത്തു ചെയ്യുകയായിരുന്നു. സ്വപ്നം എന്റെ മനസ്സിൽ അത്ഭുതകരമായ പ്രകാശമാണുണ്ടാക്കിയത്. അതിന്റെ ഫലമായി എനിക്ക് സത്യമാർഗം കിട്ടിയെന്ന ദൃഢവിശ്വാസമായി. പിന്നീട് ഞാൻ ബയ്അത്തു ചെയ്തു.'

കാമറൂണിൽനിന്ന് മുഅല്ലിം സാഹിബ് എഴുതുന്നു: നോർത്ത് റീജ്യൺ പര്യടനത്തിന്നിടയിൽ ഇവിടുത്തെ ഗ്രാമമായ പിറ്റോയർ(Pitoir)റിൽ ഒരു മതപണ്ഡിതനുമായി കൂടിക്കാഴ്ച നടന്നു. അദ്ദേഹത്തെ ജമാഅത്തിനെ കുറിച്ച് പരിചയപ്പെടുത്തി. അദ്ദേഹത്തിന്റെ ചോദ്യങ്ങൾക്ക് മറുപടികളും നല്കി. ജമാഅത്തിന്റെ ഗ്രന്ഥങ്ങളും നല്കി. പോകുമ്പോൾ അദ്ദേഹം പറഞ്ഞു: ഇമാം മഹ്ദി വരാൻ പോകുകയാണെന്ന് എനിക്കറിയാമായിരുന്നു. പക്ഷേ, ഇമാം മഹ്ദി വന്നുകഴിഞ്ഞിരിക്കുന്നുവെന്നറിയുന്നത് ആദ്യമാണ്. അല്ലാഹു എന്നെ നേർമാർഗത്തിലാക്കാൻ ഞാൻ ദുആ ചെയ്യുന്നതാണ്. അദ്ദേഹം പറയുന്നു: അതിനുശേഷം അദ്ദേഹം തന്റെ സെന്ററിൽ മടങ്ങിയെത്തി. ഒരാഴ്ചയ്ക്കുശേഷം ജമാഅത്തിന്റെ സ്വദ്ർ ഫോൺ ചെയ്തു പറഞ്ഞു, 'താങ്കൾ ഗ്രാമത്തിൽ വരിക. ഒരു നല്ല വാർത്തയുണ്ട്.' അങ്ങനെ ഞാൻ ഗ്രാമത്തിലെത്തിയപ്പോൾ ആ മതപണ്ഡിതൻ അവിടെ എത്തിയിരുന്നു. എന്നെ ആശ്ലേഷിച്ചുകൊണ്ട് അദ്ദേഹം കരയാൻ തുടങ്ങി. അദ്ദേഹം പറഞ്ഞു: 'ഞാൻ അഹ്മദിയ്യാ ജമാഅത്തിന്റെ ലഘുലേഖ വായിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഫോട്ടോ കണ്ടു. പിന്നീട് നിത്യവും ദുആ ചെയ്തുകൊണ്ടിരുന്നു. ഇദ്ദേഹം നിന്നിൽനിന്നുള്ള ആളാണെങ്കിൽ എനിക്ക് മാർഗദർശനം നല്കിയാലും. ഞാൻ എപ്പോൾ മുതൽ ഇമാം മഹ്ദിയെ കാത്തിരിക്കാൻ തുടങ്ങിയതാണ്. പിന്നീട് കുറച്ചു ദിവസം മുമ്പേ ഹദ്റത്ത് ഇമാം മഹ്ദി(അ) എന്റെ സ്വപ്നത്തിൽവന്നു. എന്നോടു പറഞ്ഞു, നമസ്കരിക്കൂ. അപ്പോൾ ഞാൻ സ്വപ്നത്തിൽതന്നെ ചിന്തിക്കുകയാണ്. ആ വ്യക്തി സത്യവാനാണ്. അല്ലാഹുവിൽനിന്നുള്ളയാളാണ്. അങ്ങനെ ആ സ്വപ്നത്തിനുശേഷം തൃപ്തിയായി. ഇപ്പോൾ ഞാനെന്റെ കുട്ടികളോടൊപ്പം അവർ 15 പേരുണ്ട് ബയ്അത്തു ചെയ്തു ജമാഅത്തിൽ ചേർന്നു.'

നസീർ ശാഹിദ് സാഹിബ് ഫ്രാൻസ് എഴുതുന്നു: സുലയ്മാ തോബാലിദെ സാഹിബ പറയുന്നു: ഈ വർഷം റമളാനുമുമ്പേ ഇങ്ങനെയൊരു സ്വപ്നം കണ്ടു. ഞാൻ വലിയൊരു മസ്ജിദിലാണ്. അവിടെ ഒരുപാട് സംഘങ്ങളുണ്ട്. അവർ ഖുർആനെടുത്തിരിക്കുന്നു. അവർ വിവിധ സംഘങ്ങളായിരിക്കുകയാണ്. എനിക്കവരെ അറിയുകയില്ല. അതിനെതിരിൽ ഒരു ചെറിയ സംഘമുണ്ട്. അവരിൽ കാര എന്ന സ്ത്രീയെ എനിക്കറിയാം. അങ്ങനെ ഞാൻ ആ എല്ലാ കക്ഷികളേയും വിട്ട് ഈ ചെറിയ സംഘത്തിൽ ചെല്ലുന്നു. അതിലാണ് കാര ഇരുന്നിരുന്നത്. മസ്ജിദിലുണ്ടായിരുന്ന ഒരാൾ എന്നോടു പറഞ്ഞു. നിങ്ങൾ കാഫിറിന്റെ ജമാഅത്തിൽ പോകാനാഗ്രഹിക്കുന്നതെന്തിനാണ്? അപ്പോൾ ഞാൻ അയാളോടു പറഞ്ഞു: നിങ്ങളെന്തിനാണ് ആ സംഘത്തിൽ പോകുന്നതിൽനിന്ന് എന്നെ തടയുന്നത്? ആ സംഘത്തിൽ ഒരു സ്ത്രീയുണ്ട്. അവരെ എനിക്കറിയാം. ഞാൻ ആ സംഘത്തിലാണ് പോകാനാഗ്രഹിക്കുന്നത്. പറയുന്നു: ആ നേരത്ത് ഞാനൊരു ശക്തമായ പ്രകാശം കണ്ടു. അതുമുഖേന എന്റെ കണ്ണുകൾ മങ്ങി. എനിക്കെന്റെ കണ്ണുകൾ തുറക്കാൻ കഴിഞ്ഞില്ല. പിന്നീട് ഞാൻ എന്നെ കാരയുടെ സംഘത്തിലാണ് കണ്ടത്. അവർ തന്റെ അടുത്ത് എനിക്കു സ്ഥലം നല്കി. അതിനുശേഷം ഞാൻ ഉണർന്നു. ഞാൻ കാരയെ അവരുടെ (അത് കൂട്ടുകാരിയോ മറ്റൊ ആയിരുന്നു. എനിക്കവരെ പരിചയം മാത്രമെ ഉണ്ടായിരുന്നുള്ളു) ജോലിയുമായി ബന്ധപ്പെട്ട് രണ്ടുമൂന്നുപ്രാവശ്യം കണ്ടിരുന്നു. പക്ഷേ, അഹ്മദിയ്യത്തിനെ കുറിച്ച് അവരോടു പ്രത്യേകിച്ചൊന്നും സംസാരിച്ചിരുന്നില്ല. സ്വപ്നത്തിനുശേഷം കുഫ്ഫാർ എന്ന പദത്തെ –അത് ഞാൻ സ്വപ്നത്തിൽ കേട്ടതാണ്–സംബന്ധിച്ച് വിവരങ്ങൾ കരസ്ഥമാക്കാൻ തുടങ്ങി. പക്ഷേ, വിശദീകരണമൊന്നും ലഭിച്ചില്ല. പിന്നീട് ഞാൻ കാരയോടു ചോദിച്ചു. എന്റെ സ്വപ്നം കേൾപ്പിച്ചു. അപ്പോൾ കാര എന്നോടു പറഞ്ഞു: 'കുഫ്ഫാർ എന്ന പദം കാഫിർ എന്നതിൽനിന്നുള്ളതാണ്. മറ്റു മുസ്ലിമീങ്ങൾ പറയുന്നത് അഹ്മദികൾ കാഫിറാണെന്നാണ്.' അപ്പോൾ ഞാൻ ആശ്ചര്യപ്പെട്ടുപോയി. എനിക്കു ഒരു ആഘാതമുണ്ടായി. അഹ്മദികളെ എന്തിനാണ് കാഫിർ എന്നു പറയുന്നത്. അതുകൊണ്ട് ഞാൻ താമസിയാതെ ബയ്അത്ത് ചെയ്യാൻ തീരുമാനിച്ചു. കാരണം അല്ലാഹു സ്വപ്നത്തിലും എനിക്കു വഴികാട്ടിയിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ എന്റെ അഞ്ചുമക്കളോടൊപ്പം മെയ് മാസത്തിൽ ബയ്അത്തു ചെയ്ത് ജമാഅത്തിൽ ചേർന്നു.'

അമീർ സാഹിബ് നൈജർ എഴുതുന്നു: അവിടെ ബയ്അത്തു ചെയ്ത ഒരു അഹ്മദി ഗ്രാമമായ 'ഹാദാ'യിലെ ഇമാം അബ്ദുല്ലാഹ് സാഹിബ് നൈജർ ജൽസസാലാനയുടെ അവസരത്തിൽ കണ്ട ഒരു സ്വപ്നത്തെ കുറിച്ച് പറഞ്ഞു: അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിക്കുന്നതിനു മുമ്പേ അദ്ദേഹം കണ്ടു. തന്റെ വീടിന്റെ വരാന്തയിൽ അദ്ദേഹം കിടക്കുകയാണ്. രാത്രിനേരമാണ്. ചന്ദ്രൻ ഉദിച്ചിട്ടുണ്ട്. ആ ചന്ദ്രനിൽ പരിശുദ്ധ കലിമ എഴുതിയിരിക്കുന്നു. അതിന്നിടയിൽ സ്വപ്നത്തിൽ അദ്ദേഹം കാണുകയാണ്, അതേപോലെയുള്ള എഴുത്തിലും നിറത്തിലും ആ കലിമ അദ്ദേഹത്തിന്റെ മുറ്റത്തിന്റെ ഭിത്തിയിലും എഴുതിയിരിക്കുന്നു. അതിനുശേഷം അദ്ദേഹം ഉണർന്നു. പറയുന്നു: ഈ സ്പനം കണ്ട് കുറച്ചു ദിവസത്തിനുശേഷം ജമാഅത്തിന്റെ മുബല്ലിഗ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശവുമായി വന്നു. എന്റെ മനസ്സിൽ ആ സന്ദേശം സ്വീകരിക്കണമെന്ന ചിന്തയായി. ഞാൻ എന്റെ ഗ്രാമത്തിനോടൊപ്പം അഹ്മദിയ്യത്തിൽ ചേർന്നു. പക്ഷേ, ഇന്ന് ജൽസസാലാനയിൽ പങ്കെടുത്ത് എന്റെ മനസ്സിന് സമാധാനമുണ്ടായിരിക്കുന്നു. കാരണം ഈ സ്വപ്നത്തിൽ പരിശുദ്ധ കലിമ എഴുതിയ രീതിയും ഞാൻ സ്വപ്നത്തിൽ കണ്ട നിറവും ഈ ജൽസയുടെ സ്റ്റേജിൽ അതേപോലെ തന്നെയാണ് എഴുതിയിരുന്നത്. ഇതുകണ്ട് എന്റെ സ്വപ്നം സത്യമാണെന്ന ദൃഢവിശ്വാസം എനിക്കുണ്ടായിരിക്കുന്നു.

ഫ്രാൻസിൽ താമസിക്കുന്ന മൊറോക്കൊകാരനായ ഒരു സഹോദരൻ അഹ്മദ് ഹജ്ജാനീ (Ahmed Hajjni)സാഹിബ് അഹ്മദിയ്യത്ത് സ്വീകരിച്ച സംഭവം വിവരിക്കുന്നു: 'ഒരു ഷോപ്പിംഗ് സെന്ററിൽ കുറച്ച് സാധനങ്ങൾ വാങ്ങുന്നതിനുവേണ്ടി പോയി. പക്ഷേ, എനിക്കുവേണ്ടത് അവിടെയെങ്ങുമുണ്ടായിരുന്നില്ല. അവിടെ ഒരാളോടു ചോദിച്ചപ്പോൾ അയാൾ എനിക്ക് വഴികാട്ടി തന്നിട്ട് ചോദിച്ചു: 'താങ്കൾക്ക് അറബി നന്നായി അറിയുമോ? എന്റെ കൈയിൽ ഇമാം മഹദിയെ കുറിച്ചുള്ള ഒരു അറബി ഗ്രന്ഥമുണ്ട്. താങ്കൾ അതു വാങ്ങാൻ ഇഷ്ടപ്പെടുമോ?' അപ്പോൾ ഞാൻ അത് വാങ്ങി വീട്ടിൽക്കൊണ്ടുപോയി വായിച്ചു. അതൊന്നും വിശ്വസിക്കാൻ എന്റെ മനസ്സ് തയ്യാറായില്ല. പക്ഷേ, കുറച്ചു കാലം കഴിഞ്ഞപ്പോൾ എന്റെ വീട്ടുകാരെ കാണാൻ മൊറോക്കോയിൽപ്പോയി. അദ്ദേഹം മൊറോക്കോകാരനായിരുന്നു. അവിടെ ഈ ഗ്രന്ഥത്തെ കുറിച്ച് പറഞ്ഞു. അപ്പോൾ ഇത് അഹ്മദിയ്യാ ജമാഅത്തിന്റെ ഗ്രന്ഥമാണെന്ന് സ്നേഹിതൻ പറഞ്ഞു. ഞങ്ങൾ മുമ്പേ തന്നെ അഹ്മദിയായി കഴിഞ്ഞിരിക്കുന്നുവെന്നും സുഹൃത്തുക്കൾ പറഞ്ഞു. ഫ്രാൻസിൽ മടങ്ങിയെത്തിയാൽ അവിടുത്തെ അഹ്മദിയ്യ ജമാഅത്തുമായി ബന്ധപ്പെടാനും നിർദേശിച്ചു. അദ്ദേഹം പറയുന്നു, 'അതിന്നിടയിൽ എന്റെ പിതാവ് ഫ്രാൻസിൽ മരിച്ചു. എനിക്ക് പെട്ടെന്ന് മടങ്ങേണ്ടിവന്നു. ദുഃഖവും വിഷമവും കാരണത്താൽ എല്ലാം മറന്നു പോയി. ദുആയിലേക്ക് എന്റെ ശ്രദ്ധ തിരിഞ്ഞു. ഞാൻ സ്വപ്നത്തിൽ കണ്ടു: 'ഖലീഫത്തുൽ മസീഹ് ഒരു സോഫയിലിരിക്കുകയാണ്. പക്ഷേ, ഖലീഫത്തുൽ മസീഹിന്റെ മുമ്പിൽ എനിക്കൊന്നും സംസാരിക്കാൻ കഴിഞ്ഞില്ല. അതിന്നിടയിൽ വാതിലിൽ ആരോ മുട്ടി. ഞാൻ വാതിൽ തുറന്നു. അപ്പോൾ എന്റെ പിതാവ് നില്ക്കുന്നതു കണ്ടു. ഉള്ളിൽ വരാൻ ഞാൻ അദ്ദേഹത്തോടു പറഞ്ഞു. അദ്ദേഹം പറഞ്ഞു: 'ഉള്ളിൽ വരാൻ കഴിയില്ല. പക്ഷേ, കേൾക്കുക. ഉള്ളിൽ ഈ സോഫയിലിരിക്കുന്ന ആൾ അല്ലാഹുവിന്റെ ശരിയായ സന്ദേശം നല്കുന്നയാളാണ്. നിനക്ക് അദ്ദേഹത്തെ പിൻപറ്റി നടക്കേണ്ടിവരും.' പറയുന്നു, ഞാൻ സ്വപ്നത്തിൽത്തന്നെ പിതാവിനോടു പറയുകയാണ് എനിക്ക് അദ്ദേഹത്തെ അറിയില്ല. അപ്പോൾ പിതാവ് മറുപടി നല്കി, 'അദ്ദേഹത്തിന്റെ ഒരു ജമാഅത്ത് ഇപ്പോൾ ലോകം മുഴുവൻ പരന്നു കഴിഞ്ഞിരിക്കുകയാണ്. നീ അവരോടൊപ്പം നടക്കുക. അദ്ദേഹത്തിന് ബയ്അത്തു ചെയ്യുക.' അദ്ദേഹം പറയുന്നു: 'ഇങ്ങനെ അല്ലാഹു എനിക്ക് വഴി കാണിച്ചുതന്നു, ഞാൻ ബയ്അത്തു ചെയ്തു.'

ഇന്തൊനേഷ്യൻ അമീർ ഒരു അഹ്മദി, അഹ്മദിയ്യത്ത് സ്വീകരിച്ച സംഭവം എഴുതുന്നു: അദ്ദേഹം പറയുന്നു, ഈ ബയ്അത്ത് ചെയ്തയാൾ പറഞ്ഞു: അഹ്മദിയ്യാ ജമാഅത്ത് വഴികേടിലാണെന്ന് എന്നോടു പറയപ്പെട്ടിരുന്നു. ഞാൻ അഹ്മദിയ്യാ ജമാഅത്തിൽ ചേരുന്നതിനുപകരം ഭരണകൂടത്തെ എതിർക്കുന്ന ഒരു ജമാഅത്തിൽ ചേർന്നു. 1992–ൽ ആ ജമാഅത്തിന്റെ അമീർ പിടിക്കപ്പെട്ടപ്പോൾ ഞാൻ അയാളുടെ പിൻഗാമിക്കു ബയ്അത്തു ചെയ്യുന്നതിനുമുമ്പേ ഇസ്തിഖാറ ചെയ്തു. സ്വപ്നത്തിൽ ഞാനൊരു മഹാത്മാവിനെ കണ്ടു. അദ്ദേഹം പറഞ്ഞു: 'ഞാൻ ഇമാം മഹ്ദിയാണ്. നിങ്ങളുടെ ഇമാമാണ്. ഞാൻ മിർസാഗുലാം അഹ്മദാണ്.' അതുകണ്ട് ഒരാഴ്ചയ്ക്കുശേഷം മുമ്പേ ഞാനുണ്ടായിരുന്ന ജമാഅത്തിലെ പുതിയ അമീറിന് ബയ്അത്തുചെയ്യാൻ അവർ എന്നെ നിർബന്ധിക്കാൻ തുടങ്ങി. ബയ്അത്തു ചെയ്തില്ലെങ്കിൽ കൊന്നുകളയുമെന്ന് പറഞ്ഞു. ഒരു വർഷത്തിനുശേഷം ഒരു അഹ്മദിയെ കണ്ടു. അദ്ദേഹം എന്നെ തബ്ലീഗു ചെയ്തു. ഞാൻ അദ്ദേഹത്തോടു പറഞ്ഞു: നിങ്ങളുടെ ഇമാം ഒരു നബിയാണെങ്കിൽ തീർച്ചയായും അദ്ദേഹത്തിന്റെ ഏതെങ്കിലും ഗ്രന്ഥമുണ്ടാകുമല്ലോ. അപ്പോൾ താനൊരു ഗ്രന്ഥം നല്കാമെന്ന് ആ അഹ്മദി പറഞ്ഞു. അതേ രാത്രി ഒരിക്കൽ വീണ്ടും ഞാനൊരു മസ്ജിദ് കണ്ടു. അതിൽ അഹ്മദിയ്യാ എന്നെഴുതിയിരുന്നു. അവിടെ ഇന്ത്യൻ വസ്ത്രം ധരിച്ച ഒരാൾ നില്പുണ്ടായിരുന്നു. അദ്ദേഹം എന്നോടു പറഞ്ഞു: താങ്കൾ ഇതിൽ ചേർന്നുകൊള്ളുക.' മൂന്നു ദിവസത്തിനുശേഷം അഹ്മദി സഹോദരൻ എനിക്ക് 'ഇസ്ലാംമത തത്ത്വജ്ഞാനം' എന്ന ഗ്രന്ഥം നല്കി തിരിച്ചുപോയി. ഞാൻ ഗ്രന്ഥം തുറന്നപ്പോൾ തുടക്കത്തിൽത്തന്നെ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന്റെ ഫോട്ടോ ആയിരുന്നു. കഴിഞ്ഞ വർഷം താൻ സ്വപ്നത്തിൽ കണ്ട അതേ വ്യക്തിയാണതെന്ന് അദ്ദേഹത്തിന്റെ മുഖം കണ്ടപ്പോൾ ഓർമവന്നു. ഞാൻ ആ ഗ്രന്ഥം ആദ്യം മുതൽ അവസാനംവരെ വായിച്ചു. ബയ്അത്തു ചെയ്ത് ജമാഅത്തിൽ ചേരുകയും ചെയ്തു.'

ദിദിഗൊ, ബുർക്കിനാ ഫാസോ (Burkina Faso) എന്നീ റീജ്യണിലെ മുഅല്ലിം എഴുതുന്നു: 'ജമാഅത്തിലെ ഒരു സ്നേഹിതൻ ജിയാലോ ഹുസയ്നീ സാഹിബ് ജമാഅത്തിൽ ചേർന്ന സംഭവം വിവരി

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-5 Thursday 22 October 2020 Issue-43

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

ക്കുന്നു. കഠിനമായ എതിർപായിരുന്നു. തങ്ങളുടെ ഗ്രാമത്തിൽ അഹ്മദിയ്യാ ജമാഅത്ത് വരുന്നത് ആളുകൾക്ക് സമ്മതമല്ലായിരുന്നു. അതുകൊണ്ട് ഗ്രാമത്തിൽനിന്ന് അഹ്മദിയ്യത്തിനെ ഇല്ലാതാക്കാൻ അവരെപ്പോഴും ശ്രമിച്ചുകൊണ്ടിരുന്നു. അദ്ദേഹം പറയുന്നു, ഒരു ദിവസം ഞാൻ സ്വപ്നം കണ്ടു. ഒരു മൈതാനം അതിലാളുകൾ രണ്ടു സംഘമായി നില്ക്കുകയാണ്. ഒരു ഭാഗത്ത് അഹ്മദികളുടെ സംഘം അവർ വെള്ള വസ്ത്രമാണ് ധരിച്ചിട്ടുള്ളത്. മറുഭാഗം ഞങ്ങളുടെ സംഘം. അവർ വിവിധനിറങ്ങളിലുള്ള വസ്ത്രങ്ങളാണ് ധരിച്ചിട്ടുള്ളത്. അപ്പോൾ ഇരു സംഘവും പരസ്പരം സംവാദം നടത്തുക എന്ന ശബ്ദം കേൾക്കുന്നു. സംവാദം തുടങ്ങുമ്പോൾ ഞങ്ങളുടെ കൈയിൽ തെളിവൊന്നുമില്ലാത്തതായി ഞാൻ കാണുന്നു. അങ്ങനെ വിധി അഹ്മദിയ്യാ ജമാഅത്തിന് അനുകൂലമായിട്ടുണ്ടാകുന്നു. ജിയാലു ഹുസയ്നീ സാഹിബ് പറയുന്നു, രണ്ടാം ദിവസം രാവിലെ അഹ്മദിയ്യാ ജമാഅത്തിന്റെ അടുത്തുവന്നു പറഞ്ഞു, അഹ്മദിയ്യത്ത് സത്യമായ ഇസ്‌ലാമാണെന്ന് എന്നിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ഞാൻ ജമാഅത്തിൽ ചേരുകയാണ്.

അൽബേനിയാ(Albania)യിലെ മുബല്ലിഗ് ഇൻചാർജ് എഴുതുന്നു: ജാഫീർ സാഹിബ് ബയ്അത്തു ചെയ്തു. 29 വയസ്സാണ്. ഇക്ണോമിക്സിൽ അദ്ദേഹം മാസ്റ്റർ ചെയ്തിട്ടുണ്ട്. ജമാഅത്തിനെ കുറിച്ച് അദ്ദേഹം ആദ്യം കേട്ടപ്പോൾ ഇന്റർനെറ്റിലുള്ള ജമാഅത്തിന്നെതിരിലെ സകല വാദങ്ങളും വായിച്ചു. തുടക്കത്തിൽത്തന്നെ മസ്ജിദിൽ വരുമ്പോൾ ഒരുപാട് ചോദ്യങ്ങൾ ചോദിക്കുമായിരുന്നു. അദ്ദേഹം പറയുന്നു: നമ്മുടെ നാഇബ് സ്വദ്ർ സാഹിബ് ബുജാർ റമാജ്(Bujar Ramaj) സാഹിബ് അദ്ദേഹവുമായി വിശദമായ ചർച്ച നടത്തി. തെളിവുകളോടുകൂടി അദ്ദേഹത്തിന്റെ ചോദ്യങ്ങൾക്ക് മറുപടി നല്കി. ആ യുവാവിനോടു പറഞ്ഞു: ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ ശ്രദ്ധയോടെ വായിക്കുക. അങ്ങനെ അദ്ദേഹം ഗ്രന്ഥങ്ങൾ വായിക്കാൻ തുടങ്ങി. മെല്ലെ മെല്ലെ അദ്ദേഹത്തിൽ യാഥാർഥ്യവും യഥാർഥ ഇസ്‌ലാമും വ്യക്തമാകാൻ തുടങ്ങി. അദ്ദേഹത്തിന്റെ സ്വഭാവത്തിലും മാറ്റം വരാൻ തുടങ്ങി. ഇപ്പോൾ എപ്പോൾ സംസാരിച്ചാലും മിർസാ സാഹിബ് എന്നു പറയുന്നതിനുപകരം അൽബേനിയായിൽ 'മെസയ്യ' എന്ന പദമാണ് പറയുന്നത്. ബയ്അത്തു ചെയ്യാൻ പറഞ്ഞു. അപ്പോൾ അദ്ദേഹം പറഞ്ഞു: എനിക്കു കൂടുതൽ അന്വേഷിക്കേണ്ടതുണ്ട്. അവസാനം അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ 'ഇസ്‌ലാം മത തത്ത്വജ്ഞാനത്തിന്റെ അൽബേനിയൻ തർജമ' വായിച്ചു. ആ ഗ്രന്ഥം അദ്ദേഹത്തിന് എത്രമാത്രം ഇഷ്ടപ്പെട്ടുവെന്നാൽ, രണ്ടു പ്രാവശ്യം ആദ്യംമുതൽ അവസാനംവരെ അത് വായിച്ചു. അതിന്നിടയിൽ അദ്ദേഹം സ്വപ്നത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ കണ്ടു. അതിൽ ഹുദൂർ(അ) അദ്ദേഹത്തിന് ഖിലാഫത്തുമായി ബന്ധപ്പെടാൻ സന്ദേശവും നല്കി. അതിനുശേഷം അദ്ദേഹം ബയ്അത്തു ചെയ്തു. ബയ്അത്തിനുശേഷം അദ്ദേഹം ജമാഅത്തിന്റെ അൽബേനിയൻ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന എല്ലാ പോസ്റ്റുകളും ശ്രദ്ധിച്ചു വായിച്ചു. അഹ്മദിയ്യാ ജമാഅത്തു പ്രസിദ്ധീകരിക്കുന്ന വിശുദ്ധഖുർആന്റെ ആയത്തുകളുടെ അൽബേനിയൻ ഭാഷയിലെ തഫ്സീർ എപ്പോഴും അക്ഷമയോടെ കാത്തിരുന്നു. ഇപ്രകാരം തന്നെ ജുമു അ ഖുത്ബകളും പ്രഭാഷണങ്ങളും പതിവായി കേൾക്കുന്നു.

**എതിരാളികളുടെ പ്രചാരണഫലമായി ബയ്അത്ത്:** ടൻസാനിയായിൽനിന്ന് റഊമ റീജ്യണിലെ ഒരു ജമാഅത്തിലെ മുഅല്ലിം വിവരിക്കുന്നു: നമ്മുടെ ഗ്രാമത്തിൽ വഹാബി കക്ഷിയുമായി ബന്ധം വെക്കുന്ന ഒരു മൗലവി കഴിഞ്ഞ വർഷം ജമാഅത്തിന്നെതിരിൽ വിദ്വേഷപരവും പ്രകോപനപരവുമായി നടപടി ആരംഭിച്ചു. തന്റെ ഖുത്ബകളിൽ ജമാഅത്തിന്നെതിരിൽ പ്രത്യേകിച്ചും ഹദ്റത്ത് മസീഹ് മൗഊദ്(അ)നെതിരിൽ വൃത്തികെട്ട ഭാഷ ഉപയോഗിച്ചു വ്യക്തിഹത്യ നടത്തി. അയാളുടെ സംസാരം എത്രമാത്രം വൃത്തികെട്ടതായിരുന്നുവെന്നാൽ, മസ്ജിദിൽ പോകുന്ന ചില അനഹ്മദി ജമാഅത്തിലെ സ്ത്രീകൾ മസ്ജിദിൽ പോകുന്നത് നിറുത്തി. ഈ എതിർപ് കാരണത്താൽ ആ സ്ത്രീകളിൽ ഒരാൾ ജമാഅത്തിനെക്കുറിച്ച് അന്വേഷിക്കാൻ തുടങ്ങി. അഹ്മദിയ്യത്ത് സത്യമാണെന്ന് അറിഞ്ഞ് ബയ്അത്തും ചെയ്തു. മറുഭാഗത്ത് മൗലവിയുടെ നിന്ദ്യതയും അപമാനവും ഏതുരീതിയിലുണ്ടായെന്നാൽ അയാൾ അസാന്മാർഗിക പ്രവർത്തിയിൽ പിടിക്കപ്പെട്ടു. അയാൾക്കുമേൽ ഗ്രാമവാസികൾ ശാപം ചൊരിഞ്ഞു. നീയാണ് ഞങ്ങൾക്ക് ദുഷ്പേരിന്നിടയാക്കിയതെന്ന് അവർ പറഞ്ഞു. ഇത്തരത്തിലുള്ള മറ്റു ചില സംഭവങ്ങളുമുണ്ട്.

ഫിജിയിലെ മുറബ്ബി സാഹിബ് എഴുതുന്നു: 'റാമ്പി' ഒരു ദ്വീപാണ്. അവിടം സന്ദർശിക്കാൻ ഭാഗ്യം കിട്ടി. പര്യടനത്തിന്നിടയിൽ ഞാൻ ഗ്രന്ഥങ്ങൾ വിതരണം ചെയ്തുകൊണ്ടിരിക്കുമ്പോൾ യൂറോപ്യൻകാരായ രണ്ടു ക്രൈസ്തവ പാതിരിമാരും വന്നു. അവരോടൊപ്പം ഒരു തദ്ദേശ ക്രൈസ്തവ കുടുംബവും ഉണ്ടായിരുന്നു. അവരുമായി തബ്ലീഗ് സംസാരം നടന്നു. അദ്ദേഹം പറയുന്നു. ഞാൻ ബൈബിളിൽനിന്ന് തൗഹീദും നബി(സ) തിരുമേനിയുടെ സത്യസാക്ഷ്യവും സ്ഥാപിച്ചപ്പോൾ ആ പാതിരിമാർക്ക് ഒന്നും സംസാരിക്കാൻ കഴിഞ്ഞില്ല. രണ്ടു പാതിരിമാരും തങ്ങളുടെ നാണക്കേടു മറയ്ക്കുന്നതിനുവേണ്ടി തിരക്കാണെന്ന് പറഞ്ഞ് മടങ്ങിപ്പോയി. അവർ പോയതിനുശേഷം ക്രൈസ്തവകുടുംബവുമായി സംസാരം നടന്നു. അവർ ഗോക്ക ക്രിസ്ത്യാനികളാണെന്ന് സംസാരത്തിൽ നിന്ന് മനസ്സിലായി പക്ഷേ, കുറച്ചുകാലമായി വിവിധ കക്ഷികളുടെ പ്രശ്നങ്ങൾ കാരണത്താൽ തികച്ചും മതത്തിൽനിന്ന് മാറിക്കഴിഞ്ഞിരുന്നു. അങ്ങനെ ആ കുടുബത്തിന് യഥാർഥ ഇസ്‌ലാമിനെ പരിചയപ്പെടുത്തിക്കൊടുത്തു. ജമാഅത്തിന്റെ ഗ്രന്ഥങ്ങളും കൊടുത്തു. ചോദ്യോത്തരപരിപാടിയും നടന്നു. അൽഹംദുലില്ലാഹ് ജമാഅത്തിന്റെ ഗ്രന്ഥങ്ങൾ വായിച്ചതിനുശേഷം അവർ ബയ്അത്തു ചെയ്തു.

തുടരും

(പേജ് 1ൽനിന്ന്)

നടക്കുക? അയാൾ മരിക്കുമ്പോൾ അയാളുടെ മക്കളുടെ പ്രശ്നം മുമ്പിൽ വരുന്നു. അപ്പോൾ ഒരാൾ പറയും, 'കുട്ടിയെ വളർത്താൻ എനിക്ക് ആഗ്രഹമുണ്ട്. പക്ഷേ, എന്താണ് ചെയ്യുക? എനിക്കാണെങ്കിൽ വലിയ ഭാരമാണുള്ളത്.' രണ്ടാമൻ പറയും, 'ഞാനും ഉദ്ദേശിച്ചത് അതുതന്നെയാണ്. എന്നാൽ, ഒരുപാടു ബുദ്ധിമുട്ടുകളുണ്ട്. എന്തു ചെയ്യാനാണ്?' മൂന്നാമൻ പറയും, 'ഞാനും ഈ പുണ്യം കരസ്ഥമാക്കാനാഗ്രഹിക്കുന്നുണ്ട് പക്ഷേ, വളരെ നിർബന്ധിതാവസ്ഥയിലാണ് ഇപ്പോഴുള്ളത്.' ഇങ്ങനെ ഓരോരുത്തരായി ആ ഭാരത്തിൽനിന്ന് ഓടാൻ ശ്രമിക്കുന്നു. പക്ഷേ, സ്വഹാബാക്കളിൽ ഇക്കാര്യമുണ്ടായിരുന്നില്ല. അവർ സന്തോഷത്തോടെ ഈ പുണ്യം കരസ്ഥമാക്കാൻ ശ്രമിച്ചിരുന്നു. ഒരു ജനതയിൽ ഈ വികാരമുണ്ടാകുകയും അവർ അനാഥരേയും അശരണരേയും സംരക്ഷിക്കാൻ തുടങ്ങുകയും അവരോടുള്ള ആദരവ് സമൂഹത്തിലെ അംഗങ്ങളുടെ മനസ്സുകളിലുണ്ടാകുയും അവരുടെ സംരക്ഷണത്തിൽ ശാന്തിയും സമാധാനവും ഉണ്ടാകുകയും സ്വന്തം മക്കളെപ്പോലെ ആ അനാഥരെ മനസ്സിലാക്കുകയും ചെയ്താൽ ആ നേരത്ത് ഈമാൻ കൂടാതെയും ആ ജനത ധീരരായിത്തീരുന്നതായിരിക്കും. അതിനോടൊപ്പം ആർക്കെങ്കിലും മരണശേഷമുള്ള ജീവിതത്തിൽ വിശ്വാസമുണ്ടാകുകയും ജീവനുള്ള ദൈവത്തിൽ തവക്കുലുണ്ടാകുകയും ചെയ്താൽ, പിന്നെ ആ രണ്ടു കാര്യങ്ങളും കൂടിച്ചേർന്ന് അവന്റെ മനസ്സിനെ എത്രമാത്രം ശക്തമാക്കുമെന്നാൽ, മരണഭയം അവന്റെ അടുത്തുതന്നെ വരികയില്ല. യൂറോപ്യൻ ജനതകളിൽ നമ്മുടെ ധീരത പ്രകടമാകുന്നെങ്കിൽ, അതിന്റെ ഒരു കാരണം, തങ്ങൾ മരിച്ചാൽ തങ്ങളുടെ ജനത അനാഥരേയും വിധവകളേയും സംരക്ഷിക്കുമെന്നുള്ള ബോധം യുവാക്കളുടെ ഉള്ളിലുണ്ടാകുന്നു എന്നതാണ്. ഇക്കാരണത്താലാണ് മരണാസന്നരാകുന്നവർ മരണത്തെ അല്പം പോലും ഗൗനിക്കാത്തത്. അവൻ പോകുകയും തന്റെ ജീവൻ നല്കുകയും ചെയ്യുന്നു. ഈമാൻ മറ്റൊരു കാര്യമാണ്. അല്ലാഹുവിന്റെ നബിയിൽ ചൂടോടുകൂടി വിശ്വസിക്കാൻ ഭാഗ്യം കിട്ടുന്നവർക്കാണ് അത് അധികവും കരസ്ഥമാകുന്നത്. എന്നാൽ, സാമൂഹികമായ സ്വഭാവം ഈ രീതിയിൽ ഈമാനികശക്തി കൂടാതെയും ജനതയിലെ അംഗങ്ങളെ ധീരരും നിർഭയരുമാക്കിത്തീർക്കുന്നു.**(തഫ്സീറെ കബീർ**, **വാള്യം 2**, **പേജ് 497–498**, **ഖാദിയാൻ 2010)**

★★★

## തിരുനബിയുടെ തിരുമൊഴികൾ:

***അബൂഹുറയ്റ(റ)നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: 'നമസ്കാരത്തിൽ ഇമാമിനുമുമ്പേ തല ഉയർത്തുന്നവന്, അല്ലാഹു അവന്റെ രൂപം കഴുതയുടെ രൂപമാക്കിമാറ്റുന്നതിൽനിന്ന് എന്ത് നിർഭയത്വമാണുള്ളത്?'(മുസ്‌ലിം, ഹദീഥ് 291)***

**ത്വാലിബെ ദുആ:**
**K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

## തിരുനബിയുടെ തിരുമൊഴികൾ:

**അബൂഹുറയ്റ നിവേദനം. നബി(സ) പറഞ്ഞു: 'അടിമ തന്റെ രക്ഷിതാവിനോടു ഏറ്റവും കൂടുതൽ അടുക്കുന്നത് അവൻ സുജൂദിലായിരിക്കുമ്പോഴാണ്. അതിനാൽ (അതിൽ) നിങ്ങൾ പ്രാർഥന വർധിപ്പിക്കുവിൻ.'(മുസ്‌ലിം, ഹദീഥ് 298)**

**ത്വാലിബെ ദുആ:**
**K.Muhammad Safwan & Family**
**Ahmadiyya Jama-ath Kakkanad, Kerala**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin